# സ്നേഹദീപം

**പള്ളിക്കര സെന്റ് മേരീസ് കത്തീഡ്രൽ യൂത്ത് അസ്സോസിയേഷൻ പ്രസിദ്ധീകരണം**


## ADVISORY BOARD

**Rev. Fr. Babu Varghese**
(President)

**Sri. K.K. Alias**
(Trustee)

**Sri. V.J. Issac**
(Trustee)

**Sri. K.V. Jacob**
(H.M. St. Mary's Sunday School)

**Smt. Sany Elias**
(Secretary, Vanitha Samagam)

**Sri. Akhil Shaju**
(Secretary, Students Movement)

## EDITORIAL BOARD

| | | |
|---|---|---|
| Chairman | - | **Rev. Fr. Babu Varghese** |
| Vice Chairman | - | **Rev. Fr. C.P. Varghese** |
| Chief Editor | - | **Rev. Fr. Eldhose Thelappillil** |
| Editor | - | **Sri. Akhil Shaju** |
| Secretary | - | **Sri. Thomas N. P.** |
| Members | - | **Sri. Mathew George** |
| | - | **Sri. Sabu Varghese** |
| | - | **Sri. Baby Paul** |
| | - | **Sri. Arun Issac** |





## താളുകൾ മറിക്കുമ്പോൾ....


| | | പേജ് |
|---|---|---|
| 1. | എഡിറ്റോറിയൽ | 3 |
| 2. | നഷ്ടപ്പെട്ട നമ്മുടെ..... | 5 |
| 3. | മനുഷ്യാ നീ....... | 7 |
| 4. | സുറിയാനി സഭയുടെ...... | 9 |
| 5. | മനഃശാന്തി നേടാൻ | 11 |
| 6. | ജനമൈത്രി പോലീസും..... | 17 |
| 7. | ദൈവസഖിത്വം | 19 |
| 8. | ജീവിതം ഈ വിധം | 23 |
| 9. | ഇടവക ജനങ്ങൾക്ക് ........ | 25 |
| 10. | കത്തീഡ്രലിന്റെ അഭിമാനമായ..... | 27 |
| 11. | ക്രിസ്തു യേശുവിലുള്ള............. | 29 |
| 12. | സെന്റ് മേരീസ്....... | 31 |
| 13. | വേദപാഠം പ്രശ്നോത്തരി | 32 |
| 14. | വാർത്തകൾ വിശേഷങ്ങൾ | 47 |
| 15. | വി. ഗീവർഗീസ് സഹദാ | 50 |
| 16. | കഥകൾ, കവിതകൾ | 51 |
| 17. | നന്ദി | 56 |

# 20-ാമത് പള്ളിക്കര കൺവെൻഷന്റെ ധന്യ മുഹൂർത്തങ്ങൾ












**യൂത്ത് അസ്സോസിയേഷൻ പ്രവർത്തകർ വെട്ടിക്കൽ സെമിനാരി സന്ദർശന വേളയിൽ മാത്യൂസ് മോർ അന്തിമോസ് തിരുമേനിയോടൊപ്പം**





# എഡിറ്റോറിയൽ



ഫാ. എൽദോസ് തേലപ്പിള്ളിൽ
ചീഫ് എഡിറ്റർ

ജീവിത സാഗരത്തിൽ ആരൊക്കെ നിങ്ങളെ അനുകൂലിക്കുമെന്നോ ആരൊക്കെ പ്രതികൂലിക്കുമെന്നോ വ്യാകുലപ്പെടേണ്ട ആവശ്യമില്ല. പകരം ഒരു നല്ല മനസ്സാക്ഷിയുണ്ടാകാൻ പരിശ്രമിക്കുക. സകലത്തിലും ദൈവവുമായി ആലോചനചെയ്യുവാൻ പരിശ്രമിക്കുക. വിനയത്തോടെ വിധേയപ്പെടുന്ന മനുഷ്യനെയാണ് ദൈവം സഹായിക്കുക. മനുഷ്യരിൽ ആശ്രയിക്കുമ്പോൾ, ചിലപ്പോഴൊക്കെ അവർ നമ്മോടൊപ്പം നിൽക്കും; മറ്റു ചിലപ്പോൾ തള്ളിപ്പറയും. എന്നാൽ ദൈവമാകട്ടെ അചഞ്ചലനാണ്. അവനോടുള്ള ഭക്തിയിലും, വിനയത്തിലും ജീവിക്കേണ്ടിയിരിക്കുന്നു. എന്നാൽ സ്വയത്തിലുള്ള ഔന്നത്യ ചിന്തയ്ക്കതീതമായി, സ്വയം താഴ്ത്തി, സ്നേഹവും സഹനവും മുഖമുദ്രയാക്കുമ്പോൾ, ബലഹീനതയിൽ ദൈവം താങ്ങായി വർത്തിക്കും. പരീക്ഷണങ്ങളിലൂടെയുള്ള ശോധനകൾ മനുഷ്യജീവിതത്തിന്റെ പൊതുവെയും, ആദ്ധ്യാത്മീകജീവിതത്തിലും അനിവാര്യമായതാണ്. നിത്യജീവിത്തിൽ വൈദ്യുത തടസ്സം മൂലം പ്രകാശം നഷ്ടമാകുമ്പോൾ അന്ധകാരത്തെ പഴിക്കുമെങ്കിലും നമുക്കറിയാം അല്പ സമയം കഴിയുമ്പോൾ വീണ്ടും പ്രകാശം തിരികെ വരുമെന്ന്.

ദൈവമാകട്ടെ കഷ്ടതകളിലും കൂടെയിരിക്കുന്ന ദൈവമാണ്. ഒരു പക്ഷേ നമ്മുടെ ഇച്ഛയ്ക്കൊത്ത് കാര്യങ്ങൾ നടക്കുന്നതിനേക്കാൾ കൂടുതൽ ഗുണം ചെയ്യുന്നത് ഇപ്രകാരം ശോധനചെയ്യപ്പെടുമ്പോഴാണ്. സുഖാനുഭവങ്ങളേക്കാൾ കൂടുതൽ പാഠങ്ങൾ നൽകാൻ കഴിയുന്നത് ദുഃഖാനുഭവങ്ങൾക്കാണ്. പൂഴിയാണെന്ന തിരിച്ചറിവിൽ സ്വയം വലിച്ച് താഴ്ത്തുമ്പോൾ, എടുത്തുയർത്തുന്ന ദൈവീക കരങ്ങൾ എത്ര ശ്രേഷ്ഠമാണ്. അതോടൊപ്പം തീവ്രമായ ഭക്തിയിൽ ചരിക്കുന്നതോടൊപ്പം അത് പ്രകടനപരമാകാതിരിപ്പാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോരുവനും ലഭിച്ച നൽവരങ്ങൾ പരിപാലിച്ച് ദൈവഹിതമനുസരിച്ച് ജീവിക്കുമ്പോൾ തന്നെ ലഭിച്ചതിനേക്കാളധികമായി തെളിയാതിരിക്കേണ്ടതിന് ജാഗ്രതയും ആവശ്യമാണ്. ഇപ്രകാരം വിനീത ഭാവത്തോടെ അടുത്ത് വരുന്നവരിൽ ദൈവപ്രസാദമുണ്ടാകും. പിച്ചക്കാരേപ്പോലെ പെരുമാറുന്ന മെച്ചക്കാരും മെച്ചക്കാരേപോലെ പെരുമാറുന്ന പിച്ചക്കാരുമുള്ള ഈ ലോകത്ത്, വിനീതരായിരിക്കാനുള്ള ഭാഗ്യത്തിനായി പ്രാർത്ഥിക്കാം.

സഹനങ്ങളോട് ചേർന്ന് നടക്കുന്നവരാണ് മലേക്കുരിശിലേക്ക് വന്നെത്തുന്നവരിൽ ഭൂരിഭാഗവും. കണ്ണുനീരോടെ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുന്ന മക്കൾക്ക് അഭയകേന്ദ്രമായ ഈ പുണ്യഭൂമിയിൽ തീർച്ചയായും ദൈവസാന്നിദ്ധ്യമുണ്ട്. മുത്തപ്പന്മാരുടെ പെരുന്നാളാഘോഷിക്കുമ്പോൾ, സ്നേഹമയിയായ ദൈവം, അവരുടെ മുഖം ആദരിച്ചുകൊണ്ട് വിനീതപ്പെട്ട് സമർപ്പണത്തോടെ കടന്നുവരുന്ന എല്ലാ ദൈവമക്കളെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കത്തീഡ്രലിന്റെ കീഴിൽ നടക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളെയും സമർപ്പിക്കാം.

11–ാമത് വർഷത്തിലേക്ക് കടക്കുന്ന സ്നേഹദീപത്തിന്റെ എല്ലാ വായനക്കാർക്കും, പ്രവർത്തകർക്കും, പെരുന്നാളിൽ സമർപ്പണത്തോടെ സംബന്ധിക്കുന്ന എല്ലാവർക്കും

സ്നേഹപൂർണ്ണമായ പെരുന്നാളാശംസകൾ.

# അലാഡിൻ

## ഫാമിലി റെസ്റ്റോറന്റ്

മോറയ്ക്കാല





**Ph : 0484 - 2260401, 9400030401, 9961944066**

പാർട്ടി ഓർഡറുകൾ സ്വീകരിക്കുന്നതാണ്.

• Kerala Meals • Biriyani • Chinese Dishes

# നഷ്ടപ്പെട്ട നമ്മുടെ മനുഷ്യത്വം വീണ്ടെടുക്കാം.....



ഫാ. ബാബു വർഗീസ്
വികാരി

നമ്മുടെ കർത്താവ് ഗലീലയിലെ കാനാവിൽ വച്ച് ചെയ്ത ഒരു അത്ഭുത പ്രവൃത്തി വി. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായം 47 മുതൽ 53 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കപ്പർന്നഹൂമിലെ രാജഭൃത്യന്റെ മരിപ്പാറായ മകനെയേശു സൗഖ്യമാക്കുന്നതാണ് ഈ സംഭവം. ഇവിടെ മകന്റെ സൗഖ്യത്തിന് വേണ്ടി അപേക്ഷിക്കുന്നയാൾ ദേശത്ത് പേരും ബഹുമതിയുമുള്ളവനും, രാജപ്രതിനിധി എന്ന നിലയിൽ അധികാരമുള്ള ഉദ്യോഗസ്ഥനുമാണ്. പ്രത്യേക പദവികളും, അവകാശങ്ങളും ഉള്ളവനും, സാധാരണ ജനങ്ങളിൽ നിന്നും അകന്ന് നിൽക്കുന്നവനും, അഹന്ത മുറ്റി നിൽക്കുന്നവനുമാണ്. യേശുവിന്റെ സൗഖ്യമാക്കുന്ന ശക്തിയെപ്പറ്റി മറ്റുള്ളവരിൽ നിന്ന് കേട്ടറിഞ്ഞ്, മരിപ്പാറായിക്കൊണ്ടിരിക്കുന്ന മകന്റെ സൗഖ്യത്തിന്നായി അപേക്ഷിച്ചുവാൻ അവൻ വരുന്നു. യേശുവിനെകണ്ട് സംസാരിച്ചു. തന്റെ മകൻ ജീവിച്ചിരിക്കുന്നുവെന്ന് ഉറപ്പ് ലഭിച്ചു. വന്ന നിലയിൽ നിന്നൊക്കെ വ്യത്യസ്തനായി മനുഷ്യനായിട്ടാണ് രാജഭൃത്യൻ യേശുവിന്റെ സന്നിധിയിൽ നിന്ന് മടങ്ങി പോകുന്നത്. യേശുവിന്റെ മുന്നിൽ നില്ക്കുമ്പോൾ നാം മനുഷ്യരാണെന്നുള്ള ബോധം നമുക്കുണ്ടാകുന്നു. യേശുവിന്റെ മുമ്പിൽ രാജാവെന്നോ, പ്രജയെന്നോ, ഉദ്യോഗസ്ഥനെന്നോ, ദാസനെന്നോ ഉള്ള വ്യത്യാസങ്ങളോ, തരംതിരിപ്പുകളൊ ഇല്ല. നമ്മുടെ വലുപ്പവും, അഹന്തയും യേശുവിന്റെ മുന്നിൽ ഒന്നുമില്ലാത്തതാകുന്നു. വലിയ ആളിന്റെ എളിമ കാണുമ്പോഴാണ്, ചെറിയവന്റെ വലുപ്പത്തിന്റെ നിസ്സാരത മനസ്സിലാക്കുന്നത്. മരിച്ചവർക്ക് ജീവൻ നൽകുന്നവന്റെ മഹത്വ സന്നിധിയിൽ നിൽക്കുമ്പോഴാണ്, നമ്മുടെ സ്ഥാനമാനങ്ങളുടേയും മറ്റും മൗഢ്യത എത്രയെന്ന് നാം അറിയുക.

ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ് നമ്മുടെ അശുദ്ധിയെ ബോദ്ധ്യപ്പെടുത്തുന്നത്. ബലവാനായ ദൈവത്തെപ്പറ്റി ചിന്തിക്കുമ്പോഴാണ്, നമ്മുടെ ബലഹീനതകൾ നാം തിരിച്ചറിയുന്നത്. ആയതുകൊണ്ട് ദൈവസന്നിധിയിൽ ചെന്ന് മടങ്ങുന്ന ഓരോ അവസരങ്ങളിലും നാം മനുഷ്യരായി തിരികെ പോരണം. യശയ്യാ, ദൈവസന്നിധിയിൽ നിൽക്കുമ്പോൾ തന്റെ അശുദ്ധിയെപ്പറ്റി ബോധവാനാകുന്നു.യ ിരമ്യ, െ ദെവത്തോട്സ ംസാരിക്കുമ്പോൾ താൻ ബാലനാണെന്നും, സംസാരിക്കുവാൻ അറിഞ്ഞുകൂടാത്തവനാണെന്നും ഏറ്റ് പറയുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത കണ്ടപ്പോൾ യെഹസ്ക്കിയേൽ കമിഴ്ന്ന് വീണു. സങ്കീർത്തനക്കാരൻ ദൈവസന്നിധിയിൽ നില്ക്കുമ്പോഴാണ് തന്റെ ലംഘനങ്ങളെപ്പറ്റി ബോധവാനാകുന്നത്. ആയതിനാൽ നമുക്ക് അനുതാപം ഉണ്ടാകുന്നത് ദൈവത്തിന്റെ ഈ ദിവ്യമായ സ്നേഹത്തിലൂടെയാണ്. നമ്മുടെ മാനുഷീകമായ ബലഹീനതകൾ തിരിച്ചറിയണമെങ്കിൽ ദൈവസന്നിധിയിൽ എത്തിയെങ്കിലേ സാധിക്കുകയുള്ളു. വിശുദ്ധ ആരാധനയിലും വചന ശുശ്രൂഷയിലും പങ്കാളികളാകുമ്പോൾ തിരിച്ചുവരവിന്റെ നല്ല അനുഭവങ്ങൾ നമ്മിൽ ഉണ്ടാകും.

''യേശു പറഞ്ഞ നാഴികയിൽ തന്നെ എന്ന് അപ്പൻ ഗ്രഹിച്ച് താനും കുടുബവും ഒക്കെയും വിശ്വസിച്ചു''.

രാജഭൃത്യൻ മനുഷ്യനായി എന്ന് മാത്രമല്ല താൻ ഒരു അപ്പനാണെന്ന കാര്യവും ഗ്രഹിച്ചു. യഥാർത്ഥ മനുഷ്യനാകുമ്പോൾ കുടുംബത്തോടുള്ള ഉത്തരവാദിത്വവും ഉണ്ടാകുന്നു. നമ്മുടെ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് കുടുംബം. അതിന്റെ ഭദ്രത സമൂഹത്തിന്റെ, ഇടവകയുടെ നിലനിൽപ്പിനാവശ്യമാണ്. ശിഥിലമായ കുടുംബങ്ങൾ വളരെയുണ്ട്. മാതാപിതാക്കളും മക്കളുമായുള്ള ബന്ധം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം. അന്യോന്യമുള്ള സ്നേഹവും, കരുതലും എപ്പോഴുമുണ്ടാകണം. മക്കളുടെ അനുഗ്രഹകരമായ ജീവിതം കണ്ട് സന്തോഷിക്കുവാൻ മാതാപിതാക്കൾക്ക് ഭാഗ്യമുണ്ടാകണം.

ഒരു ചിന്തകന്റെ വാക്കുകൾ ശ്രദ്ധിക്കുക. ''നാം ആരും ഈ ലോകത്തിലേക്ക് അബദ്ധവശാൽ വന്നവരല്ല. ജീവിത വിരുന്നിലേക്ക് ക്ഷണിക്കപ്പെട്ട അതിഥികളാണ്. നമ്മെ ക്ഷണിച്ച ആതിഥേയൻ ലുബ്ധനൊന്നുമല്ല. സമൃദ്ധിയിൽ നിന്നും സമൃദ്ധിയിലേക്ക് വഴി നടത്തുന്നവനാണ്''. അവൻ യേശുവാണ്.

പള്ളിക്കരമ ലേക്കുരിശ്പ ള്ളിയിൽ,േ മാർ തോമാശ്ലീഹായുടേയും, മോർ ഗീവർഗീസ് സഹദായുടേയും, ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് ബാവായുടേയും ഓർമ്മ പെരുന്നാൾ ആഘോഷിക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന **'സ്നേഹദീപം'** ഏവർക്കും വിജ്ഞാനപ്രദമായി തീരട്ടെ എന്ന് ആശംസിക്കുന്നു. വിശുദ്ധന്മാരുടെ പെരുന്നാളിൽ സംബന്ധിച്ച് പുതിയ ഒരു അനുഭവത്തിലേക്ക് നമുക്കു പ്രവേശിക്കാം.


Chinnu's
Beauty care A/C
Cosmetics, Gold plated ornaments,
Foot wares & Bags (Ladies & Kids)
MORAKKALA, KUMARAPURAM P.O.
Ph : 0484 2684343, 9995375767
സെന്റ് മേരീസ് H.S.S. ന് പടിഞ്ഞാറ് വശം
Make Up & Bridal Make Up
(We are Using-Lakme, Revlon,
Kryolan, Derma, Mac, Maybelline....
National & International Products only)

# മനുഷ്യാ നീ ദൈവത്തിന്റെ. ആലയമാണ്....



**ഫാ. സി. പി. വർഗീസ്**
സഹവികാരി

**വി.** പൗലോസ് പറയുന്നു "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ ? ദൈവത്തിന്റെ മന്ദിരംന ശിപ്പിക്കുന്നവനെദൈവംന ശിപ്പിക്കും,ു ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെതന്നെ" (1 കോ: 3:16–17) വീണ്ടും 1:6–19 ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ തന്താങ്ങൾക്കു ഉള്ളവരല്ല എന്നും അറിയുന്നില്ലയോ?

ആത്മീയ സൗഭാഗ്യം നഷ്ടപ്പെട്ടു പോയെന്ന് തോന്നുന്ന മനുഷ്യർ ചിന്തിക്കേണ്ട വചനമാണിത്. ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് പ്രാഗത്ഭ്യമില്ല, പ്രാർത്ഥനയിൽ തീ ഇറങ്ങുന്ന അനുഭവമില്ല, ആരാധനയിൽ ഹൃദയം സമാധാനത്തിൽ ലയിക്കുന്നില്ല, കുടുംബ യോഗങ്ങളിലും, കൂട്ടായ്മയിലും സംബന്ധിപ്പാൻ മടി, വചനം കേൾക്കാനും, വായിക്കാനും മടി, പള്ളിയിൽ പോകാൻ മടി. എന്നാൽ പണ്ട് ഈ കാര്യങ്ങളിലെല്ലാം നല്ല ലഹരിയും ആനന്ദവും ഉണ്ടായിരുന്നത് ഇപ്പോൾ ഓർമ്മയിൽ മാത്രം.

ജോലിത്തിരക്കും, ബദ്ധപ്പാടുകളും പലതും നമുക്കു പറവാനുണ്ടാകും. രോഗം വന്നാൽ നാം എന്തെല്ലാം ത്യാഗങ്ങൾ സഹിച്ച് സകലതും നിവർത്തിക്കുന്നു. എന്നാൽ ആരാധനയ്ക്കു മാത്രം അലസത. ഈ ലക്ഷണങ്ങളെല്ലാം ആത്മീയ വീഴ്ചയുടെ പ്രകടമായ തെളിവുകളാണ്. ഈ അവസ്ഥയിൽ വീണു പോയ സ്ഥാനത്തേക്ക് മടങ്ങിച്ചെന്ന് നഷ്ടപ്പെട്ട എരിവും സന്തോഷവും തിരികെ പ്രാപിക്കുകയാണ് വേണ്ടത്.

വി. ഗ്രന്ഥത്തിൽ 2 ദിന:29–36 ഈ ഭാഗം സ്പഷ്ടമാക്കുകയാണ് "ഇങ്ങനെയഹോവായുടെ ആലയത്തിലെ ആരാധനയഥാസ്ഥാനത്തായി". യഹൂദാ രാജാവായ ആഹാസ് ദൈവവഴിയിൽ നടക്കാതെ ദൈവത്തെ കോപിപ്പിച്ച രാജാവായിരുന്നു. ആഹാസ് ദേവാലയത്തിലെ ഉപകരണങ്ങൾ എടുത്ത് ഉടച്ചു. ആലയത്തിന്റെ വാതിലുകൾ അടച്ചു കളഞ്ഞു. യരൂശലേമിന്റെ ഓരോ മൂലയിലും ബലിപീഠങ്ങൾ ഉണ്ടാക്കി. അന്യദേവന്മാർക്കു ധൂപം കാട്ടി. വിഗ്രഹാരാധനനടത്തി.ത ന്റെപ ിതാക്കന്മാരുടെ ദൈവമായ യഹോവായെ കോപിപ്പിച്ചു.

എന്നാൽ ആഹാസിന്റെ മകനായ ഹിസ്ക്കിയാവിന്റെ കാലത്ത് യഹോവായുടെ ആലയത്തിലെ ആരാധനയഥാസ്ഥാനത്തായി. എങ്ങനെയാണ് ഹിസക്കിയാവ് ആരാധനയഥാസ്ഥാനത്താക്കിയതെന്ന് തിരുവചനം വ്യക്തമായി പറയുന്നു.

1. ഹിസ്ക്കിയാവ് തന്റെ വാഴ്ചയുടെ ഒന്നാം മാസത്തിൽ യഹോവായുടെ ആലയത്തിന്റെ വാതിലുകൾ തുറന്നു (2 ദിന: 29–3). അടഞ്ഞ വാതിലുകൾ തുറക്കുന്നതാണ് ഒന്നാമത്തെ കാര്യം. അനേകം ജീവിതങ്ങൾ മൂഢ വിശ്വാസങ്ങളാൽ അടഞ്ഞിരിക്കുകയാണ്. നമ്മുടെ പരിശുദ്ധ പിതാക്കന്മാർ കല്പിച്ചിരിക്കുന്നതുപോലെ സത്യദൈവത്തെ "സത്യം കൊണ്ടും ആത്മാവുകൊണ്ടും ആരാധിക്കണം". ഇങ്ങനെയുള്ള ആരാധകരെയാണ് ദൈവത്തിനാവശ്യം. ഞാൻ ധരിച്ചു വച്ചിരിക്കുന്നതുമാത്രം ശരി. മറ്റാരു പറഞ്ഞാലും തെറ്റ് എന്ന ആത്മീയ അഹങ്കാരവും വാതിലുകൾ അടച്ചു കളയുന്നു.

**2.അറ്റകുറ്റം തീർത്തു 29:3**

ദൈവാലയത്തിന് ഒട്ടേറെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പല ഭാഗങ്ങളും ചിതലരിച്ചും, തുരുമ്പിച്ചും പോയിട്ടുണ്ട്. ജീവിതത്തിൽ പല ദുശ്ശീലങ്ങളും നിമിത്തം പല കേടുപാടുകളും വന്നു പോയി. മദ്യപാനം കൊണ്ട് ശരീരത്തിൽ കേടു വന്നു. സാമ്പത്തീക അധഃപതനം സംഭവിച്ചു. കുടുംബ സമാധാനം നശിച്ചു. ബന്ധങ്ങൾ തകർന്നു. വ്യവഹാരം, വ്യഭിചാരം, മോഷണം. കലഹം, കോപം, ചീട്ടുകളി, ചൂതുകളി, വെറിക്കൂത്ത്, വഷളായ കൂട്ടുകെട്ട് ആദിയായ അനർത്ഥങ്ങളാൽ അനേക ജീവിതം തകർന്ന് അഴിക്കാനാവാത്ത കുരുക്കുകളിൽ കുടുങ്ങിക്കിടക്കുന്നു. നീ വിശ്വസിക്കൂ, യേശുവിന് അഴിക്കാൻ പറ്റാത്ത ഒരു കുരുക്കുമില്ല. അവന് കഴുകാൻ പറ്റാത്ത ഒരു പാപവുമില്ല. അവന്റെ രക്തം നിന്റെ സകല കലഹവും പോക്കി ശുദ്ധീകരിക്കുന്നു.

**3. ആലയം വിശുദ്ധീകരിച്ചു 29:17**

രാജാവു പുരോഹിതന്മാരേയും ലേവ്യരേയും വരുത്തി അവരോടു പറഞ്ഞു. ആലയം ശുദ്ധീകരിക്കണമെങ്കിൽ ആദ്യം ശുശ്രൂഷകന്മാർ ശുദ്ധീകരിക്കപ്പെടണം. യശയ്യ 52:11 "വിട്ടുപോരുവിൻ, വിട്ടുപോരുവിൻ, അവിടെനിന്ന് പുറപ്പെട്ടു പോരുവിൻ, അശുദ്ധമായതൊന്നും തൊടരുത്. അതിന്റെ നടുവിൽ നിന്ന് പുറപ്പെട്ടു പോരുവിൻ. യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ". ലേവ്യർ എഴുന്നേറ്റു യഹോവയുടെ വചനപ്രകാരം രാജകല്പനഅനുസരിച്ച് 8 ദിവസം കൊണ്ട് ആലയം ശുദ്ധീകരിച്ചു.

4. ഹിസ്ക്കിയാവ് യാഗപീഠത്തിൽ ഹോമയാഗം കഴിപ്പാൻ കല്പിച്ചു. ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ സകലവും യാഗമായി സമർപ്പിക്കണം.

5. ഹിസ്ക്കിയാവ് യഹോവയ്ക്ക് സ്തോത്രം ചെയ്യുവാൻ കല്പിച്ചു. "അവർ സന്തോഷത്തോടെ സ്തോത്രം ചെയ്ത് തലകുനിച്ച് നമസ്ക്കരിച്ചു" 29:30.

നമ്മുടെ മുടങ്ങിപ്പോയ ആരാധന യഥാസ്ഥാനത്താകണമെങ്കിൽ ഈ അഞ്ചു പടികളും നാം കടക്കണം. വാതിൽ തുറന്ന് അറ്റകുറ്റപ്പണി തീർത്ത്, ശുദ്ധീകരിച്ച്, യാഗം കഴിച്ചാൽ സ്തോത്രമെന്ന ആരാധനയഥാസ്ഥാനത്താകും. എങ്കിൽ നിന്നെ സ്നേഹിക്കുന്ന ക്രിസ്തുവിന്റെ മുമ്പിൽ നിന്റെ ഹൃദയം നീ തുറക്കുക. നിന്റെ ഹൃദയത്തെ ശുദ്ധീകരിപ്പാൻ ക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തത്തിൽ ആശ്രയിക്കുക. നിന്നെത്തന്നെ യാഗമായി സമർപ്പിക്കുക. പാപമോചനത്തിന്റെ സൗഖ്യം അനുഭവിച്ചുകൊണ്ട് ക്രിസ്തുവിനെസ്തുതിപ്പാൻ തുടങ്ങുക.

ദൈവം നമ്മെ ഭാഗ്യത്തിലേക്ക് നടത്തട്ടെ.


JSC Creations
പെസഹാ വ്യാഴാഴ്ച
കാൽകഴുകൽ ശുശ്രൂഷ ഗീതങ്ങൾ
AUDIO CD
JSC Creations
ബലി
ദുഃഖ വെള്ളിയാഴ്ച്ച ശുശ്രൂഷ ഗീതങ്ങൾ
AUDIO CD
JSC Creations
ദിവ്യപ്രഭ
ജനനപ്പെരുന്നാൾ ശുശ്രൂഷ ഗീതങ്ങൾ
MP3
കോപ്പികൾക്ക്
M.D.
Jacobite Syrian Christian Church
Book Stall
Patriarchal Centre, Puthencruz - 682 308
Phone : 0484 3299030, www.mdbookstall.com, email - mdbookstall@yahoo.com


വിപുലമായ ശേഖരം... മിതമായ വിലയിൽ...
ബെൻ
ഹോം അപ്ലയൻസസ്
പള്ളിക്കര
സമ്മർ ഓഫർ
മിതമായ തവണ വ്യവസ്ഥയിൽ ഗൃഹോപകരണങ്ങളും ഫർണ്ണിച്ചറുകളും സ്വന്തമാക്കൂ...
വൺ ടൺ എ.സി.
₹ 16990/-
ഇൻസ്റ്റലേഷൻ 'ഫ്രീ'
പെഡസ്റ്റൽ ഫാൻ with ടൈമർ
₹ 1790/-
CFL 'ഫ്രീ'
കൂളർ
₹ 4990/-
അയേൺ ബോക്സ് 'ഫ്രീ'
ഇൻഡക്ഷൻ കുക്കർ
₹ 2990/-
3 Ltr കുക്കർ + ഫ്രൈപാൻ
സ്റ്റീൽ ബൗൾ 'ഫ്രീ'
ഫ്രിഡ്ജ്
₹ 8990/-
ഫ്രീ ഗിഫ്റ്റ്
ഡബിൾ സിം with ക്യാമറ മൊബൈൽ
₹ 1490/
2 ജി.ബി. മെമ്മറി കാർഡ് 'ഫ്രീ'
നിങ്ങളുടെ പഴയ ഗൃഹോപകരണങ്ങളും ഫർണ്ണിച്ചറുകളും കൊണ്ടുവരൂ..
എക്സ്ചേഞ്ച് ഓഫറിലൂടെ പുതിയവ സ്വന്തമാക്കൂ..
ബെൻ
ഹോം അപ്ലയൻസസ്
പള്ളിക്കര, Ph : 9895331656
ബെൻ
ഫർണ്ണിച്ചർ ഗാലറി
പള്ളിക്കര, Ph : 9895677046

# സുറിയാനി സഭയുടെ വിദ്യാഭ്യാസ വിപ്ലവം



**ഫാ. ഷിബു ചെറിയാൻ**
M.S.O.T. വൈദിക സെമിനാരി, വെട്ടിക്കൽ

വിവേകാനന്ദൻ കേരളത്തെ വിളിച്ചു ഒരു ഭ്രാന്താലയം. തീണ്ടലും തൊടീലും അയിത്തവും ഒരു വശത്ത്. കടുത്ത ദാരിദ്ര്യം വേറൊരു ഭാഗത്ത്. ദാരിദ്ര്യം വളർത്തുന്ന ഭരണകൂടം മറ്റൊരു ഭാഗത്ത്. അപൂർവ്വം സംവർണ്ണർക്കു മാത്രം ലഭ്യമായിരുന്ന പ്രാകൃതമായ വിദ്യാഭ്യാസം ഒരു വശത്ത്. കടുത്ത നിരക്ഷരത മറുവശത്ത്. ഈ കേരളത്തിന്റെ നവോത്ഥാനത്തിന് ക്രൈസ്തവസഭയുടെ സംഭാവനഎന്തായിരുന്നു ? കേരള സമൂഹത്തിന്റെ വളർച്ചക്ക് സുറിയാനിസഭയുടെ ഉദ്യമങ്ങൾ എന്തെല്ലാമായിരുന്നു ? ഈ ചരിത്രത്തിൽ പള്ളിക്കര പള്ളിയുടെ സ്ഥാനമെന്ത് ? പള്ളിക്കരയിൽ ആദ്യത്തെ സ്ക്കൂൾ ആര് എന്ന് ആരംഭിച്ചു ? അറിഞ്ഞിരിക്കേണ്ടതും അന്വേഷിക്കേണ്ടതുമായ ചോദ്യങ്ങളാണിവ.

അൽപം ചില കുടുംബങ്ങളെ ഒഴിവാക്കിയാൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ 17-19 നൂറ്റാണ്ടുകളിൽ ദാരിദ്ര്യത്തിലാണ് കഴിഞ്ഞുവന്നിരുന്നത്. തിരുവിതാംകൂറിലേയും,െ കാച്ചിയിലേയുംഅ തിഭീകരമായ നികുതി ഘടനയും, ജാതി വ്യവസ്ഥയുമായിരുന്നു ദാരിദ്ര്യത്തിന്റെ അടിസ്ഥാനം. സമ്പത്തു മുഴുവൻ കയ്യടക്കി വച്ചിരുന്ന ബ്രാഹ്മണർക്കും, ക്ഷേത്രങ്ങൾക്കും നികുതി ബാധകമായിരുന്നില്ല. പലവരി, തലവരി, മൂലവരി എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത നികുതികൾ കീഴ്ജാതിക്കാർ കൊടുക്കണമായിരുന്നു. കൂടാതെ ക്ഷേത്രങ്ങൾക്കും രാജ്യത്തിനും വേണ്ടി ക്രൈസ്തവരും ശുദ്ധരിൽ താഴെയുള്ള ഹിന്ദുക്കളും ചെയ്തു കൊടുത്തിരുന്ന വേലക്ക് ഊഴിയം എന്നു പേരു പറഞ്ഞ് കൂലിയും നിഷേധിച്ചിരുന്നു.

എന്നാൽ ഇപ്രകാരം പിരിച്ചെടുക്കുന്ന പണമൊന്നും ജനത്തിന് പ്രയോജനപ്പെട്ടിരുന്നില്ല. 30 ശതമാനത്തിൽ അധികം പണം ക്ഷേത്രങ്ങളുടെ ചിലവിനായും ബ്രാഹ്മണർക്ക് ദാനം ചെയ്യുന്നതിനായും ചിലവാക്കിയിരുന്നു. തിരുവാതാംകൂർ രാജാക്കന്മാർ സ്ഥാനാരോഹണം ചെയ്യുമ്പോൾ ക്ഷത്രിയത്വം നേടുന്നതിനുവേണ്ടി അനുഷ്ഠിക്കുന്ന കർമ്മങ്ങൾക്ക് കപ്പം കൊടുക്കാൻ വേണ്ട തുക 4,00,000 (നാലു ലക്ഷം) രൂപയും നീക്കിക്കഴിഞ്ഞാൽ പിന്നെ കാര്യമായി ഒന്നുമുണ്ടായിരുന്നില്ല.

അംഗസംഖ്യയിൽ അത്ര ചെറുതായിരുന്നില്ല സുറിയാനി സഭ. കൂദാശാനുഷ്ടാനവും, സുറിയാനിയും മാത്രം പഠിച്ചിരുന്ന വൈദീകർക്ക് ഈ വലിയ സമൂഹത്തെ നേരാം വണ്ണം നടത്താനോ ഒരു നവോത്ഥാനത്തിലേക്ക് നയിക്കാനോ കഴിഞ്ഞില്ല. വിദ്യാഭ്യാസമില്ലാത്ത വൈദീകരും, അൽമായരും ചേർന്ന സുറിയാനി സമൂഹത്തിന് സ്വയം ഉയരാനോ, ഊഴിയം, അനിയന്ത്രിതമായന ികുതി,ജ ാത്യാചാരങ്ങൾത ുടങ്ങിയ അനാചാരങ്ങൾക്കെതിരെ ശബ്ദിക്കാനോ കഴിഞ്ഞില്ല. അധഃപ്പതനത്തിൽ നിന്ന് അധഃപ്പതനത്തിലേക്ക് എന്നതായിരുന്നു സുറിയാനി സമൂഹത്തിന്റെ സാമ്പത്തീക സാമൂഹീകാവസ്ഥ. വേദപുസ്തകമോ, സഭയുടെ വിശ്വാസങ്ങളോ വൈദീകർ പോലും കാര്യമായി പഠിച്ചിരുന്നില്ല.

1813 മുതൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ നേതൃത്വത്തിൽ ധീരമായ ചില നീക്കങ്ങൾ സുറിയാനി സഭയുടേയും സഭാമക്കളുടേയും വളർച്ചയ്ക്കു വേണ്ടി നടത്തി. വിജ്ഞാനത്തിലൂടെ വളർച്ച എന്നതായിരുന്നു നയം. ഇംഗ്ലീഷ് മിഷനറിമാരും ഇട്ടൂപ്പ് റമ്പാന് (പിന്നീട് പുലിക്കോട്ടിൽ ദിവന്നാസിയോസ് II) നല്ല പിന്തുണയും സഹായവും നല്കി. മീനച്ചിലാറിന്റെ തീരത്ത് ഒരു കോളേജ് സ്ഥാപിക്കുന്നതിനുള്ള സ്ഥലവും, തടിയും, 500 രൂപയും റാണി ലക്ഷമി ഭായി നല്കി. സുറിയാനി സഭ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ പലിശക്കിട്ടിരുന്ന വട്ടിപ്പണത്തിന്റെ 4 വർഷത്തെ പലിശ 3,360 രൂപ സഭയുടെ വകയായിട്ടെടുത്തു. 1815 ൽ പണി മുക്കാലും പൂർത്തിയാക്കി. വൈദീകർക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചു. വൈദീകരുടെ അറിവും, കഴിവും സഭയുടേയും, സമൂഹത്തിന്റെയും വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് പുലിക്കോട്ടിൽ തിരുമേനിക്കറിയാമായിരുന്നു. വൈദീകനേതൃത്വം അധഃപ്പതിച്ചപ്പോഴെല്ലാംസ മൂഹവുംഅ ധഃപ്പതിച്ചതിന്ച രിത്രത്തിൽ ഉദാഹരണങ്ങൾ ധാരാളം. പഠിത്ത വീട് എന്ന് നാട്ടുകാർ ഈ കോളേജിനെവിളിച്ചു. സുറിയാനി സഭയുടെ ഈ സ്ഥാപനമാണ് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ തറവാട്. പിന്നീട് പഴയ സെമിനാരി, സി.എം.എസ്. കോളേജ് എന്നിങ്ങനെരണ്ടു സ്ഥാപനങ്ങളായി അതു വളർന്നു. 1816 ൽ ഇവിടെ 25 വൈദീക വിദ്യാർത്ഥികൾ പഠിച്ചിരുന്നു. വൈദീകരാക്കുന്നതിന് കേളേജ് വിദ്യാഭ്യാസം പുലിക്കോട്ടിൽ തിരുമേനി നിർബന്ധമാക്കി.

ആദ്യം മുതലെ സംസ്കൃതം, മലയാളം, ഹീബ്രു, ഗ്രീക്ക്, സുറിയാനി എന്നിവ ഇവിടെ പഠിപ്പിച്ചിരുന്നു. മോശ ഇസാർഫതി എന്ന യഹൂദ പണ്ഡിതനായിരുന്ന ഹീബ്രു, ഗ്രീക്ക് ഭാഷകൾ കൈകാര്യം ചെയ്തിരുന്നത്. 1818 ൽ വൈദീക പഠനത്തിനു പുറമെ മറ്റു വിഷയങ്ങളും കോളേജിൽ ആരംഭിച്ചു. ഭക്ഷണവും, താമസവും എല്ലാവർക്കും സൗജന്യമായിരുന്നു. 1817 ൽ റാണി പാർവ്വതിഭായി 21,000 (ഇരുപത്തോരായിരം രൂപ) രൂപ കോളേജിന് സംഭാവനനല്കി. ഇതൊരു അതിഭീമമായ തുകയായിരുന്നു. അന്ന് ഒരു രൂപയ്ക്ക് ഒരാൾക്ക് ഒരു മാസത്തേയ്ക്കു വേണ്ട അരി ലഭിക്കുമായിരുന്നു.

റാണിയുടെ സാമ്പത്തീക സഹായവും റസിഡന്റും ദിവാനുമായിരുന്ന ജോൺ മൺറോയുടെ പിൻതുണയും കോളേജ് പ്രിൻസിപ്പലായിരുന്ന ബെഞ്ചമിൻ ബെയ്‌ലിയുടെ സർവ്വാത്മനായുള്ള പിൻതുണയും ഒരു വിദ്യാഭ്യാസ വിപ്ലവത്തിന് ഉദയം കുറിക്കാൻ സുറിയാനി സഭയ്ക്ക് കരുത്തു നല്കി. ക്രാന്തദർശിയായ പുലിക്കോട്ടിൽ തിരുമേനി വൈദീകർക്ക് കോളേജ് വിദ്യാഭ്യാസം നിർബന്ധമാക്കിയതിനോടൊപ്പം കേരള ചരിത്രത്തിൽ വിദൂര പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയ രണ്ടു തീരുമാനങ്ങൾ കൂടി എടുത്തു.

1. ബൈബിളും സുറിയാനി ആരാധനക്രമങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.
2. 52 പള്ളികളോട് ചേർന്ന് സ്ക്കൂളുകൾ സ്ഥാപിക്കുക.

ചരിത്രത്തിലൊരിക്കലും സംഭവിച്ചിട്ടില്ലാത്ത വലിയൊരു തീരുമാനമായിരുന്നു അത്. കേരളത്തിൽ അന്നുവരെ ഒരു സ്ക്കൂളും സ്ഥാപിക്കപ്പെട്ടിരുന്നില്ല. സമ്പന്നരുടെ ആശാൻ കളരികളും, ബ്രാഹ്മണരുടെ വേദപാഠശാലകളുമല്ലാതെ ഒരു വിദ്യാഭ്യാസ സ്ഥാപനം കേരളത്തിലുണ്ടായിരുന്നില്ല. ആ സമയത്താണ് ഒരു കോളേജും ഒറ്റയടിക്ക് 52 സ്ക്കൂളുകളും സഭ ആരംഭിക്കുന്നത്. അദ്ധ്യാപകരുടെ ശമ്പളം മാസം 5 രൂപയായും പുലിക്കോട്ടിൽ തിരുമേനി കൽപ്പനയിൽ നിജപ്പെടുത്തിയിരുന്നു. മുളന്തുരുത്തി, കണ്ടനാട്, മണർകാട് എന്നിങ്ങനെപത്തു പള്ളികളിൽ 1819 ൽ സ്ക്കൂൾ ആരംഭിച്ചു.

ആധുനിക വിദ്യാഭ്യാസം ലഭിച്ച ആരുമില്ല, എഴുത്തറിയാവുന്നവർ പോലും അപൂർവ്വം. പുതിയ വിദ്യാഭ്യാസത്തെക്കുറിച്ച് ആളുകൾക്കുമുണ്ടായിരുന്നു ഭയാശങ്കകൾ. പള്ളികൾക്കാണെങ്കിൽ പുതിയൊരു സാമ്പത്തീക ബാധ്യത ഏറ്റെടുക്കുന്നതിലുള്ള വിമുഖതയും. വൈദീകർക്കുപോലും പള്ളികളിൽ ലഭിച്ചിരുന്ന വരുമാനം അതിദയനീയമായിരുന്നു. (ഉദയംപേരൂർ സുന്നഹദോസിൽ വൈദീകർ അവിവാഹിതരായിരിക്കണമെന്ന് തീരുമാനിച്ച് അത് നിർബന്ധമായി നടപ്പിൽ വരുത്തി. 1816 ൽ അതു നീക്കുവാൻ തീരുമാനിച്ചപ്പോൾ ഏറ്റവും വലിയ പ്രതിബന്ധമായി കണ്ടത് വൈദീകരുടെ തുച്ഛമായ വരുമാനമായിരുന്നു. ഉദയംപേരൂർ സുന്നഹദോസു മുതൽ 19-ാം നൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള കാലഘട്ടത്തിലാണ് വൈദീകർക്ക് ഏറ്റവും വലിയ വരുമാനപ്രതിസന്ധിയുണ്ടായത്. തൽഫലമായി വൈദീക നേതൃത്വം ദുർഘബലമാവുകയും സഭ ഏതാണ്ടെല്ലാ മേഖലകളിലും അധപ്പതിക്കുകയും ചെയ്തു.)

സ്ക്കൂൾ കാര്യത്തിൽ ഏറ്റവും വലിയ പ്രതിസന്ധി അദ്ധ്യാപകരുടെ അഭാവമായിരുന്നു. ആധുനീക വിദ്യാഭ്യാസം നേടിയ ആരും അന്ന് കേരളത്തിലുണ്ടായിരുന്നില്ല. അക്ഷരമറിയാവുന്നവർ പോലും അപൂർവ്വം. ഇവർക്കു പരിചിതമായിരുന്ന വിദ്യാഭ്യാസ സമ്പ്രദായമാകട്ടെ തനി പ്രാകൃതവും. അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന ജോലി മിഷനറിമാർ ഏറ്റെടുത്തു. അക്ഷരജ്ഞാനമുള്ള ക്രിസ്ത്യാനികൾ കുറവായിരുന്നതുകൊണ്ട് ശൂദ്ര സമുദായത്തിൽപ്പെട്ടവരാണ് പല സ്ക്കൂളുകളിലും അദ്ധ്യാപകരായി നിയമിക്കപ്പെട്ടത്. ആദ്യത്തെ 50 സ്ക്കൂൾ അദ്ധ്യാപകരിൽ 29 പേരെങ്കിലും ഹിന്ദുക്കളായിരുന്നു. അങ്കമാലി, അകപ്പറമ്പ്, കണ്ടനാട്, കോലഞ്ചേരി, കോതമംഗലം, കുറിഞ്ഞി, കുറുപ്പംപടി, മാമലശേരി, മുളന്തുരുത്തി, നടമേൽ, നെച്ചൂർ, പള്ളിക്കര, പിറവം, ചെറായി എന്നിവയായിരുന്നു സമീപ പ്രദേശങ്ങളിലെ സ്ക്കൂളുകൾ.

1822 ൽ ആണ് പള്ളിക്കരയിൽ സ്ക്കൂൾ ആരംഭിക്കുന്നത്. 17 വിദ്യാർത്ഥികളുണ്ടായിരുന്ന ആ സ്ക്കൂളിൽ ശ്രീ. ഇട്ടിയായിരുന്നു അദ്ധ്യാപകൻ. 10 വർഷം കൂടെ കഴിഞ്ഞാൽ പള്ളിക്കരയിലെ ആദ്യ സ്ക്കൂളിന്റെ രണ്ടാം ശതാബ്ദിയാകും. ഇടവകയും ദേശവും കൊണ്ടാടേണ്ട ഒരവസരം തന്നെയാണ്. കണ്ണൻ കുളങ്ങരയായിരുന്നു ഏറ്റവും വലിയ വിദ്യാലയം. 125 കുട്ടികളുണ്ടായിരുന്നു അവിടെ. ദാവീദ്, ഗോവിന്ദൻ ഇങ്ങനെരണ്ട് അദ്ധ്യാപകർ സേവനമനുഷ്ടിച്ചിരുന്നു. ചെറായിയിൽ 5 കുട്ടികൾ മാത്രമാണുണ്ടായിരുന്നത്. 7 സ്ക്കൂളുകളിൽ നാൽപ്പതിൽ കുറയാത്ത കുട്ടികളുണ്ടായിരുന്നു. ഗോവിന്ദൻനായർ, ശങ്കരൻനായർ ഇങ്ങനെരണ്ടുപേരായിരുന്നു ആദ്യകാല ഇൻസ്പെക്ടർമാർ. രണ്ടു വർഷം കഴിഞ്ഞ് ശൂലപാണിവാര്യർ, രാമൻ നമ്പ്യാർ എന്നിവർ ഇൻസ്പെക്ടർമാരായി. മലയാളം, കണക്ക്, അമരകോശം ഇവ കൂടാതെ ചോദ്യോത്തര രീതിയിൽ വേദവും പഠിപ്പിച്ചിരുന്നു. ലോകത്താകമാനമുള്ള സൺഡേ സ്ക്കൂൾ പഠനത്തിന്റെ തന്നെ മുന്നോടിയായിരുന്നു ഇത്. ചില സ്ക്കൂളുകളിൽ സംസ്കൃതവും പഠിപ്പിച്ചിരുന്നു.

1825 ൽ പുലിക്കോട്ടിൽ തിരുമേനി കാലചെയ്തതോടുകൂടി പ്രതിസന്ധികൾ ആരംഭിച്ചു. 1825 ൽ പാലക്കുന്നത്ത് മാത്യുസ് ശെമ്മാശൻ മെത്രാപ്പോലീത്തയായി കേരളത്തിലെത്തി. ചേപ്പാട്ട് ഫിലിപ്പോസ് മൽപാനെസഭ മെത്രാപ്പോലീത്തയായി തെരഞ്ഞെത്തിരുന്നു. തുടർന്നു വന്ന പ്രതിസന്ധിയിൽ 21 പള്ളികൾ സ്ക്കൂളിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. 1824 ൽ സ്ക്കൂളുകളിൽ 1333 കുട്ടികളുണ്ടായിരുന്നത് 1826 ൽ 445 ആയി. ആദിമുതലേ ക്രിസ്ത്യൻ നായർ കുട്ടികളായിരുന്നു സ്ക്കൂളിൽ പഠിച്ചിരുന്നത്. പ്രതിസന്ധിയിൽ ക്രിസ്ത്യാനി കുട്ടികൾ വിട്ടുപോയപ്പോൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യമറിഞ്ഞ് നായർ കുട്ടികൾ ധാരാളമായി വന്നു. 1826 ൽ മാത്രം 325 നായർ കുട്ടികൾ ചേർന്നു. നായൻമാരുടെ നേതൃത്വത്തിൽ രണ്ടോ മൂന്നോ സ്ക്കൂളുകൾ ഈ സമയത്ത് കോട്ടയത്താരംഭിച്ചു. സമീപ സ്ക്കുളുകളിൽ മുളന്തുരുത്തിയൊഴികെ ബാക്കിയെല്ലാം 1836 ന് മുൻപ് നിറുത്തിപ്പോയി.

ചരിത്രം തിരുത്തിക്കുറിക്കേണ്ടിയിരുന്ന ഒരു വിദ്യാഭ്യാസ വിപ്ലവം അങ്ങനെഅവസാനിച്ചു. മുളന്തുരുത്തിയിലൊഴികെ വേറൊരിടത്തും കൊച്ചിയിലോ, വടക്കൻ തിരുവിതാംകൂറിലോ സ്ക്കുളുകളില്ലാതായി. ആ സ്ക്കൂളുകൾ നിലനിന്നിരുന്നുവെങ്കിൽ സുറിയാനി സഭയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. ഭാരതത്തിലെ തന്നെ ഏറ്റവും ഉന്നത ഉദ്യോഗസ്ഥരും, ഭരണാധികാരികളും, പണ്ഡിതന്മാരും സുറിയാനി ക്രിസ്ത്യാനികൾ ആകുമായിരുന്നു. ഈ വിദ്യാലയങ്ങൾ കാലത്തിനനുസരിച്ച് വളർന്നിരുന്നുവെങ്കിൽ അവ കോളേജുകളോ, ചിലത് സർവ്വകലാശാലകളോ ആകുമായിരുന്നു. കേരളത്തിൽ സാമൂഹ്യ പരിവർത്തനം 50 വർഷം മുമ്പേ നടക്കുമായിരുന്നു.

പ്രതിസന്ധികൾ എപ്പോഴുമുണ്ടാകാം. ഭാവിയുടെ വാതിലുകൾ അടക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക എന്നത് പ്രതിസന്ധികളിലെ പ്രഥമ പരിഗണനയായിരിക്കണം.

# മനഃശാന്തി നേടാൻ



**ഫാ. എബി വർക്കി**
വെങ്ങോല

**മാ**നസിക പിരിമുറുക്കം, ടെൻഷൻ, മൂഡ് ഓഫ്...... ഇവ നമ്മുടെ സംസാരത്തിൽ ആവർത്തിക്കപ്പെടുന്ന പദപ്രയോഗങ്ങളാണ്. മലയാളി പലപ്പോഴും മനഃശാന്തി കണ്ടെത്തുന്നത് മരത്തിന്റെ കൊമ്പിലും, മദ്യക്കുപ്പിയിലും മയക്കുമരുന്നുകളിലുമാണ്. യേശുവിനെക്കുറിച്ചുള്ള ഒരു പാരമ്പര്യകഥ ഇപ്രകാരമാണ്. ഒരിക്കൽ യേശുവിന്റെ വിൽപ്പത്രം ശിഷ്യൻമാർ കാണാനിടയായി. യോഹന്നാന് തന്റെ മാതാവിനേയും യൗസേഫിനേയും നിക്കോദേമോസിനുമായി തന്റെ മൃതശരീരത്തേയും..... ഇങ്ങനെപലർക്കും പലതും എഴുതിവച്ചിരുന്നു. വിൽപ്പത്രത്തിൽ തങ്ങൾക്കായി ഒന്നും ഇല്ല എന്ന് മനസ്സിലാക്കിയ മറ്റ് ശിഷ്യന്മാർ യേശുവിന്റെ അടുത്ത് പരാതിയുമായി എത്തി. ഗുരോ, ഞങ്ങൾക്ക് മാത്രം ഒന്നുമില്ലേ ? സൗമ്യനായി യേശുനാഥൻ ഉത്തരമരുളി, എന്റെ ഏറ്റവും വലിയ സ്വത്ത് നിങ്ങൾക്കായി സൂക്ഷിച്ചിട്ടുണ്ട്. ശിഷ്യന്മാർ ഏകസ്വരത്തിൽ ചോദിച്ചു. അതെന്താണ്? യേശു പറഞ്ഞു, "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയുമരുത്" (വി. യോഹന്നാൻ 14:27). അതെ, യേശു നമുക്ക് നൽകുന്ന ഏറ്റവും വലിയ സമ്പത്താണ് സമാധാനം. നമുക്കിന്ന് കൈമോശം വന്നിരിക്കുന്നതും ഈ സമാധാനം തന്നെയല്ലേ?

**മനശ്ശാന്തി നഷ്ടപ്പെടുന്നതിന്റെ കാരണം**

എൻ.വി. കൃഷ്ണവാര്യർ എഴുതിയ 'മനഃശാന്തി നശിപ്പിക്കാൻ' എന്നൊരു കവിതയുണ്ട്. എന്തുകൊണ്ടാണ് മനുഷ്യർക്ക് സമാധാനം നഷ്ടപ്പെടുന്നതെന്ന് തെല്ല് ഹാസ്യരൂപേണ അവതരിപ്പിക്കുകയാണ് ഈ കവിതയിൽ. മനഃശാന്തി നശിപ്പിക്കാൻ ചെയ്യേണ്ട കാര്യങ്ങളാണ് കവിതയിലെ പ്രതിപാദ്യം.

ചെയ്യേണ്ടത് ചെയ്യേണ്ടപ്പോൾ ചെയ്യാതിരിക്കുക.

ഇന്നത്തെ കാര്യം നാളത്തേക്ക് നീട്ടുക.

ചെയ്യാതിരിക്കാൻ ന്യായങ്ങൾ തേടുക.

ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യാൻ വാശിപിടിക്കുക.

മറ്റുള്ളവർ ഒറ്റപ്പെടുത്തുമ്പോൾ സ്വന്തം കുറ്റം എന്നുളളിൽ കരുതുക.

പുറത്തുള്ള പ്രശ്നങ്ങളെടുത്ത് ഉള്ളിൽ നിറയ്ക്കുക.

കണ്ട അന്യായങ്ങൾ രാപ്പകൽ ചിന്തിച്ചിരിക്കുക.

സന്തോഷകരമായതുടനെമറക്കുക.

സ്വന്തം പോരായ്മകൾ കൊണ്ട് തീച്ചൂള തീർക്കുക.

പ്രതീക്ഷിക്കായ്ക കുശലം.

പ്രതീക്ഷിക്കുക കശ്മലം.

വിപത്തു വരുമ്പം വിധിയെപ്പഴിക്കുക.

തുണയ്ക്കാൻ കഴിവുള്ളോരെ പിണക്കി ദൂരെമാറ്റുക.

നേടാനസാദ്ധ്യമായത് നേടാൻ പദ്ധതിയിടുക.

എത്താത്തകൊമ്പിലെപ്പോഴും മിഴിചേർക്കുക.

കഴിയില്ലാത്തതിനായി വേർപ്പൊഴുക്കുക.

പരാജയത്തിൽ ദുഃഖിച്ചു രാപ്പകൽ കരയുക.

നന്മയരികിലുണ്ടെന്ന് സമ്മതിക്കാതിരിക്കുക.

അംഗീകരിക്കാതിരിക്കുകയന്യന്റെയൊരു നേട്ടവും

ഒരാൾക്കുമൊന്നിലും പ്രോത്സാഹനം നൽകാതിരിക്കുക.

ആക്ഷേപങ്ങളാവലാതികൾ ചൊല്ലുക.

കുത്തുവാക്കുകളാൽ നിത്യേനഅത്തലന്യർക്ക് ചേർക്കുക.

സ്വന്തം ദുഃഖങ്ങൾ ചെണ്ടകൊട്ടി നടക്കുക.

എപ്പോഴും മറ്റുള്ളവർക്ക് നന്ദിയില്ലെന്ന് നിന്ദിക്കുക.

താൻ രക്തസാക്ഷിയാണെന്ന് മനസ്സിൽ കരുതുക.

സ്വയം കുറ്റിയിൽകെട്ടി ചുറ്റും തീയെരിക്കുക.

എന്നിട്ടതുകൊണ്ട് പൊള്ളിക്കുക.

ശാപവചനങ്ങളന്യർക്ക് നൽകുക.

അധികരിച്ച മാനസീക സംഘർഷമുള്ളവരുടെ പെരുമാറ്റരീതികളെയാണ് ഈ കവിതയിൽ സരസമായി ആവിഷ്ക്കരിച്ചിരിക്കുന്നത്.

**മാനസീക സംഘർഷങ്ങളും രോഗങ്ങളും.**

നമുക്കുണ്ടാകുന്ന രോഗങ്ങളിൽ പലതും മാനസീകസമ്മർദ്ദങ്ങൾ മൂലമാണെന്ന് മെഡിക്കൽ സയൻസ് സാക്ഷിക്കുന്നു. മാനസീക സമ്മർദ്ദവും രേഗങ്ങളും തമ്മിലുള്ള ബന്ധത്തെ പ്രധാനമായി മൂന്നായി തിരിക്കാം.

1. മാനസീക സമ്മർദ്ദം ഒരു രോഗമായി അനുഭവപ്പെ ടുക.

   ഉദാ: ഉത്കണ്ഠാ രോഗങ്ങൾ

2. മുൻപുണ്ടായിരുന്ന ഏതെങ്കിലും ഒരസുഖം മാനസീക സംഘർഷം മൂലം ഗുരുതരമാവുക.

   ഉദാ: ആസ്മ ഉള്ള രോഗികൾക്ക് മാനസീക സംഘർഷം ഉണ്ടാകുമ്പോൾ രോഗം ഗുരുതരമാകും.

3. രോഗങ്ങളെ പ്രതിരോധിക്കാനുള്ള കഴിവ് കുറയുക.

നമ്മുടെ പ്രതിരോധശേഷിയെ കുത്തനെതാഴ്ത്തുന്നതിൽ വ്യാധിയേക്കാളും ആധിയാണ് കാരണമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

മാനസീക സമ്മർദ്ദം മൂലം ഗുരുതരമാകുന്ന ചില രോഗങ്ങളാണ് അമിതരക്തസമ്മർദ്ദം, ഹൃദ്രോഗം, പെപ്റ്റിക് അൾസർ, ആസ്മ, മലബന്ധം, മറ്റ് ശ്വാസകോശങ്ങൾ, ശക്തിയായ തലവേദന, ക്യാൻസർ, പ്രമേഹം, സന്ധിവാതം, സോറിയാസിസ്, അലർജി എന്നിവ.

**മനഃശ്ശാന്തി നേടാൻ മനുഷ്യർ ഉപയോഗിക്കുന്ന ചില അനാരോഗ്യകരമായ മാർഗ്ഗങ്ങൾ**

**1. മദ്യപാനം**

പുരുഷന്മാരിൽവ ലിയൊരുവ ിഭാഗംമ നഃശ്ശാന്തി നഷ്ടമായാൽ മദ്യം തേടിയോടുന്നു. നാട്ടുനടപ്പുള്ള സ്വയം ചികിത്സയായി ഇത് മാറിയിരിക്കുന്നു. വൈകിട്ടെന്താ പരിപാടി? എന്ന സൂപ്പർസ്റ്റാറിന്റെ പരസ്യത്തിലെ ചോദ്യം കൂടിയാകുമ്പോൾ ഈ മാർഗ്ഗം അത്യുത്തമമെന്ന് വിവരമുള്ളവർ പോലും കരുതുന്നു. രണ്ടെണ്ണം വീശിയാൽ അലിയാത്ത മനഃസംഘർഷങ്ങളുണ്ടോ എന്ന തത്വശാസ്ത്രം മീഡിയകളും പ്രചരിപ്പിക്കുന്നു. മദ്യ ലഹരിയിൽ പിരിമുറുക്കം തൽക്കാലം അയഞ്ഞ് സമാധാനം ലഭിക്കുന്നു എന്നത് ശരി. എന്നാൽ മദ്യത്തിന്റെ ലഹരിയിറങ്ങുമ്പോൾ പിരിമുറുക്കം പൂർവ്വാധികം ശക്തിപ്രാപിച്ച് വ്യക്തിയെ വലിഞ്ഞു മുറുക്കുന്നു. ഒടുവിൽ 'മദ്യാസക്തി' എന്ന രോഗം കൂടി വിലകൊടുത്തു വാങ്ങുന്നു.

**2. ഭക്തിപാനം**

പുരുഷന്മാർ മദ്യം തേടിയോടുമ്പോൾ വലിയൊരു വിഭാഗം സ്ത്രീകൾ സാമൂഹിക അംഗീകാരമുള്ള 'വൈകാരിക ഭക്തി'യുടെ ഈറ്റില്ലങ്ങളായ ചില 'ഭക്തി പ്രസ്ഥാനങ്ങളുടെ' പിറകെയാണ്. ആഴ്ചയിൽ ചില ദിവസങ്ങളിൽ ഇവിടെ നടത്തപ്പെടുന്ന ഈ വൈകാരിക ഭക്തിപ്രകടനങ്ങൾ വ്യക്തിയെ അപകടകരമായ നിലയിലെത്തിക്കുന്നു. കുറേ ശബ്ദകോലാഹലവും ബഹളവും കരച്ചിലും ഒക്കെക്കഴിയുമ്പോൾ, പോകുന്ന വ്യക്തിയിൽ തീവ്രതയിൽ നിൽക്കുന്ന വൈകാരിതയ്ക്ക് തെല്ലൊരാശ്വാസം ലഭിക്കുന്നു. എന്നാൽ ഈ ഭക്തിപ്രകടനം കഴിഞ്ഞ് വീട്ടിലെത്തുന്ന വ്യക്തിയുടെ പെരുമാറ്റം, സംസാരം, ചിന്താരീതി ഇവയിൽ യാതൊരു മാറ്റവുമില്ല. ഇത്തരം വൈകാരിക പ്രശ്നങ്ങളുള്ള വ്യക്തിക്ക് അടുത്ത ദിവസം ഇവിടെ പോയില്ലെങ്കിൽ വല്ലാത്ത അസ്വസ്ഥത. ഈ ആഴമില്ലാത്ത ആത്മീയത ഇവരിൽ ഒരുതരം 'അഡിക്ഷൻ' ഉണ്ടാക്കുന്നു. ദൈവം പ്രവർത്തിക്കുന്നത് താൻ പോകുന്ന ഈ ഭക്തി പ്രസ്ഥാനത്തിലൂടെയും അതിന്റെ ലീഡറലൂടെയും മാത്രമാണെന്ന് തെറ്റായി വിശ്വസിക്കുന്നു. മറ്റ് വിശ്വാസങ്ങളുടേയും മതങ്ങളേയും ഇവർ തെറ്റായി മാത്രം കാണുന്നു. ഒടുവിൽ ദൈവത്തേക്കാൾ പ്രാധാന്യം ഈ ഭക്തിപ്രസ്ഥാനത്തിനിവർ നൽകുന്നു. ഞാനൊന്നും ചെയ്യേണ്ട, എല്ലാം എനിക്കു വേണ്ടി ദൈവം ചെയ്തുകൊള്ളും എന്ന അപകടകരമായ ചിന്തയാണിവരെ നയിക്കുന്നത്. ദിശാബോധമുള്ള, പ്രതിസന്ധികളെ അതിജീവിക്കാൻ പ്രേരണ നൽകുന്ന, പെരുമാറ്റം, ചിന്ത, സംസാരം ഇവയെ പരിവർത്തനപ്പെടുത്തുന്ന ശുദ്ധമായ ദൈവഭക്തിയല്ല ഇത്. കുറച്ച് നേരത്തേക്ക് തെല്ല് ആശ്വാസം നൽകുന്ന ഒരു തരം ലഹരി. ഇതാണ് ഭക്തിപാനം. ഇവിടെ മാനസീക സംഘർഷം മാറ്റാൻ മദ്യത്തിന് പകരം വൈകാരിക ഭക്തി മുക്കിക്കുടിക്കുന്നു. ഇതല്ല ക്രിസ്തു പഠിപ്പിച്ച ആഴമുള്ള ആത്മീയത.

**3. പുകവലി**

ചിലർ മാനസീക സംഘർഷമകറ്റാൻ തുടർച്ചയായി പുകവലിക്കുന്നു. ഇവിടെ പുകവലിക്കുന്ന വ്യക്തിയുടെ ആരോഗ്യത്തോടൊപ്പം സമീപത്തുള്ളവരുടെ ആരോഗ്യംകൂടി നശിപ്പിക്കുന്നു.

**4. ആത്മഹത്യ**

മാനസിക സമ്മർദ്ദത്തിന് പരിഹാരമായി കേരളത്തിൽ ഇപ്പോൾ സജീവമായി ഉയർന്നുകാണുന്ന പ്രതിവിധിയാണ് ആത്മഹത്യ. സമ്മർദ്ദം നേരിടാനുള്ള മാർഗ്ഗങ്ങൾ ഏറെയുണ്ടെങ്കിലും ശരാശരി മലയാളിയുടെ ആദ്യചിന്ത 'ചത്തുകളഞ്ഞാലോ' എന്നായി മാറിയിരിക്കുന്നു. താൽക്കാലിക പ്രശ്നങ്ങൾക്കുള്ള ശാശ്വതപരിഹാരമായി ആത്മഹത്യ മാറിക്കൊണ്ടിരിക്കുന്നു. സാക്ഷരകേരളം, സുന്ദരകേരളം, ദൈവത്തിന്റെ സ്വന്തം നാട് എന്നൊക്കെ കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും കേരളത്തിൽ പ്രതിവർഷം 9000 പേർ മനഃശാന്തി നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്യുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഏറ്റവുമധികം ആത്മഹത്യകൾ നടക്കുന്നതും ഈ കൊച്ചുകേരളത്തിൽതന്നെ.

ഈ മാർഗ്ഗങ്ങളൊന്നും തന്നെ ശരിയായവയോ, ആരോഗ്യകരമോ അല്ലെന്ന് ചിന്തിക്കുമ്പോൾ തന്നെ നമുക്ക് മനസ്സിലാക്കാം.

**<u>മനഃശാന്തി കൈവരിക്കാനുള്ള ആരോഗ്യകരമായ മാർഗ്ഗങ്ങൾ</u>**

## <u>I. ആത്മീയ മാർഗ്ഗങ്ങൾ</u>

**1. സമ്പൂർണ്ണ സമർപ്പണം**

എനിക്കിന്നുള്ള എന്തെങ്കിലും നഷ്ടപ്പെടുമോ എന്നുള്ള ഭയമാണ് മാനസീക സംഘർഷത്തിന്റെ പ്രധാനകാരണം. എന്റെ പ്രതാപം, സോഷ്യൽ സ്റ്റാറ്റസ്, സമ്പത്ത്, ആരോഗ്യം, സുഖം, നേട്ടങ്ങൾ, സ്ഥാനം, സുരക്ഷിതത്വം, കുട്ടികളുടെ ഭാവി, കുടുംബസുഖം, എന്നിവ നാളെ നഷ്ടപ്പെടുമോ എന്ന ചിന്ത തന്നെ നമുക്ക് സംഘർഷമുണ്ടാക്കുന്നു. എല്ലാം ദൈവത്തിന് സമർപ്പിക്കേണ്ടവനാണ് മനുഷ്യൻ. കാരണം, നമുക്ക് ഇന്നുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ്. അവ ദൈവത്തിന് സമർപ്പിക്കുക. ദൈവത്തിന് ഐശ്വര്യങ്ങൾ നൽകാനും എടുക്കാനുമുള്ള അധികാരമുണ്ടെന്ന് ഉറച്ച് വിശ്വസിക്കുക.

ഈ കാഴ്ചപ്പാടിന്റെ ഉത്തമ ഉദാഹരണമാണ് വേദപുസ്തകത്തിലെ ഇയ്യോബ്. ഒത്തിരി നഷ്ടങ്ങൾ കണ്ടവനാണ് ഈ മനുഷ്യൻ. ഇയ്യോബിന്റെ

പുസ്തകം 1:13-22 വരെ നാം വായിക്കുന്നു. മൃഗസമ്പത്ത് നഷ്ടപ്പെട്ടു. വേലക്കാർ കൊല്ലപ്പെട്ടു. തീപിടിച്ച് സ്വത്ത് നശിച്ചു. ഒട്ടകങ്ങളെ നഷ്ടപ്പെട്ടു, മക്കൾ വരെ നഷ്ടപ്പെട്ടു. ഒടുവിൽ തന്റെ ആരോഗ്യവും. അപ്പോൾ ഇയ്യോബിന്റെ പ്രതികരണമിങ്ങനെയാണ്. "യഹോവ തന്നു, യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ". ഇതാണ് സമ്പൂർണ്ണ സമർപ്പണം. നമ്മുടെ ജീവിതത്തിലും നഷ്ടങ്ങൾ ഉണ്ടാകുമ്പോൾ, പ്രിയപ്പെട്ടവർ വേർപെടുമ്പോൾ, ബിസിനസ് പരാജയപ്പെടുമ്പോൾ, സ്വപ്നങ്ങൾ തകർന്നടിയുമ്പോൾ ഇയ്യോബിനെധ്യാനിക്കുക. സമ്പൂർണ്ണ സമർപ്പണമെന്ന് ആ കാഴ്ചപ്പാടിനെപിൻതുടരുക. ഇത് മനഃശാന്തി നേടാൻ നമ്മെ സഹായിക്കും. പരിശുദ്ധനായ പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു - "അവൻ നിങ്ങൾക്കായ് കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഉൾക്കൊള്ളുവിൻ" (1 പത്രോസ് 5:7)

**2. ഉറച്ച ദൈവവിശ്വാസം**

സി.ഡി. യൂങ്ങ് എന്ന പ്രസിദ്ധ മനഃശാസ്ത്രജ്ഞൻ 30 വർഷം മാനസിക രോഗികളെ ശുശ്രൂഷിച്ച അനുഭവത്തിൽ നിന്നു പറയുന്നു : 'മനുഷ്യന്റെ മാനസിക സംഘർഷങ്ങളുടെ മൂലകാരണം ദൈവവിശ്വാസം കുറഞ്ഞതാണ്. ഇന്ന് ഭൂരിപക്ഷം പേർക്കും ദൈവവിശ്വാസമുണ്ട്. എന്നാൽ പലർക്കും ഉറച്ച ദൈവവിശ്വാമില്ല'. വി. യോഹന്നാൻ എഴുതിയ സുവിശേഷം 14:1 ൽ യേശു പറയുന്നു : 'നിങ്ങളുടെ ഹൃദയം കലങ്ങരുത്, ദൈവത്തിൽ വിശ്വസിക്കുക, എന്നിലും വിശ്വസിക്കുക'. മാനസിക സംഘർഷങ്ങളിൽ കഴിയുന്നവരിൽ പലരും ദൈവത്തെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്ന് ഇരുളടഞ്ഞ പുറവാരത്തിലേക്ക് നീക്കി നിർത്താറാണ് പതിവ്. നമ്മുടെ പ്രശ്നങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്ന കേന്ദ്രസ്ഥാനത്ത് ദൈവത്തെ പ്രതിഷ്ഠിക്കാതെ, നമ്മെ തളർത്തുന്ന ചിന്താഭാരങ്ങളിൽ നിന്ന് രക്ഷ നേടാൻ നമുക്ക് കഴിയില്ല. മാനസീക സംഘർഷങ്ങൾക്കുള്ള പരമമായ പരിഹാരം ഉറച്ച ദൈവവിശ്വാസമാകുന്നു എന്ന് ഹാർവേർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. വില്യം ജെയിംസ് എന്ന മനഃശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്. സങ്കീർത്തനക്കാരൻ പറയുന്നു : 'യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക, ധൈര്യപ്പെട്ടിരിക്കുക, നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ'.

**3. പ്രാർത്ഥന**

സെന്റ് പോൾ മനഃസംഘങ്ങൾക്ക് പരിഹാരമായി ചൂണ്ടിക്കാണിക്കുന്നത് പ്രാർത്ഥനയാണ്. 'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തു യേശുവിങ്കൽ കാക്കും' (ഫിലിപ്പ്യർ 4:6)

അമേരിക്കൻ ഐക്യനാടുകളുടെ ഭാവി പ്രതിസന്ധിയിലായിരിക്കുന്ന സമയം. ചരിത്രപ്രസിദ്ധമായ ഗറ്റിസ്ബർഗ്ഗ് സമരം തിളച്ചു മറിയുകയാണ്. പ്രസിഡന്റ് എബ്രാഹം ലിങ്കൺ വൈറ്റ് ഹൗസിൽ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. മാനസിക സംഘർഷം സഹിക്കവയ്യാതായപ്പോൾ ലിങ്കൺ അദ്ദേഹത്തിന്റെ മുറിയിൽക്കയറി വാതിലടച്ച് മുട്ടിൻമേൽ നിന്നു. ഭാരമേറിയ തല തന്റെ കൈകളിൽ താങ്ങിക്കൊണ്ട് ശിശുവിനെപ്പോലെ അദ്ദേഹം പ്രാർത്ഥിച്ചു. 'എനിക്ക് ചെയ്യാനാവുന്നതെല്ലാം ഞാൻ ചെയ്തു കഴിഞ്ഞു. അതിന്റെ ഫലം അങ്ങയുടെ കൈകളിലാണ്. ഈ വിപത്തിൽ നിന്ന് രാജ്യം രക്ഷപ്പെടണമെങ്കിൽ, അത് അവിടുത്തെ തിരുവിഷ്ടം കൊണ്ട് മാത്രമായിരിക്കണം'. പ്രാർത്ഥനയ്ക്ക് ശേഷം ലിങ്കനുണ്ടായ അനുഭവം അദ്ദേഹം തന്നെ പങ്കുവയ്ക്കുന്നുണ്ട്. 'ഉടൻ ഒരു വലിയഭാരം എന്റെ ചുമലിൽ നിന്ന് വീണപോലെ എനിക്കു തോന്നി. ഉത്ഘടമായ സംഘർഷത്തിൽ നിന്ന് ഞാൻ മോചിതമായി, തൽസ്ഥാനത്ത് ഉറച്ച വിശ്വാസം എന്റെ ഉള്ളിൽ നിറഞ്ഞു'. ലിങ്കൺ ഉപയോഗിച്ചിരുന്ന വേദപുസ്തകത്തിൽ അടിവരയിട്ടതും പലപ്പോഴും അദ്ദേഹത്തിന്റെ നീണ്ട വിരലുകൾ പതിഞ്ഞ് മങ്ങൽവന്നതുമായ ഒരു വാക്യമുണ്ട്. 'ഞാൻ യഹോവയോട് അപേക്ഷിച്ചു, അവൻ എനിക്ക് ഉത്തരമരുളി. എന്റെ സകല ഭയത്തിൽ നിന്നും എന്നെ വിടുവിച്ചു. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല'.(സങ്കീർത്തനം 34:4) പ്രാർത്ഥനയിലൂടെ മാനസിക സംഘർഷങ്ങളുടെ സമയങ്ങളിൽ ദൈവത്തിങ്കലേക്ക് നോക്കുന്നവരുടെ ഹൃദയവും മുഖവും പ്രകാശപൂർണ്ണമാകും.

**4. ഭജനയിരിക്കൽ**

മനസ്സ് സംഘർഷപൂർണ്ണമായപ്പോൾ യേശു താഴ്വരയിൽനിന്ന് താബോറിലേക്ക് കയറുന്നു(വി. ലൂക്കോസ് 9:28-36). ഇതുപോലെ നമ്മുടെ താഴ്വരയാകുന്ന കുടുംബത്തിലേയും പ്രവർത്തനമേഖലയിലേയും പ്രശ്നങ്ങൾ സങ്കീർണ്ണമായി മനഃശ്ശാന്തി നഷ്ടപ്പെടുമ്പോൾ, നമ്മുടെ താബോറിലേക്ക് കയറുക. ഇവിടെ താബോർ ദേവാലയത്തിന്റെ പ്രതീകമായി നമുക്ക്ധ്യാനിക്കാം.ബ ി.സി.ആ റാംന ൂറ്റാണ്ടിൽ ജീവിച്ചിരുന്ന ലാവോട്സേ എന്ന ചൈനീസ് ചിന്തകൻ പറയുന്നു ഒരു പാത്രം ചെളിനിറഞ്ഞ വെള്ളം ശുദ്ധമാക്കുവാനുള്ള എളുപ്പമാർഗ്ഗം ആ പാത്രം കുറച്ചുനേരം ചലിപ്പിക്കാതെ സ്വസ്ഥമായി ഒരിടത്ത് വയ്ക്കുക എന്നതാണ്. കുറച്ചു കഴിയുമ്പോൾ ചെളിയെല്ലാം പാത്രത്തിനടിയിൽ ഊറിക്കൂടി വെള്ളം തെളിയും. ഇതുപോലെ മനഃശ്ശാന്തി നഷ്ടപ്പെട്ട് മനസ്സ് സംഘർഷം കൊണ്ട് കലങ്ങിമറയുമ്പോൾ നാം നമ്മുടെ മനോഹരമായ ദൈവാലയത്തിൽ അല്പനേരം സ്വസ്ഥമായി ഇരിക്കുക. ഈ ശാന്തമായി ദൈവസന്നിധിയിലുള്ളഇ രിപ്പ്തന്നെന മ്മുടെമ ന സ്സിനെസ്വസ്ഥമാക്കും. അതുകൊണ്ടുകൂടിയാണ് പ. പിതാക്കന്മാർ ഭജനയിരിക്കൽ എന്ന പാരമ്പര്യം നമുക്ക് പഠിപ്പിച്ച് തന്നത്.

**5. വി. കുർബ്ബാന, ധ്യാനം, തിരുവചനകേൾവി, നോമ്പ്, ഉപവാസം, കുടുംബപ്രാർത്ഥന, കുടുംബ യോഗങ്ങൾ ഇവ മാനസീക സംഘർഷം ഒഴിവാക്കി മനഃശ്ശാന്തി കൈവരിക്കുന്നതിന് നമ്മെ സഹായി ക്കുന്ന ആത്മീയയോപാധിയാണ്.**

## II. മനഃശാന്തി കൈവരിക്കാൻ സഹായിക്കുന്ന ചില മനോഭാവങ്ങൾ

**1. നട്ടിടത്ത് പുഷ്പ്പിക്കുക.**

എനിക്ക് പുഷ്പിക്കാൻ പറ്റിയ ഇടത്ത് എന്നെ നടണ മെന്ന് നിർബന്ധം പിടിച്ചാൽ ജീവിതത്തിൽ സംഘർഷങ്ങളായിരിക്കും ഫലം. ഞാൻ പഠിക്കുന്ന കോഴ്സ്, ചെയ്യുന്ന ജോലി, ജീവിക്കുന്ന സാഹചര്യം, താമസിക്കുന്ന ഭവനം, ജീവിതപങ്കാളി - ഇതിൽ നിന്നു തന്നെ സംതൃപ്തി കണ്ടെത്താൻ മനസ്സിനെപരിശീലി പ്പിക്കണം. അതിലൂടെ മാത്രമേ മനഃശ്ശാന്തി കണ്ടെത്താ നാകൂ.

**2. മാറ്റാൻ പറ്റാത്തവ അംഗീകരിക്കുക**

എന്റെ ശരീരാകൃതി, നിറം, ഉയരം, മാതാപിതാക്കൾ, മരുമകൾ, ഭാര്യ, ഭർത്താവ്, മക്കൾ, അമ്മായിഅപ്പൻ, അമ്മായിഅമ്മ, കുടംബം, കഴിവിന്റെ പരിമിതികൾ, രോഗം, പ്രിയപ്പെട്ടവരുടെ മരണം - ഇതെല്ലാം പരാതി യോ, പരിഭവമോ ഇല്ലാതെ അംഗീകരിക്കണം. അവയെ മാറ്റാൻ നമുക്കാവുകയില്ല. ഇവ മാറിയിട്ടേ മനഃശാന്തി കിട്ടൂ എന്നു ചിന്തിച്ചാൽ എന്നും മാനസിക സംഘർഷം ആയിരിക്കും ഫലം. ഇവയെയോർത്ത് പരാതിപ്പെടുന്നതിന് പകരം അവയുമായി പൊരുത്ത പ്പെടാൻ മനസ്സിനെപരിശീലിപ്പിക്കുക. നമ്മുടെ ആത്മീ യത അതിനു കരുത്തേകും.

**3. അപരൻ എന്റെ ഉയർച്ചയ്ക്ക് ഭീഷണിയാണെന്ന് ചിന്തിച്ച് മത്സരിക്കാതിരിക്കുക**

മാനസീകസംഘർഷങ്ങളുടെ ഒരു കാരണം അസൂ യയിൽ അധിഷ്ഠിതമായ മത്സരമനോഭാവമാണ്. ജീവിതത്തിന് മത്സരം അനിവാര്യമാണ്. മറ്റുള്ളവരെ പിന്നിലാക്കുകയോ, തോൽപ്പിക്കുകയോ ആണ് മത്സ രലക്ഷ്യമെങ്കിൽ പരാജയമുണ്ടായാലും പരാജയമു ണ്ടാകാം എന്ന തോന്നലുണ്ടായാലും ശക്തമായ മാന സീക സംഘർഷം നമുക്കുണ്ടാക്കും. പ്രവർത്തിക്കുന്ന മേഖലയിൽ പരമാവധി നേട്ടത്തിനായി ശ്രമിക്കുക. എന്നാൽ അസൂയ നിറഞ്ഞ മത്സരം ഒഴിവാക്കുക.

**4. സംഭവിക്കുന്നതെല്ലാം നല്ലതിനെന്ന് ഉറച്ചുവിശ്വ സിക്കുക**

ഒന്നു യാദൃശ്ചികമോ, ആകസ്മികമായോ സംഭവി ക്കുന്നതല്ല, എല്ലാം ദൈവനിശ്ചയമാണ്. എന്റെ പരാജ യങ്ങൾ, രോഗം, അപകടം, തെറ്റിദ്ധാരണ, തിരസ്കര ണം, നഷ്ടങ്ങൾ, ഏകാന്തത, തകർച്ചകൾ, പ്രശ്ന ങ്ങൾ എല്ലാം ദൈവപദ്ധതി പ്രകാരം എന്റെ ഉയർച്ചക്കും വളർച്ചയ്ക്കുമാണ്. സാമുവേൽ ബ്രിംഗിൽസ് ഒരിക്കൽ തെരുവിലൂടെ നടന്നുപോവുക യായിരുന്നു. മദ്യപിച്ച് ലക്കില്ലാതെ ഒരാൾ ബ്രിംഗിൽസിനുനേരെ ഇഷ്ടികക്കഷണമെറിഞ്ഞു. ഗുരുതരമായി പരിക്കേറ്റ അദ്ദേഹം 18 മാസത്തോളം കിടപ്പിലായിരുന്നു. അതിനിടയിലാണ് പ്രസിദ്ധമായ വിശുദ്ധിയിലേക്കുള്ള സഹായം (ഹെൽപ്സ് ടു ഹോളിനെസ്സ്) എന്ന പുസ്തകം ബ്രിംഗിൽസ് എഴുതി യത്. പുസ്തകത്തെപ്പറ്റി അദ്ദേഹം പറഞ്ഞു 'ആ ഇഷ്ടിക ഏറ് കിട്ടിയില്ലായിരുന്നുവെങ്കിൽ ആ പുസ്തകം ഉണ്ടാവില്ലായിരുന്നു'. ബ്രിംഗിൽസിന്റെ വീടിന്റെ ഭിത്തിയുടെ മുകളിൽ ഒരു ഇഷ്ടികയിൽ ഇങ്ങനെഎഴുതിയിട്ടുണ്ട്. 'നിങ്ങൾ എന്റെ ദോഷം വിചാരിച്ചു. ദൈവമോ അത് അനുഗ്രഹമാക്കി'. ഓർമ്മിക്കുക, ദുരന്തം, പ്രശ്നം, പ്രതിസന്ധി, തകർച്ച എന്ന് നാം കരുതിയത് നന്മയുടെ വേഷപ്പകർച്ച യായിരുന്നുവെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടു. ജീവിത ത്തിൽ യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ല. എല്ലാം ദൈവേശ്ചികമാണ്. മനസ്സ് ശാന്തമാകട്ടെ....

**5. പ്രതിസന്ധി, പ്രശ്നം ഇവ അവസരമാണെന്ന് ചിന്തിക്കുക.**

പ്രശ്നം, പ്രതിസന്ധി ഇവ പരീക്ഷണമോ, വെല്ലുവി ളിയോ ആണ്. എന്റെ കഴിവും മികവും തെളിയിക്കുന്ന തിനുള്ള അവസരം. പ്രശ്നമില്ലാത്തവരായി ആരും ഈ ലോകത്തില്ല. പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടരു ത്, അഭിമുഖീകരിക്കുക, അതിജീവിക്കുക.... സ്വന്തം ശേഷി മറ്റുള്ളവർ അറിയട്ടെ.

**6. വിമർശനത്തെ ദർശനമാക്കുക**

മാമ്പഴമുള്ള മാവിനേഏറു കിട്ടൂ. ഒന്നും ചെയ്യാതിരി ക്കുന്നവർ സുരക്ഷിതരാണ്. പക്ഷേ, അവർക്ക് ജീവിത ത്തിൽ ഒന്നുമാകാനാവില്ല. എന്തെങ്കിലും ചെയ്താലേ ശ്രദ്ധിക്കപ്പെടൂ. വിമർശിക്കപ്പെട്ടാൽ അതിനർത്ഥം ഞാൻ ശ്രദ്ധിക്കപ്പെട്ടു എന്നാണ്. വിമർശനത്തെ പോസ്റ്റീവായി കാണാൻ മനസ്സിനെപരിശീലിപ്പിക്കുക. അങ്ങനെകുറ്റപ്പെടുത്തലുകളിലും വിമർശനങ്ങളിലും മനഃശാന്തി കണ്ടെത്തുക.

## III. മറ്റു ചില മാർഗ്ഗങ്ങൾ

**1. പ്രശ്നസാദ്ധ്യതകൾ മുൻകൂട്ടി കണ്ട് മുൻകരുത ലുകൾ സ്വീകരിക്കുക.**

ദൈനംദിനജീവിതത്തിൽ ഉണ്ടാകാൻ സാദ്ധ്യതയു ള്ള പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് അവയെ നേരിടാൻ മുൻകരുതലുകൾ സ്വീകരിക്കുക. പരീക്ഷ മുൻകൂട്ടി കണ്ട് ഒരുങ്ങുക, കുട്ടികളുടെ പഠനചിലവ്, വിവാഹം, വീടുപണി എന്നിവ മുൻകൂട്ടി കണ്ട് സാമ്പത്തീക കാര്യങ്ങൽ ക്രമീകരിക്കുക.

**2. സോഷ്യൽ സപ്പോർട്ട് സ്വീകരിക്കുക**

ജിവിതത്തിൽ എല്ലാ കാര്യങ്ങളും മുൻകൂട്ടി കാണാനോ തയ്യാറെടുക്കാനോ കഴിഞ്ഞെന്നു വരില്ല. ജീവിത പങ്കാളിയുടെ പെട്ടെന്നുള്ള മരണം, കുടും ബാംഗങ്ങളുടെ പെട്ടെന്നുള്ള രോഗം, അപകടം ഇത്തരം ആകസ്മിക സംഭവങ്ങൾ ഉണ്ടാകുമ്പോൾ വ്യക്തിക്ക് ഇവ ഒറ്റയ്ക്ക് നേരിടാനോ പരിഹരി ക്കാനോ കഴിഞ്ഞെന്ന് വരില്ല. ഇത്തരം ഘട്ടങ്ങളിൽ കുടുംബക്കാരുടേയും, സഹപ്രവർത്തകരുടേയും, അയൽവാസികളുടേയും മാനസീകസാന്ത്വനവും, ശാരീരികവും, സാമ്പത്തീകവുമായ സഹായങ്ങളും സ്വീകരിക്കുക വഴി മനഃശാന്തി കൈവരിക്കാനാകും. ഈയൊരു പ്രയോജനംകൂടി മുന്നിൽ കണ്ടാണ് സഭ കുടുംബയൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. അതു

കൊണ്ട് പ്രതിസന്ധി ഘട്ടങ്ങളിൽ മിഥ്യാഭിമാനം മാറ്റി വച്ച് മറ്റുള്ളവരുടെ സാന്ത്വനവും സഹായകവും സ്വീകരിക്കുക.

**3. വരവിനനുസരിച്ച് ചെലവ് ചെയ്യാൻ പരിശീലിക്കുന്നത് സാമ്പത്തിക പ്രശ്നങ്ങൾ മൂലമുള്ള മാനസീക സമ്മർദ്ദങ്ങൽ ഒഴിവാക്കുവാൻ സഹായിക്കും.**

**4. ചിട്ടയായ ജീവിതശൈലി സ്വീകരിക്കുക.**

പിരിമുറുക്കം കുറയ്ക്കാൻ ഏറ്റവും നന്നാണ് ചിട്ടയായ ജിവിതശൈലി. സമീകൃതാഹാരം, പുകവലി, മദ്യം ഇവ വർജ്ജിക്കൽ, ദിവസവും അല്പസമയം വ്യായാമം, വിനോദങ്ങൾക്ക് സമയം കണ്ടെത്തൽ, കുടുംബ പ്രാർത്ഥന, കൃത്യസമയത്തുള്ള ഉറക്കം എന്നിവ അനുദിനസംഘർഷങ്ങളുടെ കാഠിന്യം കുറയ്ക്കാൻ സഹായിക്കും.

**5. വ്യായാമ മുറകളായ യോഗ, മെഡിറ്റേഷൻ, റിലാക്സേഷൻ ട്രെയിനിംഗ് എന്നിവ പരിശീലിക്കുക.**

മാനസീക സംഘർഷങ്ങൾ ലഘൂകരിക്കാനും വ്യക്തിയുടെ ഏതൊരു പ്രശ്നത്തേയും ആത്മവിശ്വാസത്തോടെ നേരിടാനും ഇവ സഹായിക്കും. സൈക്കോളജിസ്റ്റുമാരുടെ സഹായത്തോടെ ഇവ പരിശീലിക്കാവുന്നതാണ്.

**6. ഉള്ള് തുറന്ന് സംസാരിക്കുക**

പലപ്പോഴും സംഘർഷമനുഭവിക്കുന്ന വ്യക്തി തന്റെ പ്രശ്നങ്ങളെക്കുറിച്ച് ആരുമായും തുറന്ന് സംസാരിക്കാറില്ല. ഇത്തരം മിഥ്യാനുഭവം മൂലം മനഃസംഘർഷങ്ങൾ കുമിഞ്ഞുകൂടി മാനസീകമായ പൊട്ടിത്തെറിയിൽ കലാശിച്ചേക്കാം. ഇതൊഴിവാക്കാൻ നമ്മുടെ പ്രശ്നങ്ങൾ, വിശ്വസ്തരും പക്വമതികളുമായ ആരെങ്കിലുമായി ഉള്ളുതുറന്ന് സംസാരിക്കേണ്ടത് അത്യാവശ്യമാണ്.

**7. കൗൺസലിംഗ് & സൈക്കോ തെറാപ്പി**

മാനസീക സംഘർഷം അനുഭവിക്കുന്നവർ അതിന്റെ ലക്ഷണങ്ങളാണ് പറയുക. ഉറക്കം കിട്ടുന്നില്ല, സ്വച്ഛത ലഭിക്കുന്നില്ല, ശരീരത്തിന് തളർച്ച അനുഭവപ്പെടുന്നു.... എന്നിങ്ങനെ. എന്തുകൊണ്ടിവ ഉണ്ടാകുന്നു എന്ന് ആർക്കും അറിഞ്ഞുകൂടാ. അതുകണ്ടുപിടിച്ച് പരിഹരിക്കുവാൻ കൗൺസിലിംഗും, സൈക്കോതെറാപ്പിയും സഹായിക്കും. കൗൺസിലിംഗിലൂടെ പ്രശ്നങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് കാരണങ്ങൾ കണ്ടെത്തുകയും പ്രശ്നപരിഹാരത്തിനുള്ള വൈകാരിക തടസ്സങ്ങളെ മനസ്സിലാക്കുകയും ചെയ്യുമ്പോൾ ശരിയായ അവബോധം ഉണ്ടാകുന്നു. ഈ അവബോധമാണ് ഒരു പരിധിവരെ പ്രശ്നപരിഹാരം. മാനസിക സംഘർഷങ്ങൾ മാറ്റി മനഃശാന്തി കൈവരിക്കാൻ ഏറ്റവും ശാസ്ത്രീയവും പ്രയോജനപ്രദവുമായ മാർഗ്ഗമാണിത്. ഇത് നടത്തുന്നത് കൗൺസിലേഴ്സും സൈക്കോളജിസ്റ്റുകളുമാണ്. മാനസീക സംഘർഷങ്ങൾ ലഘൂകരിക്കാൻ ഒത്തിരി മനഃശാസ്ത്ര ടെക്നിക്കുകൾ ഉണ്ട്. സൈക്കോ തെറാപ്പിയിൽ അതുകൂടി പ്രയോജനപ്പെടുത്തുന്നു. ഉദാഹരണം : റിലാക്സേഷൻ ടെക്നിക്സ്, ബയോ ഫീഡ്ബാക്ക്, ഹിപ്പ്നോട്ടിസം, മെഡിറ്റേഷൻ, യോഗ, തോട്ട് സ്റ്റോപ്പ് ടെക്നിക്ക് ഇവ. മാനസീക സംഘർഷം നമ്മുടെ പരിധിക്കപ്പുറമായാൽ കൗൺസിലിംഗ് പ്രയോജനപ്പെടുത്തുക.

**ഉപസംഹാരം**

മനഃശാന്തി നഷ്ടപ്പെട്ട് വിഷമിക്കുന്നവർ മഹാജ്ഞാനിയായ ശലോമോൻ നൽകുന്ന ഉപദേശം ഗൗരവമായി പരിഗണിക്കേണ്ടതാണ്. ‘നിങ്ങളുടെ മനസ്സിൽ നിന്ന് എല്ലാ ആകുലചിന്തകളും ആട്ടിപ്പായിക്കുക. അങ്ങനെനിങ്ങളുടെ ശരീരത്തെ വേദനകളിൽ നിന്ന് സ്വതന്ത്രമാക്കുക’. റോമൻ ചക്രവർത്തിയായിരുന്ന മാർക്കസ് ഔറേലിയോസ് പ്രാർത്ഥിച്ചു, ‘ദൈവമേ, ഭൗതിക സമ്പത്ത് വിഡ്ഢികൾക്ക് കൊടുക്കുക. എനിക്കാവശ്യം ശാന്തമായ മനസ്സാണ്. അതെനിക്ക് നൽകിയാലും’.




**32-ാം വിവാഹ വാർഷികം**

ആഘോഷിക്കുന്ന

**അപ്പയ്ക്കും അമ്മയ്ക്കും**

**ആശംസകൾ....**

എന്ന്,

**എൽദോ, എൽസൺ, അനു**

പെരുന്നാൾ ആശംസകൾ....

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

# പ്രീമിയം കളക്ഷൻ സെന്റർ

(ഗവ. ആശുപത്രിക്ക് സമീപം) പള്ളിക്കര

- ഇന്ത്യയിലെ ഏത് എൽ.ഐ.സി. ബ്രാഞ്ചിൽ നിന്നെടുത്ത പോളിസികളുടെ പ്രീമിയം അടച്ച് അംഗീകൃത രസീത് വാങ്ങാവുന്നതാണ്.
- എൽ.ഐ.സി. പോളിസി സംബന്ധമായ എല്ലാ സേവനങ്ങളും സൗജന്യമായി ലഭിക്കുന്നതാണ്.
- നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ മെഡിക്ലെയിം, വാഹനഇൻഷുറൻസ് എന്നിവയും എടുക്കാവുന്നതാണ്.
- എൽ.ഐ.സി. ഏജൻസി എടുക്കുവാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
- കുട്ടികളുടെ ഉപരിപഠനത്തിനും, വിവാഹ ആവശ്യങ്ങൾക്കുമുള്ള എൽ.ഐ.സി.യുടെ അതിനൂതന പദ്ധതികൾ ലഭിക്കുന്നു.

**BABY VARGHESE** (Chief Advisor)
Code No. : 41278 A
10th Crocrepathy & 10th Centurian
One Day Centurian - 2012
Chairman's Club Member
LIC of INDIA, Tripunithura Branch
Res : Prakkayam House, Kumarapuram P.O.

Ph : (Off) 2683578
(Res) 2682155
Mob : 9447182155
9847001976
email : babylic.varghese@gmail.com





ആശംസകൾ.....

ഫോൺ : **9495217798, 2684169**

# ഏദൻസ്

## അഗ്രോഫാംസ്

പള്ളിക്കര

**ഫലവൃക്ഷതൈകൾ, അലങ്കാര ചെടികൾ**

*ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുക.....*

പ്രകൃതിദത്തമായ ഉൽപ്പന്നങ്ങളിൽ നിന്നും ഉണ്ടാക്കിയെടുത്ത ജൈവമരുന്നുകളായ ജൈവസ്പർശ കുമിൾ നാശിനി (കുമിൾ, ബാക്ടീരിയ, വൈറസ് എന്നീ അണുക്കളെ പ്രതിരോധിക്കാൻ), ജൈവ ഭക്ഷ്യ പരിപൂരകം (ചെടികളുടെ വളർച്ചയ്ക്കും അവ പുഷ്പിക്കുന്നതിനും ) എന്നീ മരുന്നുകൾ ഏദൻസ് അഗ്രോഫാമിൽ വിതരണത്തിനെത്തിയിരിക്കുന്നു. ഈ മരുന്നുകൾ അലങ്കാരചെടികൾ, വാഴ, പച്ചക്കറികൾ, പച്ചമുളക് എന്നിവയുടെ വളർച്ചക്കും ചെടികൾ പുഷ്പിക്കുന്നതിനും വളരെയേറെ പ്രയോജനപ്പെടുന്നു.

# ജനമൈത്രി പോലീസും ആത്മീയതയും.....



**സി. കെ. തോമസ്**
ഗ്രേഡ് സബ് ഇൻസ്പെക്ടർ
കുന്നത്തുനാട് പോലീസ് സ്റ്റേഷൻ

**എ**ന്റെ ലേഖനത്തിന്റെ തലക്കെട്ട് വായിച്ച് ആരും അതിശയപ്പെട്ട് തലയിൽ കൈവയ്ക്കേണ്ട കാര്യമില്ല. പോലീസും ആത്മീയതയും തമ്മിൽ കടലും കടലാടിയും പോലെ വളരെ വളരെ അന്തരമുള്ള വിഷയങ്ങളായിട്ടാണല്ലോ ഞാനും ഈ ലേഖനം വായിക്കുന്നവരും മുമ്പു കരുതിയിരുന്നത്. സംഗതി സത്യവുമായിരുന്നു. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിനും വളരെ മുമ്പ് ബ്രിട്ടീഷ് സർക്കാർ പോലീസ് സേനയെ രൂപീകരിക്കുന്നത് തങ്ങൾക്കെതിരെ ശബ്ദിക്കുന്നവരെ മർദ്ദിച്ചൊതുക്കുന്നതിനുള്ള മർദ്ദന ഉപകരണമായിട്ടായിരുന്നു. പിന്നീട് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷവും കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് മർദ്ദനം ഒരു പ്രധാനപ്പെട്ട മാർഗ്ഗമായി കണ്ടിരുന്നു. അപ്പോൾ നിരപരാധികൾക്കും മർദ്ദനം ഏൽക്കേണ്ടതായും വന്നിരുന്നു. എന്നാൽ കാലഘട്ടങ്ങൾ മാറിയപ്പോൾ ഇത്തരത്തിലുള്ള പോലീസിനെ അല്ല സമൂഹത്തിനാവശ്യം എന്ന് ഭരണാധികാരികളും ഡിപ്പാർട്ടുമെന്റ് മേലധികാരികളും തിരിച്ചറിഞ്ഞതിനെ തുടർന്ന് 2010 വർഷത്തിൽ ജനമൈത്രി പോലീസ് എന്ന ആശയം രൂപപ്പെടുകയും സംസ്ഥാനത്ത് ഏതാനും പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ജനമൈത്രി പോലീസിന്റെ പ്രവർത്തനം ആത്മാർത്ഥതയോടെ നടത്തിയ സ്ഥലങ്ങളിലെല്ലാം ഈ പദ്ധതി നല്ലതാണെന്നും ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണെന്നും തിരിച്ചറിഞ്ഞതിനെതുടർന്ന് കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുകയാണ്. അങ്ങനെ 2011 ഫെബ്രുവരി മാസം മുതൽ കുന്നത്തുനാട് പോലീസ് സ്റ്റേഷനും ജനമൈത്രി പോലീസ് സ്റ്റേഷനായി പ്രവർത്തിച്ചുവരികയാണ്.

ജനമൈത്രി പോലീസ് എന്നുള്ള പേരിൽ തന്നെ എന്താണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണല്ലോ.ജ നമൈത്രിഎ ന്നാൽജ നങ്ങളുമായി കൂട്ടുകൂടുക, ജനങ്ങളെ സ്നേഹിക്കുക എന്നെല്ലാമാണല്ലോ. യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ ലോകത്തിനു കാണിച്ചു കൊടുത്തതും, ജനത്തെ പഠിപ്പിച്ചതും പരസ്പരം സ്നേഹിക്കുവാനാണല്ലോ. ''നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക'', ''ശത്രുവിനെസ്നേഹിക്കുക'' എന്നെല്ലാമാണല്ലോ യേശുദേവൻ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ജനമൈത്രി പോലീസിന്റെ മുഖമുദ്രയും സ്നേഹമാണ്. ഒരു പോലീസുദ്യോഗസ്ഥൻ എന്ന നിലയിൽ ജനങ്ങളെ സ്നേഹിക്കുകയും ജനങ്ങൾക്ക് ഉപകാരപ്പെടാവുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ ജനങ്ങളുടെ സ്നേഹവും ആദരവും തിരിച്ചും ഉണ്ടാകും എന്നാണ് എന്റെ ആനുഭവത്തിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

ഒരാളുടെ ഭവനം കുത്തിപ്പൊളിച്ച് സ്വർണ്ണാഭരണങ്ങളും, പണവും ഉൾപ്പെടെ വിലപിടിപ്പുള്ള മുതലുകൾ മോഷണം പോയി എന്നിരിക്കട്ടെ. അത് അന്വേഷിച്ച് കണ്ടെത്തി നഷ്ടപ്പെട്ട മുതലുകൾ തിരിച്ചു കിട്ടുമ്പോൾ ആ ഭവനത്തിലെ അംഗങ്ങൾ അന്വേഷണം നടത്തിയ പോലീസുദ്യോഗസ്ഥന്മാരോട് അതുല്യമായ സ്നേഹമായിരിക്കും പ്രകടിപ്പിക്കുക.

ഒരു ചെറിയ ഉദാഹരണം പറയാം. 2008 ൽ ഒരു ദിവസം രാത്രിയിൽ കിഴക്കമ്പലം ടൗണിലുള്ള ഒരു വീടിന്റെ മുൻവശത്തെ വാതിൽ കുത്തിപ്പൊളിച്ച് കള്ളൻ അകത്തു കടന്ന് വിലപിടിപ്പുള്ള ലാപ്ടോപ്പും സ്വർണ്ണാഭരണങ്ങളും മറ്റും മോഷണം നടത്തിയിരുന്നു. ആ വീട്ടുകാർ വിദേശത്ത് ജോലിയുള്ളവരാണ്. അവർ അവധിക്ക് വന്ന് കുടുംബാംഗങ്ങൾ ഒന്നിച്ച് വേളാങ്കണ്ണിയിൽ തീർത്ഥയാത്രപോയിരുന്ന സമയത്തായിരുന്നു മോഷണം നടന്നത്. 3 ദിവസത്തിനു ശേഷം പുലർച്ചെ വീട്ടിൽ തിരിച്ചെത്തുമ്പോഴാണ് മോഷണ വിവരം അറിഞ്ഞത്. വിദേശത്ത് 12-ാം ക്ലാസ്സിൽ പഠിക്കുന്ന വീട്ടുടമയുടെ മകളുടെ ലാപ്ടോപ്പായിരുന്നു മോഷണം പോയത്. ആ കുട്ടി പഠിക്കുന്ന ക്ലാസ്സിലെ കുറെ വിദ്യാർത്ഥികൾ ഉൾപ്പെട്ട ഒരു ഗ്രൂപ്പിന്റെ ലീഡറായിരുന്നു . ആ ഗ്രൂപ്പിൽപ്പെട്ട കുട്ടികൾ ചെയ്ത വർക്കുകൾ എല്ലാം ഈ ലാപ്ടോപ്പിലാ

യിരുന്നു ശേഖരിച്ചു വച്ചിരുന്നത്. അത് മോഷണം പോയതോടെ കുട്ടി ഊണും ഉറക്കവും ഉപേക്ഷിക്കുകയും ലാപ്ടോപ്പു കിട്ടാതെ താൻ ഇനി ക്ലാസ്സിലേക്കില്ലെന്ന് മാതാപിതാക്കളെ അറിയിക്കുകയും കുട്ടി വളരെ അധികം മാനസീകപ്രയാസത്തിലാവുകയും ചെയ്തു. ഈ കേസ്സിന്റെ അന്വേഷണം നടത്തുന്നതിന് എന്നെ ചുമതലപ്പെടുത്തിയതനുസരിച്ച് വളരെ വിദഗ്ദമായി നടത്തിയ അന്വേഷണത്തെത്തുടർന്ന് എതാനും മണിക്കൂറുകൾക്കകം മോഷ്ടാവിനെപിടികൂടുകയും നഷ്ടപ്പെട്ട ലാപ്ടോപ്പടക്കമുള്ള മുതലുകൾ എല്ലാം വീണ്ടെടുക്കുകയും ചെയ്തു. ആ മുതലുകൾ തിരിച്ചു കിട്ടിയപ്പോൾ ആ പെൺകുട്ടിയുടെയും കുടുംബത്തിന്റെയും സന്തോഷം പറഞ്ഞറിയിക്കുവാൻ പറ്റാത്തതായിരുന്നു. ആ കേസ്സ് തെളിയിക്കുവാൻ ഞങ്ങളെ സഹായിച്ചത് അയൽവാസികളിൽ നിന്നും ലഭിച്ച ചില വിലപ്പെട്ട വിവരങ്ങളും പിന്നെ ആ കുടുംബത്തിന്റെ പ്രാർത്ഥനയുമായിരുന്നു. പൊതുജനം പോലീസുമായി സഹകരിക്കുകയും അറിയാവുന്ന വിവരങ്ങൾ മടികൂടാതെ പോലീസിനോടു പറയാൻ തയ്യാറാവുമ്പോഴുമാണ് കേസ്സുകൾക്ക് തെളിവുണ്ടാകുന്നത്.

ജനമൈത്രി പോലീസ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതും ഇതുപോലുള്ള പോതുജനസഹകരണമാണ്. ഉണ്ടാകാൻ സാദ്ധ്യതയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും ഉണ്ടായവ തെളിയിക്കുന്നതിനും പൊതുജനസഹകരണം അത്യന്താപേക്ഷിതമാണ്. ഒരു കുറ്റകൃത്യത്തെപ്പറ്റി അറിവുണ്ടായിരുന്നിട്ടും കോടതിയിൽ പോകേണ്ടിവരുമല്ലോ എന്നു കരുതി അന്വേഷണ ഉദ്യോഗസ്ഥരോട് പറയാതിരിക്കുമ്പോഴാണ് കേസ്സുകൾ തെളിയാതെ പോകുന്നത്.

യേശുക്രിസ്തു ജനത്തെ പഠിപ്പിച്ചതും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതും പസ്പരം സ്നേഹിക്കുക എന്നതാണ്. പൊതുജനങ്ങളുമായി സ്നേഹത്തിലും സഹകരണത്തിലും പ്രവർത്തിച്ച് കുറ്റകൃത്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനാണ് ജനമൈത്രി പോലീസ് ശ്രമിക്കുന്നത്.

പോലീസ് പൊതു ജനസഹകരണത്തിലൂടെ കുറ്റകൃത്യങ്ങൾ ഇല്ലാത്ത ഒരു നാളേക്കുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് കൈകോർക്കാം.

**(ലേഖകൻ കുന്നത്തുനാട് പേലീസ് സ്റ്റേഷനിലെ ഗ്രേഡ് സബ് ഇൻസ്പെക്ടറും ജനമൈത്രി പോലീസ് കമ്യൂണിറ്റി റിലേഷൻ ഓഫീസറുമാണ്)**

MRF T&S
MRF
TYRES & SERVICE FRANCHISE
മറ്റക്കാട്ടിൽ ടയേഴ്സ്
MATTAKKATTIL TYRES
Mattakkattil Building, Kumarapuram P.O.
Pallikkara, Kochi - 683 565.
Ph : 0484 - 2683145
Computerised wheel alignment & wheel balancing

# ദൈവ സഖിത്വം

# *Fellowship with God.*



എ.സി. പത്രോസ്
ആഞ്ചേരിൽ

**ആ**ദമേ നീ എവിടെ എന്ന് ചോദിച്ചുകൊണ്ട് ഏദൻ തോട്ടത്തിലേക്ക് മനുഷ്യസഖിത്വത്തിന്നായി ഇറങ്ങിവരുന്ന ദൈവത്തേയും മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ദൈവസഖിത്വത്തിന്നായി വാഞ്ചിക്കുന്ന മനുഷ്യനേയും വി. ബൈബിളിൽ നാം കണ്ടെത്തുന്നു (ഉല്പ: 2:9, സങ്കീ. 42:1–2). ഏകാന്തതയുടേയും ഒറ്റപ്പെടലിന്റേയും തീവ്രത വളരെ വലുതാണ്.മ റ്റുമ നുഷ്യരുടെ,ദെ ദവത്തിന്റെസ ഖിത്വം ഏതൊരു മനുഷ്യനും അത്യന്താപേക്ഷിതമാണ്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. ദൈവം പ്രത്യേകമായി സന്യസ്ത ജീവിതത്തിലേക്കു വിളിച്ചിരിക്കുന്നവരുടെ ഏകാന്തതയും ഇവിടെ വിസ്മരിക്കുന്നില്ല. എങ്കിലും അവർക്കും ദൈവത്തിന്റേയും പ. സഭയുടേയും സഖിത്വം വേണമല്ലോ.

ഏകാന്തതയുടേയും ഒറ്റപ്പെടലിന്റേയും ആ തീവ്ര ദുഃഖത്തിൽ ഇയ്യോബ് പറഞ്ഞു ''അവിടുന്നു എന്നെ തകർക്കാൻ കനിഞ്ഞിരുന്നെങ്കിൽ, എന്നെ വിഛേദിച്ചിരുന്നെങ്കിൽ അതു എനിക്ക് ആശ്വാസമാകുമായിരുന്നു''. യേശുവിന്റെ കുരിശാരോഹണവേളയിൽ പാതാവാം ദൈവത്തിന്റെ സഖിത്വം തനിക്ക് അനുഭവിക്കാനാകാതെ വന്നപ്പോൾ ''എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് ?'' എന്ന് യേശുപോലും നിലവിളിച്ചു പോകുന്നു. പാതാളത്തിൽ യാതനഅനുഭവിച്ച് കേഴുന്ന ധനവാനും ആന്തരീകമായി നഷ്ടപ്പെട്ടുപോയ ദൈവസഖിത്വത്തേയും മനുഷ്യസഖിത്വത്തേയും വിളിച്ചറിയിക്കുന്നുണ്ട്.

## I. ദൈവസഖിത്വം അനുഭവിച്ചവർ

(1) ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു ദൈവം അവനെഎടുത്തുകൊണ്ടതിനാൽ കാണാതെയായി (ഉൽപ. 5:24). 'ഒരുവന്റെ ചിന്ത എന്താണോ അതാണവൻ' ഹാനോക്ക് ദൈവീക ചിന്തകൾ ചിന്തിച്ചു ദൈവത്തിൽ വിശ്വസിച്ചു. ദൈവത്തിന് പ്രസാദമായതു പ്രവർത്തിച്ചു. ഈ ദൈവീക കൂട്ടായ്മയിൽ ചരിച്ചു.

(2) പൂർവ്വ പിതാവായ യൗസേഫ് ഈ ദൈവീക സഖിത്വം അനുഭവിച്ചു (ഉല്പ. 39–23). ''യഹോവ അവനേടു കൂടെ ഇരുന്ന് അവൻ ചെയ്തതൊക്കെയും സഫലമാക്കുക കൊണ്ട് അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹ പ്രമാണി നോക്കിയില്ല''. പൊത്തിഫേറിന്റെ ഭവനത്തിലും, കാരാഗൃഹത്തിലും എല്ലാ പ്രതികൂല സാഹചര്യങ്ങളിലും യൗസേഫ് ഈ ദൈവീക സഖിത്വം അനുഭവിക്കുകയും അതു അവനെമിസ്രയിമിലെ മന്ത്രിപദത്തിലേക്ക് ഉയർത്തുകയും ചെയ്തു.

(3) മോശയും ഇസ്രായേൽ ജനവും ഈ ദൈവീക സഖിത്വം അനുഭവിച്ച് ധന്യാവസ്ഥയിലേക്കുയർന്നു. ദൈവീക സഖിത്വത്തിന്റെ ശ്രേഷ്ഠതയെ അറിഞ്ഞ മോശ ഇങ്ങനെപ്രാർത്ഥിച്ചു. ''കർത്താവേ നിനക്ക് എന്നോടു കൃപയുണ്ടെങ്കിൽ കർത്താവ് ഞങ്ങളുടെ മദ്ധ്യേ നടക്കേണമേ'' പുറ. 34:9. ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും. ഞാൻ അവർക്കു ദൈവവും അവർ എനിക്ക് ജനവുമാകുന്നു.

(4) ഈ ദൈവീക കൂട്ടായ്മയുടെ (Fellowship with God) മാധുര്യം അനുഭവിച്ചു ജീവിച്ചുകൊണ്ടിരുന്ന ദാവീദും തന്റെ അനുഭവം സങ്കീർത്തനങ്ങളിലൂടെമ നോഹരമായിവ വിരിക്കുന്നുണ്ട്.അ തിലൊന്ന് ഇതാണ്. ''കൂരിരുൾ താഴ്വരയിൽ കൂടെ നടന്നാലും ഞാനൊരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ'' (സങ്കീ. 23:4).

(5) ക്രിസ്തുവിൽ ''ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാന്നുവേൽ ആയി വാഗ്ദത്ത പ്രകാരം നമ്മോടുകൂടെ വസിച്ചു (മത്താ.1:23). ആ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ നാം വസിക്കുമ്പോൾ നാമും ദൈവത്തോടുകൂടെ വസിക്കുന്നു. പുതിയ നിയമത്തിൽ അപ്പോസ്തലന്മാർ ഈ ദൈവീക കൂട്ടായ്മ അനുഭവിച്ചു. യേശു പന്ത്രണ്ടുപേരെ തെരെഞ്ഞെടുത്തത് പ്രധാനമായും 3 കാര്യങ്ങൾക്കു വേണ്ടിയാണ്. (a) അവർ തന്നോടുകൂടെ ഇരിപ്പാനും (b) പ്രസംഗിക്കേണ്ടതിന് അയപ്പാനും (c) ഭൂതങ്ങളെ പുറത്താക്കാനും (വി. മർക്കോസ് 3:14). അവർ യേശുവിനോടുകൂടെ ആയിരുന്നുകൊണ്ട് ഈ ദൈവീക കൂട്ടായ്മ അനുഭവിച്ചു.

## II. ദൈവസഖിത്വം നഷ്ടപ്പെടുത്തിയവർ

(1) ഏദനിൽ ആദാം അനുഭവിച്ച ദൈവീക കൂട്ടായ്മ അത്യന്തം മനോഹരമായിരുന്നു. വൃക്ഷങ്ങളുടെ ഇടയിലൂടെ നടന്ന് അവൻ അനുഭവിച്ച ആ ദൈവീക കൂട്ടായ്മയെ ഈറേ മാലാഖമാർ കണ്ട് മണ്ണിനുയർച്ചയിലുണ്ടായ ആ മഹത്വത്തെപ്പറ്റി അവർ അത്ഭുതപ്പെടുന്നതായി വി. കുർബ്ബാനഗീതത്തിൽ നാം ചൊല്ലുന്നുണ്ട്. എങ്കിലും പാപം മൂലം ആദം അതു നഷ്ടപ്പെടുത്തി.

(2) ഈ ദൈവീക സഖിത്വം മഹത്തരമാം വിധം അനുഭവിച്ച് ആ വെളിച്ചത്തിൽ ഉല്ലസിച്ച് നടന്ന പന്തിരുവരിൽ ഒരുവനായ യൂദായും ദ്രവ്യാഗ്രഹവും വഞ്ചനയും മൂലം ഈ വിലയേറിയ ഫെലോഷിപ്പിനെനഷ്ടപ്പെടുത്തിക്കളഞ്ഞു.

(3) യിസ്രയേലിലെ പ്രഥമ രാജാവായ ശൗലും അനുസരണക്കേട് എന്ന പാപം മൂലം ഈ ദൈവീക കൂട്ടായ്മയെ നഷ്ടപ്പെടുത്തുന്നു. "യഹോവയുടെ ആത്മാവ് അവനെവിട്ടുമാറി യഹോവ അയച്ച ഒരു ദുരാത്മാവ് അവനെബാധിച്ചു" (1 ശമു: 16:14).

(4) ശലോമോൻ സകല മനുഷ്യരേക്കാൾ ജ്ഞാനി ആയിരുന്നു. ശിംശോനാകട്ടെ എല്ലാവരേക്കാളും ബലമേറിയവനും, എങ്കിലും ജഢമോഹം എന്ന പാപത്തിൽ ദലീല എന്ന വേശ്യ സ്ത്രീ മൂലം നാസീർ വ്രതക്കാരനും യിസ്രയേലിന്റെ ന്യായാധിപനുമായ ശിംശോന് ഈ ദൈവീക സഖിത്വം നഷ്ടപ്പെടുന്നു. യഹോവ തന്നെ വിട്ടു എന്നറിയാതെ.... (ന്യായ:16:20) എങ്കിലും ഈ ശിംശോൻ വീണ്ടും അനുതപിച്ചു പ്രാർത്ഥിച്ച് നഷ്ടപ്പെട്ടുപോയ തന്റെ ദൈവീക സഖിത്വം വീണ്ടെടുക്കുന്നു. അതിനാൽ വിശ്വാസ വീരന്മാരുടെ പട്ടികയിൽ ശിംശോനും ഉൾപ്പെടുന്നു (ന്യായ:16:28, എബ്ര:11:32).

## III. ദൈവീക സഖിത്വം (Fellowship with God)

**ഒരു വിവരണം**

രണ്ടു പാത്രത്തിലുള്ള ജലം യോജിപ്പിച്ചാൽ അത് പിന്നീട് രണ്ടായിരിക്കാതെ ഒന്ന് മറ്റൊന്നിൽ കലർന്ന് പരസ്പരം ലയിക്കുന്നു. സമുദ്രത്തിൽ വന്നു ചേരുന്ന നദികൾ ഇങ്ങനെലയിക്കുന്നു. എന്നാൽ ദൈവത്തോടുള്ള ഐക്യം മൂലം മനുഷ്യന്റെ വ്യക്തിത്വം (Personality) നശിച്ച് ഇല്ലാതാകുന്നില്ല.

ഒരു കെട്ടിടത്തിന്റെ പണിയിൽ ഉപയോഗിക്കുന്ന കല്ല്, മരം, കമ്പി, സിമന്റ് മുതലായ വിവിധ സാധനങ്ങൾ ഒന്നായി കൂട്ടി യോജിപ്പിച്ച് ഒരു മന്ദിരമാക്കിത്തീർക്കുന്നു. ഇവിടെ സാധനങ്ങൾ ബാഹ്യമായി കൂട്ടിച്ചേർക്കുകയാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യം ഇങ്ങനെബാഹ്യമായിട്ടുള്ളതുമല്ല.

ദൈവം സൃഷ്ടാവും, സർവ്വവ്യാപിയും ആകയാൽ സകല സൃഷ്ട വസ്തുക്കളും ദൈവത്തിൽ നിന്നും ദൈവത്താലും നിലനിൽക്കുന്നുവെങ്കിലും സ്വതന്ത്ര ബുദ്ധിയുള്ള (Free will) ഒരു മനുഷ്യന് ആത്മീയമായി ദൈവത്തോട് ഐക്യപ്പെടാതെ ജീവിക്കാൻ കഴിയും. ഒരു വീട്ടിൽ അപ്പനും മകനും ഹൃദയൈക്യം കൂടാതെ ബാഹ്യമായ യോജിപ്പിൽ വേണമെങ്കിൽ ജിവിക്കാമല്ലോ. ഈ അവസ്ഥ അവർക്കു സൗഖ്യത്തെ പ്രദാനം ചെയ്യുന്നില്ല എന്നു മാത്രമല്ല പലപ്പോഴും അസ്വസ്ഥത ഉളവാക്കുക കൂടെ ചെയ്യുന്നു. ഇപ്രകാരമുള്ള ദുരവസ്ഥയിൽ ചിലപ്പോൾ മക്കൾ മാതാപിതാക്കന്മാരെ ഉപേക്ഷിച്ച് ബാഹ്യമായി കൂടി അകന്നിരിപ്പാൻ നാടുവിട്ടു പോകാറുണ്ടല്ലോ. അതിനാൽ ബാഹ്യമായിട്ടു മാത്രമല്ല ആത്മീകവും ആന്തരീകവുമായി ദൈവസഖിത്വം ഇല്ലാത്തിടത്തോളം കാലം ദൈവം മനുഷ്യനോടു യോജിച്ചിരിക്കുന്നു എന്നു പറയുന്നതു യഥാർത്ഥമല്ല. രണ്ടു പേർ ഒത്തിട്ടല്ലാതെ എങ്ങനെഒരുമിച്ച് നടക്കുമെന്ന് ജ്ഞാനിയായ ശലോമോനും ചോദിക്കുന്നുണ്ട്.

രണ്ടാത്മാക്കൾ തമ്മിലുള്ള സംയോജ്യതയെ കാണിപ്പാൻ വസ്തുക്കളുടെ യോജിപ്പനെദൃഷ്ടാന്തമായെടുത്താൽ മതിയാകയില്ല. അതിനാൽ ഭാര്യാഭർത്താക്കന്മാരുടെ ഐക്യജീവിതത്തെക്കുറിച്ച് ചിന്തിക്കാം. ഭാര്യാഭർത്താക്കന്മാർ രണ്ടല്ല ഒന്നത്രെ എന്നാണ് വി. വേദം സാക്ഷിക്കുന്നത്(മത്താ:19:6). ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യജീവിതത്തിൽ നാലു വ്യവസ്ഥകൾ നമുക്ക് ദർശക്കാനാകും.

**(1) പരസ്പര ധാരണ (Mutual Understanding)**

പരസ്പര ധാരണ ഉണ്ടാകേണ്ടതിലേക്കു അന്യോന്യമുള്ള അറിവ് മാത്രമുണ്ടായാൽ പോരാ അറിവോടുകൂടി അനുകമ്പ കൂടി ഉണ്ടായിരുന്നാൽ മാത്രമേ പരസ്പരം തെറ്റിദ്ധരിക്കാതിരിക്കാനുള്ള കഴിവുണ്ടാകൂ.

**(2) അന്യോന്യ വിശ്വാസം (Mutual Confidence)**

പരസ്പര ധാരണ (Mutual Understanding) ശരിയാകണമെങ്കിൽ അന്യോന്യ വിശ്വാസം വേണം. ഒരാൾക്ക് മറ്റൊരാളുടെ ആന്തരത്തെപ്പറ്റി ബഹുമാനവും വിശ്വാസവും നിലനിൽക്കണം.

**(3) തുറന്ന ഹൃദയം വേണം (Mutual Openness)**

തുറന്ന ഹൃദയം ഇല്ലെങ്കിൽ പരസ്പര വിശ്വാസം അഥവാ അന്യോന്യമുള്ള വിശ്വാസം ശാശ്വതമായി നിലനിൽക്കില്ല. ചിലർ ചില കാര്യങ്ങളെ മറച്ചു വെക്കുന്നതും തീരുമാനത്തിൽ എത്തുന്നതിനുമുമ്പുള്ള ആലോചനകൾ അറിയിക്കാതിരിക്കുന്നതും വലിയ അബദ്ധമെന്ന് ക്രമേണ ബോദ്ധ്യമാകാറുണ്ട്.

**(4) ആഴമേറിയ പരസ്പരസ്നേഹം**

സ്നേഹമാണ് ഐക്യതയും സമാനതയും ഉളവാക്കുന്നത്. ബന്ധങ്ങളെ കൂട്ടിയോജിപ്പിക്കുന്ന കണ്ണിയും സ്നേഹം തന്നെ. ജീവിതത്തിൽ വളർത്തിയാൽ വളരുന്നതും തളർത്തിയാൽ തളരുന്നതും ഈ സ്നേഹം തന്നെ.

ദൈവവുമായുള്ള ഐക്യത്തിലും ഈ നാലു വ്യവസ്ഥകൾ അത്യാവശ്യമാണ്.

(1) ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യന് വേണം. ദൈവത്തെക്കുറിച്ചുള്ള അറിവ് കൂടാതെ ദൈവസഖിത്വത്തിൽ വളരാനാവില്ല.

(2) ദൈവത്തെക്കുറിച്ച് പൂർണ്ണ വിശ്വാസം നമുക്കുണ്ടായിരിക്കണം. ദൈവത്തിന്റെ ഉദ്ദേശശുദ്ധിയിൽ-പ്രാപ്തിയിൽ എല്ലാം നാം പൂർണ്ണമായി വിശ്വസിക്കണം.

(3) നമ്മുടെ അന്തരംഗത്തെ ദൈവത്തിന് തുറന്ന് കാണിച്ചുകൊണ്ടിരിക്കണം. മറവോ, കപടതയോ അതിലുണ്ടാകരുത്. ദൈവത്തിന്റെ തിരുമനസ്സ് തന്റെ പുത്രനായ ക്രിസ്തുവിൽ കൂടെയും പരിശുദ്ധാത്മാവ് വഴിയായും സ്വീകരിക്കപ്പെടാനുള്ള നമ്മുടെ മനസ്ഥിതിക്കനുസരണമായി നമുക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ടിരിക്കും.

(4) ദൈവവും നാമുമായി സ്നേഹം പങ്കുവെച്ച് വളർത്തിക്കൊണ്ടു വരണം. യേശു വി. പത്രോസ് ശ്ലീഹായോട് ചോദിക്കുന്നതു നീ എന്നെ സ്നേഹിക്കുന്നുവോ എന്നാണ്. 4 പൂർണ്ണതകളോടെ ദൈവത്തെ സ്നേഹിപ്പാൻ തിരുവചനം നമ്മെ പഠിപ്പിക്കുന്നു. (1) പൂർണ്ണ ഹൃദയത്തോടെ (ഹൃദയം എന്ന പദത്തിന്റെ ഉത്ഭവം ഹൃദി, അയം എന്നീ രണ്ട് പദങ്ങൾ സംയോജിക്കുമ്പോഴാണെന്നും ഹൃദയത്തിൽ അയം അഥവാ ദൈവം വസിക്കുന്നതുകൊണ്ടാണ് ഹൃദയം എന്ന് പറയപ്പെടുന്നത് എന്ന് വായിച്ചിട്ടുണ്ട്). (2) പൂർണ്ണമനസ്സോടെ (3) പൂർണ്ണാത്മാവോടെ (4) പൂർണ്ണ ശക്തിയോടെ.

## IV. ദൈവസഖിത്വത്തിന്റെ തടസ്സങ്ങളും, അതിന്റെ വളർച്ചയും.

ഈ ദൈവീക കൂട്ടായ്മയിലെ പ്രധാനവിഘ്നങ്ങളിലൊന്ന് പാപമാണ്. ''നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്'' (യെശ. 59:2). ദൈവീക കൂട്ടായ്മയിലുള്ള വളർച്ചയിലെ തളർച്ചയാണ് പാപം. ഇരുമ്പിനെതുരുമ്പെന്ന വണ്ണം ഈ ബന്ധത്തെ പാപം വികലമാക്കും.

കപ്പലിൽ പറ്റിപ്പിടിക്കുന്ന എറുമ്പു മത്സ്യം (Remora) ഉളവാക്കുന്ന നാശഫലം ആത്മാവിൽ പിടിച്ചു നിൽക്കുന്ന ഇച്ഛയും ഉളവാക്കും. എറുമ്പു മത്സ്യം വളരെ ചെറിയ ജീവിയാണ്. പക്ഷേ അതു പറ്റിപ്പിടിക്കുന്ന പക്ഷം യാനപാത്രം മുമ്പോട്ടു നീങ്ങുകയില്ല. തുറമുഖത്തെത്തുകയില്ല. (കർമ്മലമലയേറ്റം - സെന്റ് ജോൺ ഓഫ് ദ ക്രോസ്.)

കത്തുന്ന തീയുടെ ചൂട് ഒരു ഡിഗ്രി കുറവാണെങ്കിൽ അതിലിടുന്ന വിറക് അഗ്നിയായി രൂപാന്തരപ്പെടുകയില്ല. അതുപോലെ ആത്മാവിൽ ഒരൊറ്റ ന്യൂനത അവശേഷിക്കുന്നുണ്ടെങ്കിൽ ദൈവസായൂജ്യം അസാദ്ധ്യം (ibid).

''ഒരു പാത്രത്തിലെ ദ്വാരം എത്ര ചെറുതായാലും അതു നന്നാക്കാത്ത പക്ഷം അതിനുള്ളിലെ ദ്രവം മുഴുവനും നഷ്ടപ്പെടുന്നു. ഒരേ പൊരിയിൽ നിന്ന് അഗ്നി പടർന്നു പിടിക്കുന്നു'' (പ്രഭാഷകൻ)

അതിനാൽ ആത്മാവിനെദൈവമല്ലാത്ത സകലത്തിൽ നിന്ന് അകറ്റി നിറുത്തേണ്ടിയിരിക്കുന്നു. പ്രാർത്ഥനയിൽ ഇപ്രകാരം ചൊല്ലുന്നുണ്ടല്ലോ. ''ദൈവമേ നിന്നിൽ നിന്ന് എന്നെ അകറ്റുന്ന സകലത്തിൽ നിന്നു എന്നെ രക്ഷിച്ചുകൊള്ളേണമേ''. ഒരു വിശുദ്ധൻ സ്നേഹത്തെ നിർവ്വചിക്കുന്നത് ഇങ്ങനെയാണ്. ''ദൈവത്തെ പ്രതി ദൈവമല്ലാത്ത സകലത്തിൽ നിന്നു അകലുന്നതാണ് സ്നേഹം''.

ഭക്താത്മാക്കൾ പലരും പല വിധത്തിൽ ആണ് ഈ ദൈവീക കൂട്ടായ്മയിലുള്ള വളർച്ച പ്രാപിക്കുന്നത്. പക്ഷി വർഗ്ഗത്തിൽ കോഴി കുറച്ചു മാത്രം പറക്കുന്നു, കഴുകനാകട്ടെ ആകാശത്തിൽ വളരെ ഉയർന്നു പറക്കുന്നു, ഒട്ടക പക്ഷിയാകട്ടെ അല്പം പോലും പറക്കുന്നില്ല. ഇതേപോലെ പലരും പല നിലകളിൽ ഈ ദൈവൈക്യത്തിൽ അഥവ ഫെലോഷിപ്പിൽ നിലകൊളളുന്നു. യേശുവിനെഅഥവാ ദൈവത്തെ നമ്മുടെ സൃഷ്ടാവായി, രക്ഷകനായി, കർത്താവായി, മണവാളനായി ആത്മാവ് ഗ്രഹിക്കുന്നതും, ബന്ധം സ്ഥാപിക്കുന്നതും എല്ലാം ഈ ബന്ധത്തിന്റെ പല തലങ്ങളാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം, ആടും ഇടയനും തമ്മിലുള്ള ബന്ധം, വരനും വധുവും തമ്മിലുള്ള ബന്ധം, മുന്തിരി വള്ളിയും ചില്ലകളും തമ്മിലുള്ള ബന്ധം. ഇതേപോലുള്ള അനേക ബന്ധങ്ങളെ വിവരിച്ചു കൊണ്ട് വി. വേദം ദൈവീക കൂട്ടായ്മയുടെ മഹനീയ ഫലങ്ങളെ നമുക്ക് വെളിപ്പെടുത്തിത്തരുന്നു.

## V. നിത്യമായ-ശാശ്വതമായ ദൈവീക സഖിത്വം

2 കൊരി: 5-10 അദ്ധ്യായം ഒന്നു മുതൽ 10 വരെയുള്ള വാക്യങ്ങളിലൂടെ വി. പൗലോസ് ശ്ലീഹാ മരണാനന്തരം താൻ ക്രിസ്തുവിൽ അനുഭവിപ്പാൻ പോകുന്ന ഈ ശ്രേഷ്ഠദൈവീക സഖിത്വത്തെപ്പറ്റി പ്രതിപാദിക്കുന്നു. ശരീരം വിട്ടുപിരിഞ്ഞ് എപ്പോഴും ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്ന ദൈവീക കൂട്ടായ്മയെ ശ്ലീഹാ ഇവിടെ സ്പഷ്ടമാക്കുന്നു. അതിനെ താൻ വാഞ്ചിക്കുന്നതായും ശ്ലീഹാ എഴുതുന്നുണ്ട്. വി. മാമോദീസായിൽ ക്രിസ്തുവിൽ വീണ്ടും ജനിക്കുകയും ക്രിസ്തുവിൽ വസിച്ച് വളർന്ന് ക്രിസ്തുവിൽ മരിക്കുകയും ചെയ്ത ഏതൊരു ദൈവപൈതലിനും ഈ പറുദീസാനുഭവം ലഭിക്കുന്നു (വി. ലൂക്കോ: 23:43).

നിത്യതയിൽ അനുഭവിപ്പാൻ പോകുന്ന നിത്യമായ ആ ദൈവീക സഖിത്വത്തെക്കുറിച്ച് വെളിപാട് പുസ്തകത്തിൽ ഇങ്ങനെ വെളിപ്പെടുത്തുന്നു.

''ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല, ഇനി ദുഃഖവും, മുറവിളിയും, കഷ്ടതയുംഉ ണ്ടാകയില്ല.ഒ ന്നാമത്തേതുക ഴിഞ്ഞു പോയി സിംഹാസനത്തിൽ ഇരിക്കുന്നവൻ ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്നരുളിചെയ്തു'' (വെളി: 21:3-4).

## VI. ഈ ദൈവീക സത്യത്തിലേക്ക് ദൈവം നമ്മേ ക്ഷണിക്കുന്നു.

''ഈശ്വരാന്വേഷണമാണ് മനുഷ്യജീവിതം. ഇതിൽ വിജയിക്കാത്ത പക്ഷം മറ്റു വിജയങ്ങൾക്കൊന്നും അർത്ഥമില്ല'' എന്ന് വിനോബാജി പറകയുണ്ടായി. മനുഷ്യന് ശാശ്വതമായ സന്തോഷവും സമാധാനവും നൽകാനായി ദൈവം മനുഷ്യനെസൃഷ്ടിച്ചു. അതിനുവേണ്ടി ദൈവത്തോട് സംസർഗ്ഗം ചെയ്യാനാവുന്ന വിധം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെസൃഷ്ടിച്ചു.

ദൈവത്തിൽ നിന്ന് മനുഷ്യൻ വേർപെട്ടു പോയപ്പോൾ അഥവ വീണു പോയപ്പോൾ ദൈവത്തിനിത്യൈകപുത്രൻമ നുഷ്യാവതാരംചെയ്ത് ദൈവ സഖിത്വത്തിലേക്ക് അവനെ തിരികെ കൊണ്ടുവരാൻ കഷ്ടതയും കുരിശു മരണവും വരിച്ചു.

നമ്മേക്കൊണ്ട് തനിച്ച് സാദ്ധ്യമല്ലാത്ത മഹോന്നതമായ ദിവ്യ ജീവിതം നമ്മിൽ സാധിപ്പിച്ചു തരുന്നതിനു വേണ്ടി പരിശുദ്ധാത്മാവിനെനമുക്കയച്ചു തന്നു.

ഇപ്പോൾ നിത്യമായ സ്നേഹത്താൽ ദൈവം നമ്മേ സ്നേഹിക്കുന്നു. നമ്മുടെ ഹൃദയം ദൈവത്തിന്റെ സ്നേഹാഗ്നിയിൽ ആർദ്രമാകാൻ ക്രൂശിന്മേൽ വെളിപ്പെടുത്തിയ സ്നേഹത്തെ വീക്ഷിച്ച് ധ്യാനിക്കണം.

ധൂർത്തപുത്രന്റെ തിരിച്ചുവരവിന് കാത്തിരിക്കുന്ന ആ പിതൃസ്നേഹത്താൽ ദൈവം ഏവരേയും തന്റെ സഖിത്വത്തിലേക്കുള്ള മടങ്ങി വരവിന്നായി ക്ഷമയോടെ കാത്തിരിക്കുന്നു.

ദൈവമേ അങ്ങയോടുള്ള സ്നേഹത്തിൽ ആഴമായി വളരാനും ആ കൂട്ടായ്മയിൽ വളർന്നു വരാനും ഞങ്ങളെ അനുഗ്രഹിക്കേണമേ.

ദൈവതിരുനാമം ഉപരി മഹത്വപ്പെടട്ടെ


PORTFOLIO
GRAPHIC DESIGNING
WEDDING PHOTOGRAPHY
KIDS PORTFOLIO
MODELING PHOTOGRAPHY
FASHION PHOTOGRAPHY
INDUSTRIAL PHOTOGRAPHY
PASSPORT SIZE PHOTO
krishnapriya HD DIGITAL STUDIO
St:Thomas Building,First floor,Near Malekuris Church,Pallikkara
krishnapriyastudio@gmail.com
Mob:+91 9947172144, 9746625364

# ജീവിതം ഈ വിധം..



**അരുൺ ഐസക്ക്**
കിഴക്കേ പുത്തൻ പുരയിൽ

**ജീ**വിതം എന്നത് ആഴമേറിയ സമുദ്രത്തിലെ എണ്ണപ്പെടാനാവാത്ത തിരമാലകൾ പോലെയാണ്. ചിലപ്പോൾ അത് കരയെ ശാന്തമായി തഴുകിക്കൊണ്ടിരിക്കും. മറ്റു ചിലപ്പോൾ അത് കലുഷിത ഭാവത്താൽ ആർത്തിരമ്പിക്കൊണ്ട് കരയിലുള്ള പലതിന്റെയും ശിഥിലതയ്ക്ക് കാരണമായി ഭവിക്കും. അതുപോലെ, ജീവിതവും ചിലപ്പോൾ സുഖങ്ങളും സന്തോഷവും തന്ന് ശാന്തമായി കടന്നുപോകും. മറ്റു ചിലപ്പോൾ അസന്തുഷ്ടിയും വേദനകളും സമ്മാനിച്ച് മനസ്സിന്റെ സ്വസ്ഥത കെടുത്തിക്കൊണ്ടിരിക്കും. ഇത് കുബേര-കുചേല ഭേദമെന്യെ എല്ലാവരിലും സംഭവിക്കുന്നതാണ്. എന്നാൽ, ജീവിതത്തിൽ പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അത്യധികം വേദനയിലാഴ്ന്നും, മുറുകെ പിടിക്കേണ്ടതായ ദൈവവിശ്വാസത്തെ കൈവിട്ടും കളയുന്നവരാണ് നമ്മിൽ പലരും. സുഖമെന്നതും ദുഃഖമെന്നതും ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെന്നും തിരിച്ചറിയുന്നവർ വളരെ വിരളം.

വി. വേദപുസ്തകത്തിൽ ഉൽപത്തി 22-ാം അദ്ധ്യായം പരിശോധിക്കുമ്പോൾ നമുക്ക് കാണാം, വിശ്വാസികളുടെ പിതാവായ അബ്രാഹാം വർഷങ്ങളോളം സന്താനസൗഭാഗ്യം ലഭിക്കാതെ തന്റെ വാർദ്ധക്യകാലത്ത് ദൈവം തനിക്കായി നൽകിയ ഇസഹാക്കിനെ ബലി കഴിക്കാൻ ദൈവത്തിൽനിന്നുള്ള കൽപ്പന അനുസരിച്ച് അവനെയും കൂട്ടി ബലിവസ്തുവുമായി യാത്ര തുടരുന്നു. യാത്ര വേളയിൽ ഇസഹാക്ക് അബ്രാഹാമിനോട്, "അപ്പാ തീയും വിറകുമുണ്ട്. എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?" എന്നു ചോദിക്കുന്നു. അബ്രാഹാമിന്റെ അപ്പോഴുള്ള മറുപടി വളരെ പ്രസക്തമാണ്. "ദൈവം തനിക്ക് ഹോമയാഗത്തിനു ഒരു ആട്ടിൻ കുട്ടിയെ നോക്കിക്കൊള്ളും മകനേ". ഇതായിരുന്നു അബ്രാഹാമിന്റെ മറുപടി. ഒരു പക്ഷേ, വേണമെങ്കിൽ അബ്രാഹാമിന് അവനോടു പറയാമായിരുന്നു അവനെ ബലികഴിക്കാനാണ് ദൈവം കൽപ്പിച്ചിരിക്കുന്നതെന്ന്. യഹോവ ഭക്തനും, അപ്പനമ്മമാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവനുമാകയാൽഇ സഹാക്ക്പ ൂർണ്ണമ നസ്സോടെഅ തിന് തയ്യാറാവുകയും ചെയ്യുമായിരുന്നു. എന്നാൽ അബ്രാഹാമിന് ഒരു വിശ്വാസം ഉണ്ടായിരുന്നു. സർവ്വശക്തനായ ദൈവം തന്നെയും തന്റെ മകനെയും കരുതിക്കൊള്ളും എന്ന വിശ്വാസം. ആ വിശ്വാസമാണ് ഇസഹാക്കിനെ ബലിയിൽനിന്നും വീണ്ടെടുത്തതും, "വിശ്വാസികളുടെ പിതാവ്" എന്ന നാമധേയത്തിൽ അബ്രാഹാം ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമായതും. പ്രതിസന്ധികളിൽ തളർന്നുപോകാതെ ദൈവത്തിലുറച്ച് ജീവിക്കാൻ അബ്രാഹാമിന്റെ വിശ്വാസം നമുക്ക് മാതൃകയാണ്.

വീണ്ടും വി. വേദപുസ്തകം പരിശോധിക്കുമ്പോൾ ഇതുപോലെ അനേകം പിതാക്കന്മാരുടെ വിശ്വാസ തീവ്രതയും അവരുടെ പ്രതിസന്ധികളിൽ അവരോടു കൂടെ നിന്ന ദൈവീക സ്നേഹത്തിന്റെ ആഴവും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഏതാനും നാളുകൾക്ക് മുൻപ് ഒരു മാഗസീനിൽ വായിക്കാനിടയായ കഥ ഇപ്രകാരമാണ്. ലോകമെങ്ങും ഭീകരാന്തരീക്ഷം സൃഷ്ടിച്ച ലോകമഹായുദ്ധങ്ങളിലൊന്നു നടക്കുന്ന ഒരു രാത്രി സമയം. ശത്രുസൈന്യത്തിൽനിന്നും ഒരു പിതാവും മകളും ഓടിയൊളിക്കാൻ ശ്രമിക്കുന്നു. എല്ലായിടത്തും ഭീകരത തളംകെട്ടി നിൽക്കുന്നു. ശത്രു സൈന്യം ഏതു നേരവും അവരെ പിടികൂടാം എന്ന അവസ്ഥ. ഓടിയലഞ്ഞ് ഒടുവിൽ അവർ ഒരു ഇരുൾ നിറഞ്ഞ ഗർത്തത്തിനു മുന്നിലെത്തിച്ചേർന്നു. പിതാവ് പെട്ടെന്നു തന്നെ ആ ഗർത്തത്തിലേക്ക് എടുത്തുചാടി. എന്നിട്ട് തന്റെ മകളോട് "മകളേ, നീ താഴോട്ട് ചാടുക. ഞാൻ നിന്നെ താങ്ങിക്കൊള്ളാം" എന്ന് പറഞ്ഞു. അപ്പോൾ മകൾ, "അപ്പാ, എനിക്ക് അപ്പനെ കാണാൻ കഴിയുന്നില്ല. മുഴുവൻ ഇരുട്ട് മാത്രമാണ് ഞാൻ കാണുന്നത്. ഞാൻ എന്തു ചെയ്യേണ്ടു?" എന്നു ചോദിച്ചു. ഇതിനു മറുപടിയായി പിതാവ് "മകളേ, എനിക്ക് നിന്നെ കാണാം. നീ ധൈര്യമായി താഴേക്ക് ചാടിക്കൊൾക. എന്റെ കരങ്ങളിൽ നീ സുരക്ഷിതയായിരിക്കും" എന്നു പറയുകയും അപ്പന്റെ വാക്കുകൾ വിശ്വസിച്ച് അവൾ ആ ഇരുൾ നിറഞ്ഞ ഗർത്തത്തിലേക്ക് ചാടി ശത്രു സൈന്യത്തിൽ നിന്ന് അവർ രക്ഷപെടുകയും ചെയ്തു.

കഥയിൽ അപ്പൻ മകളെ വിളിക്കുന്നതുപോലെ ആ തൃക്കരങ്ങളിൽ നമ്മെ സുരക്ഷിതരായി ചേർത്തണയ്ക്കാൻ നമ്മുടെ പിതാവായ ദൈവവും നമ്മെ വിളിക്കുന്നു. കാരുണ്യവാനായ പിതാവിന്റെ ദിവ്യസാന്നിദ്ധ്യം നമ്മുടെ നഗ്നനേത്രങ്ങൾക്ക് അഗോചരമാണെങ്കിലും ഏതൊരു പ്രതിസന്ധി ഘട്ടത്തിലും നാം തളർന്നുപോകാതെ, ദൈവം നമ്മെ കരുതിക്കൊള്ളും എന്ന ഉറച്ച വിശ്വാസവും അകമഴിഞ്ഞ പ്രാർത്ഥനയും നമുക്കുണ്ടെങ്കിൽ ആ തൃക്കരങ്ങളിൽ നമ്മെ താങ്ങുന്ന ദിവ്യസ്നേഹം തീർച്ചയായും നമുക്ക് അനുഭവിച്ചറിയാൻ സാധിക്കും.

പറയിപെറ്റ പന്തിരു കുലത്തിലെ ശ്രദ്ധേയമായ കഥാപാത്രമാണ് സമൂഹം മുഴുവൻ ഭ്രാന്തനെന്നു മുദ്രകുത്തപ്പെട്ട നാറാണത്ത്. ഭാരമേറിയ കല്ല് കഷ്ടപ്പെട്ട് ഉരുട്ടി ഉയരമേറിയ മലയുടെ മുകളിലേക്ക് തള്ളിക്കയറ്റി അത് താഴോട്ട് ഉരുട്ടിയിട്ട് സന്തോഷം കണ്ടെത്തുന്ന അദ്ദേഹത്തിന്റെ പതിവു വിനോദം വെറും ഭ്രാന്തത്തരം എന്നു തോന്നിയേക്കാം. എന്നാൽ ആ പ്രവൃത്തിയിലൂടെ അദ്ദേഹം ജീവിതത്തിന്റെ വേലിയേറ്റിറക്കങ്ങളെക്കുറിച്ച് സമൂഹത്തിന് ബോദ്ധ്യം വരുത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഏതൊരു കയറ്റത്തിനും ഒരു ഇറക്കവുമുണ്ടെന്നുള്ള പഴമൊഴി അന്വർത്ഥമാക്കും വിധം.

പ്രതിസന്ധിഘട്ടങ്ങളിൽ ദൈവത്തിൽ ആശ്രയം വയ്ക്കുന്നവർക്ക് 'ഹാഗാർ മരുഭൂമിയിൽ വച്ച് കണ്ട നീരുറവ' (ഉൽപ്പത്തി 21:17-21) പോലെയാണ് ദൈവകൃപ ചൊരിയപ്പെടുന്നത്. ഇയ്യോബ് കുപ്പയിൽനിന്നും, ദാനിയേൽ സിംഹക്കുഴിയുടെ ഉള്ളിൽനിന്നും, മൂന്നു പൈതങ്ങൾ അഗ്നിച്ചൂളയുടെ ഉള്ളിൽനിന്നും ദൈവത്തെ വിളിച്ചപ്പോൾ ദൈവം അവരെ രക്ഷിച്ചു. അതുപോലെ യോനയും യായീറോസും മാർത്തയും-മറിയവും കുരുടനും കുഷ്ഠരോഗിയും എല്ലാം തങ്ങളുടെ നിസ്സഹായാവസ്ഥയിൽ ദൈവത്തെ വിളിക്കുകയും ആശ്വാസം കണ്ടെത്തുകയും ചെയ്തവരാണ്. നമ്മുടെ സകല കഷ്ടതകളിലും പ്രതിസന്ധിവേളകളിലും നമ്മെ കാത്ത് പരിപാലിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ തൃക്കരങ്ങളിൽ വിശ്വാസം അർപ്പിച്ചും, "പകൽ അസ്തമിച്ചാലും ലോകം ഇരുട്ടിലാവില്ല, വെളിച്ചം തെളിക്കാൻ ഒരു കൊച്ചു നക്ഷത്രമെങ്കിലും ഉദിക്കും" എന്ന പ്രപഞ്ചസത്യത്തെ നമ്മുടെ വിശ്വാസത്തോട് ചേർത്തണച്ചും, ജീവിതത്തിന്റെ ഉയർച്ച താഴ്ച്ചകളെ സമചിത്തതയോടെ ഉൾക്കൊണ്ടും കൊണ്ട് ദൈവവിശ്വാസത്തിലധിഷ്ഠിതമായ ജീവിതം നയിക്കാൻ നമുക്ക് കഴിയട്ടെ.....

ഏവർക്കും പെരുന്നാൾ ആശംസകൾ....



## ഇടവക ജനങ്ങൾക്ക് ആത്മീയ പ്രവർത്തനങ്ങളുടെ മാർഗ്ഗദീപമായി

# സെന്റ് മേരീസ് യൂത്ത് അസ്സോസിയേഷൻ

**ത്രിയേക ദൈവത്തിന് സ്തുതി,**

ദൈവമാതാവായ വി. കന്യകമറിയാമിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ കത്തീഡ്രലിലെ യൂത്ത് അസ്സോസ്സിയേഷൻ യുവതലമുറയുടെ ആത്മീയ വളർച്ചയ്ക്കും അതുവഴി ഇടവകയുടേയും, സഭയുടേയും, സമൂഹത്തിന്റെയും വളർച്ചയും, ആരാധന, പഠനം, സേവനം, സുവിശേഷ പ്രഘോഷണം, വിശ്വാസ സംരക്ഷണം എന്നീ പ്രധാനലക്ഷ്യങ്ങളെയും മുൻനിർത്തി ഇടവകയ്ക്കും സമൂഹത്തിനും മാതൃകയായി നിലകൊള്ളുന്നു. നിന്റെ യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെഓർത്തുകൊൾക (സഭാപ്രസംഗി 12:1) എന്ന വേദഭാഗത്തിൽ നിന്ന് ഈ പ്രസ്ഥാനം പ്രചോദനം ഉൾക്കൊണ്ട് മുറിവുണക്കുന്ന സുവിശേഷ സന്ദേശവുമായി വേർപാടിന്റേയും രോഗത്തിന്റേയും മറ്റും ഫലമായി മുറിവേറ്റവരുടെ ഇടയിലേക്ക് കടന്ന് ചെന്ന് ആശ്വാസവചനമോതി അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും, ജീവകാരുണ്യപ്രവർത്തനങ്ങളും ഇതര സുവിശേഷ വേലകളും നടത്തുക വഴി പള്ളിക്കര സെന്റ് മേരീസ് യൂത്ത് അസ്സോസ്സിയേഷൻ ഇടവകയുടെ സുവിശേഷീകരണം എന്ന മുഖ്യലക്ഷ്യത്തിനുവേണ്ടി കർത്തൃവയലിൽ എളിയ രീതിയിൽ വേല ചെയ്യുന്നു.

യൂത്ത് അസ്സോസ്സിയേഷന്റെ വാർഷീക പൊതുയോഗം 2012 -ാം ആണ്ട് ജനുവരി മാസം 22-ാം തീയതി കത്തീഡ്രലിൽ വച്ച് നടത്തപ്പെടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. കൂടാതെ തുടർന്നു നടന്ന കുടുംബയൂണിറ്റ് യോഗങ്ങളിൽ വച്ച് ഓരോ യൂണിറ്റിൽ നിന്നും 2 പ്രവർത്തക സമിതി അംഗങ്ങളെ വീതം തിരഞ്ഞെടുക്കുകയും ചെയ്തു.

**<u>പ്രധാനപ്രവർത്തനങ്ങൾ</u>**

- ★ **എല്ലാ മാസത്തിലേയും രണ്ടാം ശനിയാഴ്ച മലേക്കുരിശ് പളളിയിൽ വച്ച് ധ്യാനയോഗവും വിവിധ പ്രാർത്ഥനാ വിഷയങ്ങൾ ഉൾക്കൊളളിച്ചു കൊണ്ടുളള പ്രത്യേക പ്രാർത്ഥനയും നടത്തിവരുന്നു.**
- ★ **മലങ്കര സഭയിലെ വലിയ കൺവെൻഷനുകളിലൊന്നായ പളളിക്കര കൺവെൻഷൻ തുടർച്ചയായി 20 വർഷം ഡിസംബർ 1 മുതൽ 5 വരെ യൂത്ത് അസ്സോസ്സിയേഷന്റെ നേതൃത്വത്തിലും കത്തീഡ്രൽ ഭരണസമിതിയുടെ മേൽനോട്ടത്തിലും മറ്റു ഭക്ത സംഘടനകളുടേയും ഇടവക ജനങ്ങളുടേയും സഹകരണത്തോടുകൂടിയും വളരെ അനുഗ്രഹീതമായി നടത്തിവരുന്നു.**
- ★ **യൂത്ത് അസ്സോസ്സിയേഷന്റെ ചാരിറ്റി ബോക്സിൽ നിന്നും ലഭിക്കുന്ന തുക ജാതിമതഭേദമന്യേ സാധുസംരക്ഷണ പ്രവർത്തനങ്ങൾക്കായിഉപയോഗിച്ചു വരുന്നു. കൂടാതെ അനാഥാലയങ്ങൾ സന്ദർശിക്കുകയും അവിടുത്തെ മക്കൾക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.**



**എൻ.പി. തോമസ്**
(സെക്രട്ടറി, സെന്റ് മേരീസ് യൂത്ത് അസ്സോസിയേഷൻ)

- ★ **വലിയ നോമ്പ് കാലഘട്ടങ്ങളിൽ ഓമല്ലൂർ, പരുമല, മണർകാട് എന്നീ പുണ്യദേവാലയങ്ങളിലേക്ക് തീർത്ഥയാത്ര സംഘടിപ്പിച്ച് വരുന്നു.**
- ★ **ഇടവകയുടെ മുഖപത്രമായ സ്നേഹദീപം കത്തീഡ്രലിലേയും മലേക്കുരിശുപളളിയിലേയും വലിയ പെരുന്നാളുകളോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചു വരുന്നു.**
- ★ **ഇടവക മക്കൾക്ക് വായനയിലൂടെ ആത്മീകവും ഭൗതീകവുമായ അറിവുകളും അനുഭവങ്ങളും പകർന്നു നൽകുന്നതിനുതകുന്ന അനേകം പുസ്തകങ്ങളടങ്ങിയ ഒരു ലൈബ്രറി എല്ലാ ഞായറാഴ്ചകളിലും നമ്മുടെ കത്തീഡ്രലിൽ പ്രവർത്തിച്ചു വരുന്നു.**

കൂടാതെ ഇടവക മക്കളുടെ നവോത്ഥാനത്തിനും, ഉന്നമനത്തിനും ആവശ്യമായ ക്ലാസ്സുകളും, ധ്യാനങ്ങളും യൂത്ത് അസ്സോസ്സിയേഷന്റെ നേതൃത്വത്തിൽ ക്രമീകരിച്ചുപോരുന്നു.

യൂത്ത് അസ്സോസ്സിയേഷന്റെ ഇതുപോലെയുളള പ്രവർത്തനങ്ങൾക്ക് വേണ്ടതായ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ഞങ്ങൾക്ക് താങ്ങും തണലുമായി നിലകൊളളുകയും ചെയ്യുന്ന സഭയിലെ ശ്രേഷ്ഠ ആചാര്യന്മാരോടും ഇടവക വികാരിമാരോടും മറ്റു വൈദീകരോടും കത്തീഡ്രൽ ഭരണസമിതിയോടും ഭക്ത സംഘടനാ പ്രവർത്തകരോടും ഇടവക ജനങ്ങളോടും കൂടാതെ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തീക സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന മാന്യ വ്യക്തികളോടും പ്രസ്ഥാനങ്ങളോടുമുളള നന്ദിയും സ്നേഹവും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

*ഏവർക്കും സെന്റ് മേരീസ് യൂത്ത് അസ്സോസ്സിയേഷന്റെ പെരുന്നാൾ ആശംസകൾ....*

*With Best compliments from......*

# ST. MARY'S STORES

**MORAKKALA, OPP. ST. MARY'S CATHEDRAL**
**Ph: 9746102626, 9746864990**



പള്ളി ഉപകരണങ്ങൾ,
മുത്തുക്കുട, കാപ്പാസെറ്റ്,
ഫോട്ടോകൾ, ധൂപക്കുറ്റി,
കാസാ സെറ്റ്, മെഴുകുതിരികൾ,
വണ്ടിപ്പായ മുതലായവ
മിതമായ നിരക്കിൽ
ലഭിക്കുന്നു.

Proprietor : **Yacob C.P., Chomikkara**



# കത്തീഡ്രലിന്റെ അഭിമാനമായ നമ്മുടെ കുടുംബ യൂണിറ്റുകൾ

# 7-ാം വർഷത്തിലേക്ക്



**എം. കെ. വർഗീസ്**
ചീഫ് കോ-ഓർഡിനേറ്റർ

നമ്മുടെ കുടുംബയൂണിറ്റുകളുടെ പ്രവർത്തനം തുടങ്ങിയിട്ട് ഇപ്പോൾ ഏഴാമത് വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. തിര ക്കേറിയതും വ്യക്തിബന്ധങ്ങൾ നഷ്ടപ്പെടുന്ന തുമായ ഈ കാലഘട്ടത്തിൽ നമ്മുടെ ഈ കൂട്ടായ്മ മുഖാന്തിരം കുടുംബങ്ങൾ തമ്മിലുള്ള ബന്ധം നിലനിർത്തുന്നതിന് നമുക്ക് സാധിച്ചു.

യേശുക്രിസ്തുവിന്റെ മനുഷ്യവതാര കാലയ ളവിൽ പത്ത് ഭവനങ്ങളിൽ മാത്രമാണ് താൻ കടന്ന് ചെന്നതായിട്ട് വി: വേദപുസ്തകം സാക്ഷ്യപ്പെടുത്തു ന്നുള്ളു.

1. പത്രോസിന്റെ ഭവനം (വി. മത്തായി 8:14),
2. ചുങ്കക്കാരൻ മത്തായിയുടെ ഭവനം (വി. മത്തായി 9:10, ലൂക്കോസ് 5:29),
3. കുഷ്ഠരോഗിയായ ശീമോന്റെ ഭവനം (വി. മർക്കോസ് 14:3),
4. ഒരു പരീശന്റെ ഭവനം (വി. ലൂക്കോസ് 7:36),
5. പരീശ പ്രമാണിയുടെ ഭവനം (വി. ലൂക്കോസ് 14:1),
6. സക്കായിയുടെ ഭവനം (വി. ലൂക്കോസ് 19:5-6),
7. കാനാവിലെ ഭവനം (വി. യോഹന്നാൻ 2:2),
8. മർക്കോസിന്റെ മാളിക (വി. ലൂക്കോസ് 22:12),
9. ലാസറിന്റെ ഭവനം (വി. ലൂക്കോസ് 10:38),
10. എമ്മവൂസിലെ ഭവനം (വി. ലൂക്കോസ് 24:29)

എന്നാൽ നമ്മുടെ ഈ കുടുംബയൂണിറ്റ് യോഗം മുഖാന്തിരം സ്വർഗ്ഗത്തിൽ നിന്ന് ദൈവം നമ്മുടെ ഓരോരുത്തരുടേയും ഭവനത്തിലേക്ക് കടന്ന് വരുന്ന തിനുള്ള ഭാഗ്യമാണ് ലഭിച്ചിരിക്കുന്നത്. മ്ശിഹാ തമ്പു രാൻ നമുക്ക് തന്നിരിക്കുന്ന വാഗ്ദാനം അനുസരിച്ച് രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി യാലും അവരുടെ മദ്ധ്യേ ഞാൻ ഉണ്ടാകുമെന്നാണ ല്ലോ. ആ ഉറപ്പ് തരുന്ന ദൈവത്തിന്റെ സജീവ സാന്നിദ്ധ്യം മൂലം നമ്മുടെ കുടുംബയൂണിറ്റുകൾ ഇനിയും വളർന്ന് പന്തലിക്കട്ടെ.

1150 ഇടവകക്കാരുള്ള നമ്മുടെ കത്തീഡ്രലിൽ നാളിതുവരെ 1940 യോഗങ്ങൾ നടത്തുവാൻ സാധി ച്ചു. ഈ കുടുംബ യൂണിറ്റുകളെ ഇത്രത്തോളമാക്കിയ വന്ദ്യ വൈദീക ശ്രേഷ്ഠർ, ചീഫ് കോ-ഓർഡിനേ റ്റർമാർ, ട്രസ്റ്റിമാർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, കുടുംബ യൂണിറ്റ് ഭാരവാഹികൾ, ഭക്ത സംഘടനാ ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവരോട് ഇത്ത രുണത്തിൽ നന്ദി പ്രകാശിപ്പിക്കുന്നു. ഈ ദൈവീക കൂട്ടായ്മയിൽ എല്ലാവരും തുടർന്നും സഹകരിക്കണ മെന്ന് അപേക്ഷിക്കുന്നതോടൊപ്പം പുതിയതായി തെരഞ്ഞെടുത്ത കുടുംബ യൂണിറ്റ് ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

## കേന്ദ്രസമിതി

**ബഹു. വികാരിമാർ**
**ട്രസ്റ്റിമാർ**
**ചീഫ് കോ – ഓർഡിനേറ്റർ**
**ഏരിയാ കോർഡിനേറ്റേഴ്സ്**

1. സി.എ. ചാക്കപ്പൻ, ചിറപ്പുറത്ത്
2. ബേബി പോൾ, കിഴക്കേക്കുടി
3. റ്റി.പി. അബ്രഹാം, തടിയൻ
4. കെ.പി. ബേബി, കിഴക്കേക്കുടി
5. കെ.കെ. മാത്യു, കക്കാടൻ
6. അബു അബ്രഹാം ജോയ്, കുരിശിങ്കൽ
7. ജോൺസൺ അബ്രഹാം, ഐരിക്കൽ
8. എൽദോ വർഗ്ഗീസ്, എടയനാൽ
9. കെ.ഐ. തമ്പി, കാഞ്ഞിരക്കാട്ട്

## 2012 മെയ് 1 മുതൽ കുടുംബയൂണിറ്റുകളുടെ പുതുക്കിയ യോഗ തീയതികളും ചുമതലയുള്ള വൈദീകരും

**ഒന്നാം ഞായർ**
മാർബേസിൽ, വെമ്പിള്ളി - റവ. ഫാ. ബാബു വർഗ്ഗീസ്
മാർ യാക്കോബ് ബുർദ്ധാന, സിറ്റി മോറയ്ക്കാല - റവ. ഫാ. സി.പി. വർഗ്ഗീസ്
സെന്റ് ജോൺസ്, എരുമേലി - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

**ഒന്നാം തിങ്കൾ**
മാർ ഏലിയാസ്, ആഞ്ചേരിത്തുരുത്ത് - റവ. ഫാ. ബാബു വർഗ്ഗീസ്
മാർ ഗ്രീഗോറിയോസ്, നോർത്ത് വെമ്പിള്ളി - റവ. ഫാ. സി.പി. വർഗ്ഗീസ്
മാർ ഗബ്രിയേൽ, വെമ്പിള്ളി - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

**ഒന്നാം വെള്ളി**
സെന്റ് ജോർജ്ജ്, ചക്കാലമുകൾ - റവ. ഫാ. ബാബു വർഗ്ഗീസ്
മാർ ഗ്രിഗോറിയസ്, നോർത്ത് വെമ്പിളളി - റവ. ഫാ. സി.പി. വർഗ്ഗീസ്
മാർ ഗബ്രിയേൽ, വെമ്പിളളി - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

**രണ്ടാം ഞായർ**
മാർ മിഖായേൽ, പറക്കോട് - റവ. ഫാ. ബാബു വർഗ്ഗീസ്
മർത്തശ്മുനി, പീച്ചിങ്ങച്ചിറ - റവ. ഫാ. സി.പി. വർഗ്ഗീസ്
മാർ അഹത്തുള്ള, വെസ്റ്റ് മോറയ്ക്കാല - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

**രണ്ടാം തിങ്കൾ**
മാർ അപ്രേം, ചിറ്റനാട് - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

**രണ്ടാം വെള്ളി**
സെന്റ് മാത്യൂസ്, വെസ്റ്റ് മോറയ്ക്കാല - റവ. ഫാ. ബാബു വർഗ്ഗീസ്
സെന്റ് ജോസഫ്, വെമ്പിള്ളി - റവ. ഫാ. സി.പി. വർഗ്ഗീസ്
സെന്റ് പോൾസ്, കിഴക്കമ്പലം - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

**മൂന്നാം ഞായർ**
സെന്റ് ജെയിംസ്, പള്ളിക്കര - റവ. ഫാ. ബാബു വർഗ്ഗീസ്
സെന്റ് തോമസ്, ഊത്തിക്കര - റവ. ഫാ. സി.പി. വർഗ്ഗീസ്
മാർ ഇഗ്നേഷ്യസ്, ഈസ്റ്റ് മോറയ്ക്കാല - റവ. ഫാ. എൽദോസ് തേലപ്പി ള്ളിൽ

**മൂന്നാം വെള്ളി**
സെന്റ് ഫിലിപ്പ്, പെരിങ്ങാല - റവ. ഫാ. ബാബു വർഗ്ഗീസ്
മാർ ശെമവൂൻ, ചേലക്കാട്ടുമൂല - റവ. ഫാ. സി.പി. വർഗ്ഗീസ്
മൊർത്ത് യുലൂത്തി, ഈസ്റ്റ് മോറയ്ക്കാല - റവ. ഫാ. എൽദോസ് തേലപ്പി ള്ളിൽ

**നാലാം ഞായർ**
സെന്റ് ആൻഡ്രൂസ്, നോർത്ത് വെമ്പിള്ളി - റവ. ഫാ. ബാബു വർഗ്ഗീസ്
സെന്റ് പീറ്റേഴ്സ്, മോറയ്ക്കാല - റവ. ഫാ. സി.പി. വർഗ്ഗീസ്
മാർ അത്താനാസിയോസ്, പെരിങ്ങാല - റവ. ഫാ. എൽദോസ് തേല പ്പിള്ളിൽ

**നാലാം തിങ്കൾ**
മാർ ബഹനാം, എരുമേലി - റവ. ഫാ. സി.പി. വർഗ്ഗീസ്

**നാലാം വെള്ളി**
മാർ സേവേറിയോസ്, പള്ളിപരിസരം - റവ. ഫാ. ബാബു വർഗ്ഗീസ്
മാർ കൗമ, ഈസ്റ്റ് മോറയ്ക്കാല - റവ. ഫാ. സി.പി. വർഗ്ഗീസ്
മാർ ജൂലിയസ്, പെരുന്തിക്കര - റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ

# വി. മർത്ത മറിയം വനിതാ സമാജം



**Sany Alias**
സെക്രട്ടറി

**വി.** ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന വി. മർത്ത മറിയം വനിത സമാജത്തിലെ അംഗങ്ങളുടെ പ്രവർത്തനങ്ങൾ ഇടവക മക്കൾക്ക് ആത്മീയ ഉണർവിന് കാരണമായി. കത്തീഡ്രലിലെ വി. ആരാധന, ആത്മീയ ശുശ്രൂഷകൾ, സുവിശേഷ യോഗങ്ങൾ, ധ്യാനങ്ങൾ, തീർത്ഥയാത്രകൾ, പെരുന്നാൾ ആഘോഷങ്ങൾ, മറ്റാചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ സമാജാംഗങ്ങൾ സജീവമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സമൂഹത്തിൽ നിർദ്ധനരായവർക്ക് സാമ്പത്തിക സഹായങ്ങൾ, വിദ്യാഭ്യാസ സഹായം, രോഗീ സന്ദർശനം, വിലാപ ഭവനസന്ദർശനങ്ങൾ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളും ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ സമാജം വളരെ ഭംഗിയായി നടത്തിവരുന്നു. എല്ലാ ബുധനാഴ്ചകളിലും കത്തീഡ്രലിൽ നടക്കുന്ന വി. ആരാധനയിലും എല്ലാ രണ്ടാം ശനിയാഴ്ചകളിലും മലേക്കുരിശുപള്ളിയിൽ നടത്തുന്ന ധ്യാനയോഗങ്ങളിലും സമാജത്തിലെ അംഗങ്ങൾ വളരെ സജീവമായി പങ്കെടുക്കുന്നു.

വനിതാ സമാജത്തിന് എല്ലാ സഹായങ്ങളും നൽകിവരുന്ന ബഹുമാനപ്പെട്ട വൈദികരോടും കത്തീഡ്രൽ ഭരണസമിതിയോടും ട്രസ്റ്റിമാരോടും മറ്റ് ഭക്തസംഘടനാ പ്രവർത്തകരോടും ഇടവക ജനങ്ങളോടുമുള്ള സമാജത്തിന്റെ സ്നേഹാദരവുകൾ ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. എല്ലാവർക്കും വി. മർത്തമറിയം വനിതാ സമാജത്തിന്റെ പെരുന്നാൾ ആശംസകൾ.

# ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ

"**നി**ങ്ങളിൽ ഓരോരുത്തരും സ്വന്ത താൽപര്യം മാത്രമല്ല മറ്റുള്ളവരുടെ താൽപര്യം കൂടെ അന്വേഷിക്കേണ്ടതാണ്. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ'' (ഫിലിപ്പ്യർ 2:4-5). നമ്മുടെ ചുറ്റുപാടുമുള്ള ,സഹോദരങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുവാനും, അനാഥരേയും, വിധവകളേയും, സഹായം ആവശ്യമുള്ളവരേയും സഹായിക്കാൻ ദൈവം നമുക്ക് ദാനമായി തന്നിരിക്കുന്നതിൻ നിന്ന് ചെറിയ പങ്ക് മാറ്റിവയ്ക്കുമ്പോഴാണ് ക്രിസ്തീയ ജീവിതം അർത്ഥപൂർണ്ണമായി തീരുന്നത്.

2008 മുതൽ നന്മയെ ലക്ഷ്യമാക്കി നമ്മുടെ ഇടവകയിൽ നിസ്തുലമായി പ്രവർത്തിച്ചു വരുന്ന സെന്റ് മേരീസ് സാധുജനസംരക്ഷണ സമിതി 2012 ലും കൂടുതൽ ആത്മീയവും, ജീവകാരുണ്യ സാമൂഹ്യ സേവനപ്രവർത്തനങ്ങളുമായി മുന്നോട്ട് പേകുന്നു. ഇടവക ഈ പ്രസ്ഥാനത്തെ നെഞ്ചിലേറ്റി വളർത്തിയതിനെഓർത്ത് ദൈവത്തെ മഹത്വപ്പെടുത്താം. സാധുജനസംരക്ഷണ സമിതി 2012 ൽ ചെയ്യുവാൻ ആഗ്രഹിക്കുന്ന ചില പ്രവർത്തനങ്ങൾ.

- നിർദ്ധനകുടുബത്തിന് ഭവനനിർമ്മാണം.
- 15 പേർക്ക് മാസം തോറും വാർദ്ധക്യ പെൻഷൻ
- 8 പേർക്ക് മാസം തോറും വികലാംഗ പെൻഷൻ
- 25 പേർക്ക് മാസം തോറും ചികിത്സാ സഹായം
- 45 പേർക്ക് മാസം തോറും വിധവാ പെൻഷൻ
- 20 വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് മാസം തോറും സഹായം
- ഇടവകക്കാർക്കും ഇടവക പരിധിയിലുള്ള മറ്റുള്ളവർക്കും ഒറ്റത്തവണ ചികിത്സാ സഹായം
- നിർദ്ധനകുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് സഹായം
- സ്ക്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം
- 70 വയസ്സിന് മുകളിലുള്ള മാതാപിതാക്കളെ ആദരിക്കുന്ന ചടങ്ങും വിനോദയാത്രയും
- ആശുപത്രി സന്ദർശനസഹായ പദ്ധതി
- മരണാനന്തര സഹായ പദ്ധതി - സമിതിയിൽനിന്ന് പെൻഷൻ വാങ്ങുന്നവരുടെ മരണാനന്തര ചിലവുകൾക്ക് സഹായം നൽകുന്ന പദ്ധതി.
- മരണ വീടുകളിലെ പ്രാർത്ഥന- ഇടവകയിലെ മരണം സംഭവിച്ച ഭവനങ്ങളിൽ ഒരു ദിവസം സാധുജന സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ 7.30 p.m ന് സന്ധ്യാപ്രാർത്ഥനനടത്തുന്നു.
- ചാരിറ്റി ബോക്സ് വിതരണവും സമിതിയുടെ പ്രവർത്തനങ്ങളോട് സഹകരിക്കുവാൻ താൽപര്യമുള്ള ഭവനങ്ങളിൽ സമിതി ചാരിറ്റി ബോക്സ് വിതരണം ചെയ്യുന്നു.



**ബേബി വർഗീസ്**
സെക്രട്ടറി, സാധു ജനസംരക്ഷണ സമിതി

- ക്യാൻസർ, രക്തനിർണ്ണയ മെഡിക്കൽ ക്യാമ്പ്.

### <u>നിങ്ങളിൽ നിന്ന് സമിതി ആഗ്രഹിക്കുന്നത്</u>

പ്രാർത്ഥിക്കുക

പിന്തുണയും പ്രോത്സാഹനവും

സഹായം ആവശ്യമുള്ളവരെ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക.

സാധിക്കുന്നവർ സമിതിയെ സഹായിക്കുക

പൗലോസ് ശ്ലീഹാ കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു, "സന്തോഷത്തോടെ കൊടുക്കുന്നവനെദൈവം സ്നേഹിക്കുന്നു''. നിങ്ങളുടെ കുടുംബങ്ങളിലെ ആഘോഷവേളയിൽ നിങ്ങൾ ഇടവകയിലെ സാധുജനസംരക്ഷണ സമിതിയെ ഓർത്ത് അതിന്റെ പ്രവർത്തനങ്ങളെ സഹായിക്കുവാൻ മുന്നോട്ട് വരണമെന്ന് അപേക്ഷിക്കുന്നു.

### സമിതിയുടെ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെടുവാൻ

1. ശ്രീ. ബേബി വർഗീസ് (സെക്രട്ടറി) 9447182155
2. ശ്രീ. സി. കെ. ജോയി (ജോ: സെക്രട്ടറി) 9961613008
3. ശ്രീ. എൻ. പി. മാത്യു, 9961471391
4. ശ്രീ. സി. യു. ബേബി, 9447183969
5. ശ്രീ. ജോയി പോൾ, 9847091930
6. ശ്രീ. എൽദോ പോൾ, 9895572975

**Computer**
**Sales &**
**Service**



# AGAPE COMPUTERS

**KIZHAKKAMBALAM JN.**
**Near Valsan Driving School**

**Contact : 0484 - 2682975, 9656401081,**
**9037047360, 9656401085**

*With Best compliments from...*



# Elegance

*Ladies Centre*

**LADIES ITEM & GOLD PLATED ORNAMENTS**
**OFFICE STATIONARY, CHURIDAR MATERIALS**



**MORAKKALA**
**Ph : 9447916597**



# സെന്റ് മേരീസ് പ്രയർ ഫെല്ലോഷിപ്പ്



**മാത്യു ജോർജ്ജ്**
ജനറൽ സെക്രട്ടറി

**പ**രിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് സെന്റ് മേരീസ് പ്രയർ ഫെല്ലോഷിപ്പ് എന്ന പേരിൽ ഒരു ആത്മീയ സംഘടനപ്രവർത്തനമാരംഭിച്ചിരിക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനകൂട്ടായ്മ രൂപീകരണവും, പ്രവർത്തനവും ബൈബിൾ ക്ലാസ്സ്, ലഹരി വിമോചനപ്രവർത്തനങ്ങൾ എന്നിവയുമാണ് ഈ സംഘടനയുടെ പ്രവർത്തനലക്ഷ്യങ്ങൾ. വളരെ ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളാണ് ഈ സംഘടനലക്ഷ്യമിടുന്നത്. സുവിശേഷീകരണം, കുടുംബ നവീകരണം, തുടങ്ങിയ മേഖലകളെ ലക്ഷ്യമിട്ട് ഇതരസംഘടനകൾ പ്രവർത്തിക്കുമ്പോൾ പ്രവർത്തനം എത്തിച്ചേരാത്ത മേഖലകളെയാണ് പ്രയർ ഫെല്ലോഷിപ്പ് ലക്ഷ്യമിടുന്നത്. മദ്ധ്യസ്ഥ പ്രാർത്ഥനകൂട്ടായ്മ രൂപീകരണത്തിന്റെ ഭാഗമായി ഏപ്രിൽ മാസം 10-ാം തീയതി മുതൽ എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7.30 ന് കത്തീഡ്രലിൽ പ്രാർത്ഥനാ യോഗം നടത്തപ്പെട്ടു വരുന്നു.

ഇന്നത്തെ സമൂഹത്തെ, വിശിഷ്യാ യുവാക്കളെ കാർന്നു തിന്നുന്ന ലഹരി എന്ന മഹാവിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രയർ ഫെല്ലോഷിപ്പിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നായി മുന്നിൽ കാണുന്നു. ഇന്ത്യയിൽ ഏറ്റവും അധികം മദ്യം ഉപയോഗിക്കുന്നവർ കേരളീയരാണ് എന്നുള്ളതും യുവാക്കളുടെ ഇടയിൽ 60% മദ്യം ഉപയോഗിച്ചിട്ടുള്ളവർ ആണ് എന്നുള്ളതും ഭാര്യമാരെ ഉപദ്രവിക്കുന്ന ഭർത്താക്കന്മാരിൽ 85% മദ്യപാനികളാണ് എന്നുള്ളതും ഇതിന്റെ പ്രാധാന്യത്തെ വിളിച്ചറിയിക്കുന്നു. ലഹരി വിമുക്ത ഇടവകയെന്ന ആത്മീക ലക്ഷ്യത്തിലെത്താൻ നമുക്കൊരുമിച്ച് യത്നിക്കാം. ഫെല്ലോഷിപ്പിന്റെ നിയമാവലികൾക്കും, ചട്ടങ്ങൾക്കും അധീനമായി പ്രവർത്തിക്കുവാൻ താൽപര്യമിള്ള 18 വയസ്സു പൂർത്തിയായ ഇടവകാംഗങ്ങളെ ഈ ആത്മീയ സംഘടയിലേക്ക് കർത്തൃനാമത്തിൽ സ്വാഗതം ചെയ്യുന്നു.

## ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | : റവ. ഫാ. ബാബു വർഗീസ് (വികാരി) |
| വർക്കിംഗ് പ്രസിഡന്റ് | : റവ. ഫാ. സി.പി. വർഗീസ് (സഹ വികാരി) |
| വൈസ് പ്രസിഡന്റ് | : റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ (സഹ വികാരി) |
| വൈസ് പ്രസിഡന്റ് | : ശ്രീ. എ. സി. പത്രോസ്, ആഞ്ചേരിൽ |
| ജനറൽ സെക്രട്ടറി | : ശ്രീ. മാത്യു ജോർജ്ജ്, എളൂർ |
| ജോ: സെക്രട്ടറി | : ശ്രീ. എൻ .പി. ജോയി, നാരങ്ങത്തോടൻ |
| ട്രഷറർ | : ശ്രീ. സാബു വർഗീസ്, തടിയൻ |
| പ്രെയർ ഗ്രൂപ്പ് കോ-ഓർഡിനേറ്റർ | : ശ്രീ. കെ. പി. വർഗീസ്, കുടിലിൽ |

## എക്സിക്യൂട്ടീവ് കമ്മറ്റി

1. ശ്രീ. വി. ജെ. ഐസക്, ട്രസ്റ്റി, Ex-officio
2. ശ്രീ. കെ. കെ. ഏലിയാസ്, ട്രസ്റ്റി, Ex-officio
3. ശ്രീ. എം. കെ. വർഗീസ്, ചീഫ് കോ-ഓർഡിനേറ്റർ, Ex-officio
4. ശ്രീ. തോമസ് പീറ്റർ, ആഞ്ചേരിൽ
5 ശ്രീ. സി. എ. ചാക്കപ്പൻ, ചിറപ്പുറത്ത്
6. ശ്രീ. കെ. വി. ബെന്നി, കുറ്റിച്ചിറ
7. ശ്രീ. എം. കെ. അബ്രാഹം, മറ്റത്തിൽ
8. ശ്രീ. എം. ജെ. മത്തായി, മേങ്ങലം
9. ശ്രീ. സണ്ണി വർഗീസ്, തടിയൻ
10. ശ്രീ. കെ. പി. ബേബി, കിഴക്കേകുടി
11. ശ്രീ. എം. വി. ജോർജ്ജ്, മുടക്കാരൻ
12. ശ്രീ. അബു അബ്രാഹം ജോയി, കുരിശിങ്കൽ

# വേദപാഠം പ്രശ്നോത്തരി (ഭാഗം 20)

വി. ലൂക്കോസിന്റെ സുവിശേഷം 1 മുതൽ 10 വരെയുള്ള ആധാരമാക്കിയാണ് ഈ ഭാഗത്തെ ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ശരിയുത്തരം ജൂൺ 30 ന് മുമ്പായി എഡിറ്ററെ ഏൽപ്പിക്കണം. ശരിയുത്തരം നൽകുന്നവരിൽ നിന്നും വിജയിയെ തിരഞ്ഞെടുക്കുന്നതാണ്.

(വി. പൗലോസിന്റെ സന്തത സഹചാരിയും സഹപ്രവർത്തകനുമായിരുന്നു സുവിശേഷകനായ വി. ലൂക്കോസ്. വൈദ്യനും ചിത്രകാരനുമായിരുന്നു. സുവിശേഷം എഴുതിയ നാലുപേരിൽ വി. ലൂക്കോസ് മാത്രമാണ് പുറജാതിയിൽനിന്നും ക്രിസ്ത്യാനിയായ ആൾ. എ.ഡി. 70 നോടടുത്ത് ഇത് എഴുതപ്പെട്ടു എന്നും കരുതുന്നു. യേശുക്രിസ്തുവിലുള്ള രക്ഷ സർവ്വ ലൗകികമാണെന്ന് സുവിശേഷകൻ സമർത്ഥിക്കുന്നു.)

**തയ്യാറാക്കിയത്:**



**പി. എസ്. തോമസ്**
M.Tech & MBA

1. ശ്രീമാനായ തെയോഫിലോസെ, എന്ന സംബോധനയോടുകൂടിയാണ് വി. ലൂക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്. സമാനരീതിയിൽ ആരംഭിച്ചിരിക്കുന്ന ഇതര പുതിയ നിയമ ഗ്രന്ഥം?
2. ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കുന്നവൻ?
3. വി. ദൈവമാതാവിനെ"എന്റെ കർത്താവിന്റെ മാതാവ് എന്ന് ആദ്യമായി സംബോധന ചെയ്തത് ആര്?
4. ഇസ്രായേലിന് വെളിപ്പെടുംവരെ യോഹന്നാൻ എവിടെയായിരുന്നു?
5. പൂർണ്ണ ഗർഭിണിയായിരുന്നിട്ടും, മറിയയേയുംകൊണ്ട് യൗസേഫ് ബേത്‌ലഹേമിലേക്ക് പോയി കാരണം?
6. നീതിമാനും ഇസ്രയേലിന്റെ ആശ്വാസത്തിനുമായി കാത്തിരുന്നവൻ?
7. "നീ സകല ജാതികളുടെയും മുൻപിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷ" എന്ന ശിമ്യോന്റെ വെളിപ്പെടുത്തൽ യേശുക്രിസ്തു മുഖാന്തിരമുള്ള രക്ഷയുടെ സാർവ്വത്രികതയെയാണ് കാണിക്കുന്നത്. (ശരിയോ, തെറ്റോ)
8. യേശുവിന്റെ വാക്കുകൾ കേൾവിക്കാരിൽ വിസ്മയം ഉളവാക്കി. കാരണം?
9. അഴിമതിക്കും കൈക്കൂലിക്കും എതിരെയുള്ള ഒരു വേദഭാഗം?
10. യേശുവിന്റെ പിതാവായ യൗസേഫിന്റെ പിതാവ്?
11. വി. ലൂക്കോസിന്റെ വംശാവലിയുടെ പ്രത്യേകത എന്ത്?
12. മരുഭൂമിയിലെ ഉപവാസത്തിനും പിശാചിന്റെ പരീക്ഷയ്ക്കും ശേഷം യേശു ഗലീലയിലേക്ക് മടങ്ങിയതും എപ്രകാരം?
13. "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്ത് നിവൃത്തി വന്നു."കർത്താവ് വായിച്ച പുസ്തകം ഏത്?
14. കർത്താവിനെഅനുഗമിച്ച ചുങ്കക്കാരൻ?
15. ഇസ്രായേലിൽകൂടി കാണാത്ത വിശ്വാസം ആരുടേത്?

### പ്രശ്നോത്തരി ഭാഗം 19 ന്റെ ഉത്തരങ്ങൾ

1. യെശയ്യ പ്രവചനം 2. അശുദ്ധാത്മാവ് ബാധിച്ച മനുഷ്യൻ 3. അവരുടെ ഹൃദയകാഠിന്യം നിമിത്തം 4. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ 5. ദൈവവചനം 6. അവനിൽനിന്നും പുറപ്പെടുന്നത് 7. ന്യായ ശാസ്ത്രി 8. തിരഞ്ഞെടുത്ത പുത്രന്മാർ 9. പിതാവിന് 10. ശതാധിപൻ 11. പ. പത്രോസ് ത്രീതിയൻ പാത്രിയർക്കീസ് ബാവ 12. വി. മൂറോൻ 13. അഹത്തുള്ള ബാവ 14. തൂയോബയ്ക്ക് മുൻപായി 15. മാർ കുറിലോസ്

### (കഴിഞ്ഞ ഭാഗം ശരിയുത്തരങ്ങൾ അയച്ചവർ)

*1. മിന്റു പി. കുര്യാക്കോസ്, പാപ്പാറ (വിജയി) 2.ജോമോൾ ജോൺ, സെന്റ് മേരീസ് സൺഡേസ്കൂൾ , മോറയ്ക്കാല*
*3. തോമസ് കുര്യാക്കോസ്, മാർ അഹത്തുള്ള ഫാമിലി യൂണിറ്റ് 4.ലിസി കുര്യാക്കോസ്, മൂന്നുപടിക്കൽ, മോറയ്ക്കാല*
*5. ചിഞ്ചു കുര്യാക്കോസ്, കോലഞ്ചേരി*

St. Mary's Youth Association Web Site
"St. Mary's Youth Voice"

PALLIKKARA
ST. MARY'S YOUTH ASSOCIATION

Please visit. . . .

www. st. mary'syouthvoice.co.cc

# സെന്റ്മേരീസ് കത്തീഡ്രൽ മാനേജിംഗ് കമ്മിറ്റി

## വികാരിമാർ


റവ. ഫാ. സി.പി. വർഗ്ഗീസ്


റവ. ഫാ. ബാബു വർഗ്ഗീസ്


റവ. എൽദോസ് തേലപ്പിള്ളിൽ

### 2012 ലെ ട്രസ്റ്റിമാർ


ശ്രീ. വി.ജെ. ഐസ്സക്


ശ്രീ. കെ.കെ. ഏലിയാസ്

### 2013 ലെ ട്രസ്റ്റിമാർ


ശ്രീ. പി.കെ. തോമസ്


ശ്രീ. ജേക്കബ് ജോൺ

**സെന്റ് മേരീസ് സ്കൂൾ മാനേജർ**


ശ്രീ. വർഗ്ഗീസ് കുര്യൻ

**സെന്റ് മേരീസ് സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ**


ശ്രീ. കെ.വി. ജേക്കബ്

**മലേക്കുരിശു പള്ളി പെരുന്നാൾ ജനറൽ കൺവീനർ**


ശ്രീ. എ.എം. പൗലോസ്

### സെന്റ് മേരീസ് കത്തീഡ്രൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ വികാരിമാരോടൊപ്പം



# സെന്റ് മേരീസ് യൂത്ത് അസ്സോസിയേഷൻ പ്രവർത്തക സമിതി വികാരിമാരോടൊപ്പം



## സെന്റ്മേരീസ് സ്റ്റുഡന്റ്സ് മൂവ്മെന്റ് ഭാരവാഹികൾ



റവ. ഫാ. ബാബു വർഗ്ഗീസ്
പ്രസിഡന്റ്



റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ
വർക്കിംഗ് പ്രസിഡന്റ്



ശ്രീ. അജിത്ത് എസ്. പനയ്ക്കൽ
വൈസ് പ്രസിഡന്റ്



ശ്രീ. അഖിൽ ഷാജു
സെക്രട്ടറി



ശ്രീ. ബോബി കുര്യാക്കോസ്
ജോ. സെക്രട്ടറി



ശ്രീ. ജോജി കെ. ജോയ്
ജോ. സെക്രട്ടറി



ശ്രീ. ജോർഡിൻ കെ. ജോയ്
ട്രഷറർ

## സെന്റ്മേരീസ് സ്റ്റുഡന്റ്സ് മൂവ്മെന്റ് പ്രവർത്തക സമിതി വികാരിമാരോടൊപ്പം



## സെന്റ്മേരീസ് കത്തീഡ്രൽ ഗായകസംഘം വികാരിമാരോടൊപ്പം



## മർത്തമറിയം വനിതാ സമാജം ഭാരവാഹികൾ 2012



റവ. ഫാ. ബാബു വർഗ്ഗീസ്
പ്രസിഡന്റ്



റവ. ഫാ. സി.പി. വർഗ്ഗീസ്
വർക്കിംഗ് പ്രസിഡന്റ്



ശ്രീമതി അന്നമ്മ യോഹന്നാൻ
വൈസ് പ്രസിഡന്റ്



ശ്രീമതി സാനി ഏലിയാസ്
സെക്രട്ടറി



ശ്രീമതി സ്റ്റെല്ല എൽദോ
ജോ. സെക്രട്ടറി



ശ്രീമതി നീന ഷാജി
ട്രഷറർ

## വനിതാ സമാജം പ്രവർത്തക സമിതി വികാരിമാരോടൊപ്പം



# അനുമോദനങ്ങൾ



യൂത്ത് അസ്സോസിയേഷന്റെ അങ്കമാലി ഭദ്രാസന വർക്കിംഗ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട മുൻ സെന്റ്മേരീസ് യൂത്ത് അസ്സോസിയേഷൻ സെക്രട്ടറി കിഴക്കേ പുത്തൻപുരയിൽ **ശ്രീ. ജിബു ഐസക്കിന്** സ്നേഹദീപത്തിന്റെ അനുമോദനങ്ങൾ

നമ്മുടെ കത്തീഡ്രൽ സൺഡേ സ്ക്കൂൾ അദ്ധ്യാപകനായി 30 വർഷം സേവനം പൂർത്തിയാക്കിയ മുടക്കാലയിൽ **ശ്രീ. എം. വി. ജോർജ്ജിനെ** നമ്മുടെ കത്തീഡ്രലിൽ വച്ചു നടന്ന ഭക്തസംഘടനകളുടെ വാർഷിക പൊതുയോഗത്തിൽ അനുമോദിച്ചു. സ്നേഹദീപത്തിന്റെ അനുമോദനങ്ങൾ





3 മണിക്കൂർ കൊണ്ട് 84 തരം കറികൾ ഉണ്ടാക്കി സംസ്ഥാനതല സ്ക്കൂൾ യുവജനോൽസവത്തിൽ എ ഗ്രേഡ് കരസ്ഥമാക്കിയ നമ്മുടെ ഇടവകാംഗവും യൂത്ത് അസോസിയേഷൻ വർക്കിംഗ് കമ്മിറ്റി അംഗവും സെന്റ് മേരീസ് സ്റ്റുഡന്റ്സ് മൂവ്മെന്റ് ജോ:സെക്രട്ടറിയുമായ **ശ്രീ. ജോജി കെ. ജോയിക്ക്** സ്നേഹദീപത്തിന്റെ അനുമോദനങ്ങൾ.

# മംഗളാശംസകൾ...



## ബിജോയ് & ഷിന്റു

കിഴക്കേക്കുടി
വെമ്പിള്ളി



## പോൾ & ജിന്റ

പറവാട്ടിൽ
തുരുത്തുശ്ശേരി



## സജി & നീതു

പാങ്കോടൻ
മോറയ്ക്കാല

# മംഗളാശംസകൾ...



**ബിനു**
**&**
**റോഷ്നി**

കൊറ്റനാടൻ
വെസ്റ്റ് മോറയ്ക്കാല



**എൽദോ**
**&**
**ജിനി**

കീരിക്കാട്ടിൽ
വെമ്പിള്ളി

**സിജോ**
**&**
**ബിജി**

പാങ്കോടൻ
E. മോറയ്ക്കാല



# മംഗളാശംസകൾ...



**എബി**
**&**
**ബിൻസി**

താന്നിക്കൽ
കിഴക്കമ്പലം

**ഷിജോ**
**&**
**ഡിൻസി**

കിഴക്കേക്കുടി
W. മോറയ്ക്കാല



1-ാം വിവാഹവാർഷികം



10-ാം വിവാഹവാർഷികം

**സാബു**
**&**
**ബീന**

പാങ്കോടൻ
കിഴക്കേ മോറയ്ക്കാല

ആശംസകളോടെ,,
അലീന, എൽദോസ്

## ഒന്നാം ജന്മദിനാശംസകൾ

### മിലൻ എൽദോ

09.02.2011

ആശംസകളോടെ...

**എൽദോ വർഗ്ഗീസ് & അനു എൽദോ**
കല്ലറക്കകുടി, ഈസ്റ്റ് മോറയ്ക്കാല





## ഒന്നാം ജന്മദിനാശംസകൾ

### എസ്തീന മരിയ എൽദോ

01.02.2012

ആശംസകളോടെ...

**എൽദോ & ലിൻമോൾ**
കല്ലിങ്കൽ, പെരിങ്ങാല

## ഒന്നാം ജന്മദിനാശംസകൾ

### എവ്‌ലിൻ എൽസ ഏലിയാസ്

**27.04.2012**

പറയൻകുടി, W. മോറയ്ക്കാല

ആശംസകളോടെ...

**ചേട്ടായിമാരും, ചേച്ചിമാരും**



## രണ്ടാം ജന്മദിനാശംസകൾ



### ഗീവർ കുര്യൻ ജോസ്

**10.01.2010**

ആർത്താറ്റ് ചെട്ടിയേരിക്കൽ, വെമ്പിള്ളി

## 10-ാം ജന്മദിനാശംസകൾ



ദിയ സൂസൻ ഷിജി

## 5-ാം ജന്മദിനാശംസകൾ



ബേസിൽ വർഗ്ഗീസ് പോൾ

വട്ടോടിതുരുത്തുമ്മൽ, എരുമേലി

# ST. MARY'S KIDS GARDEN

*Play School & Day Care*

**MORAKKALA, PALLIKKARA**

(Under the Cathedral Management)

Ph : 0484 - 2681799, 9562313431

Time
Day care : **8.00 am to 5.00 pm**
Play School : **9.00 am to 3.30 pm**



# ST. MARY'S ENGLISH MEDIUM SCHOOL

**MORAKKALA, KUMARAPURAM P.O.,** Phone : 0484 - 2685653

**L.K.G., U.K.G., I to IV ക്ലാസ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

**ഹെഡ്മാസ്റ്റർ കെ.വി. ജേക്കബ്, Phone : 8547380217**

**സ്റ്റാഫ് സെക്രട്ടറി പി.പി. ഏലിയാസ്, Phone : 9895754991**

## സ്നേഹദീപം സ്നേഹസ്മരണകൾ അർപ്പിക്കുന്നു.

"ആചാര്യേശാ, മശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യൻമാർക്കേകുക പുണ്യം, നാഥാ സ്തോത്രം"

### 8-ാം ചരമവാർഷികം



**കല്ലാപ്പാറ**
**കെ. സി. ഗീവർഗ്ഗീസ് കത്തനാർ**
മരണം : 23-05-2004



### 6-ാം ചരമവാർഷികം



**പന്തപ്ലാക്കൽ**
**പി. കെ. പൗലോസ് കത്തനാർ**
മരണം : 28-02-2006

*By Death We Posses Jesus*

# ഇവർ സ്മരണയായി

**2011 നവംബർ 1 മുതൽ 2012 ഏപ്രിൽ 30 വരെ ദൈവ സന്നിധിയിലേക്ക് വിളിക്കപ്പെട്ട ഇവരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.**

| നമ്പർ | വയസ്സ് | മരണതീയതി | പേരുകൾ |
|---|---|---|---|
| 1 | 64 | 10/11/2011 | മോറയ്ക്കാല മുട്ടത്തോടൻ കുരുവിള മകൻ പൗലോസ് |
| 2 | 61 | 23/11/2011 | വെമ്പിള്ളി നിരക്കല്ലുങ്കൽ ഔസേഫ് മകൻ പാപ്പച്ചൻ |
| 3 | 82 | 01/01/2012 | മോറയ്ക്കാല വലിയ പറമ്പിൽ തോമസ് ഭാര്യ അച്ചിയമ്മ |
| 4 | 51 | 02/01/2012 | മോറയ്ക്കാല കറുത്തേടത്ത് കുര്യാക്കോ മകൻ ബേബി |
| 5 | 80 | 10/01/2012 | ചിറ്റനാട് നാരങ്ങത്തോടൻ ചാക്കോ മകൻ പൈലി |
| 6 | 92 | 12/01/2012 | എരുമേലി പാപ്പാറ പൈലി മകൻ കുര്യാക്കോ |
| 7 | 64 | 15/01/2012 | വെമ്പിള്ളി കുറ്റിച്ചിറ വർക്കി മകൻ പൗലോസ് |
| 8 | 42 | 23/01/2012 | മോറയ്ക്കാല ഒഴക്കനാടൻ പത്രോസ് മകൻ ജോയി |
| 9 | 76 | 28/01/2012 | മോറയ്ക്കാല കൊറ്റനാടൻ പൗലോസ് ഭാര്യ ഏലിയാമ്മ |
| 10 | 86 | 29/01/2012 | എരുമേലി വട്ടോടി തുരുത്തുമ്മേൽ വർക്കി മകൻ പത്രോസ് |
| 11 | 78 | 03/02/2012 | പള്ളിക്കര കിഴക്കേകുടി വർക്കി ഭാര്യ ഏലമ്മ |
| 12 | 56 | 23/02/2012 | കിഴക്കമ്പലം വാര്യമ്പുറം പൈലി മകൻ അബ്രാഹം |
| 13 | 84 | 29/02/2012 | മോറയ്ക്കാല പാപ്പാറ യോഹന്നാൻ ഭാര്യ മറിയാമ്മ |
| 14 | 58 | 20/03/2012 | കിഴക്കമ്പലം വാര്യമ്പുറം തോമസ് മകൻ തമ്പി |
| 15 | 89 | 23/03/2012 | പുന്നോർകോട് നമ്മണാരിൽ ചാക്കോ മകൻ വർഗീസ് |
| 16 | 80 | 24/03/2012 | കിഴക്കമ്പലം ആഞ്ഞിലിമൂട്ടിൽ പൈലി മകൻ പൈലി |
| 17 | 90 | 27/03/2012 | മോറയ്ക്കാല പുളിയനാൽ പൈലി ഭാര്യ മറിയം |
| 18 | 78 | 02/04/2012 | ചിറ്റനാട് മഠത്തിക്കുടി വർക്കി മകൻ മർക്കോസ് |
| 19 | 90 | 13/04/2012 | വെമ്പിള്ളി പാണ്ടിയപ്പിള്ളി മാത്യു മകൻ കുര്യാക്കോ |
| 20 | 94 | 18/04/2012 | വെമ്പിള്ളി കുറ്റിച്ചിറ വർക്കി ഭാര്യ ഏലി |
| 21 | 88 | 19/04/2012 | വെമ്പിള്ളി മാന്നുള്ളിൽ ചാക്കോ മകൻ വർഗീസ് |
| 22 | 68 | 19/04/2012 | മോറയ്ക്കാല പറയൻകുടി പത്രോസ് മകൻ മാത്യു |
| 23 | 56 | 25/04/2012 | മോറയ്ക്കാല പനയ്ക്കൽ ജോയി പോൾ |

# പാവനസ്മരണയ്ക്ക്....

## ഒന്നാം ചരമ വാർഷികം



## കുര്യാക്കോസ് സി.യു.

ആർത്താറ്റ് ചെട്ടിയേരിക്കൽ
വെമ്പിള്ളി

## അന്നമ്മ വർക്കി

പേഴുംകാട്ടിൽ
വെമ്പിള്ളി

*Death : 18.09.2011*





## പൈലി കുര്യാക്കോസ്

പാലംകുറ്റ
പെരിങ്ങാല

*Death : 24.08.2007*

# പാവനസ്മരണക്ക്....



## ഫെബിൻ ജോസ്

എടാട്ടുമൂലയിൽ

*Death : 02.03.2010*

ഒരിയ്ക്കലും മരിക്കാത്ത ഓർമ്മകളുമായി.....
**അപ്പ, അമ്മ, ഏട്ട, അപ്പച്ചൻ**

"He gave Thee
He took Thee
He will restore Thee"

## തോമസ് തോമസ്

വലിയ പറമ്പിൽ, മോറയ്ക്കാല

*Death : 24.04.2009*





## മറിയാമ്മ യോഹന്നാൻ



പാപ്പാറ, W. മോറയ്ക്കാല

*Death : 28.02.2012*

# പാവനസ്മരണക്ക്....





I[st] Death Anniversary

## SHIBU KURIAKOSE

Parappurathu, Peringala

by sorrowing family...







**പൈലി കുര്യാക്കോ**

**ഏലിയാമ്മ കുര്യാക്കോ**

കോയിക്കര പാപ്പാറയിൽ, എരുമേലി

# വാർത്തകൾ വിശേഷങ്ങൾ

## കണിയാംപറമ്പിൽ അച്ചന് ആർച്ച് കോർഎപ്പിസ്കോപ്പ സ്ഥാനവും സെന്റ് ഇഗ്നേഷ്യസ് മെഡലും



മലങ്കര മൽപാനും യാക്കോബായ സുറിയാനി സഭ വൈദീക ട്രസ്റ്റിയുമായ ഡോ. കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പയ്ക്ക് സഭയിലെ ഏറ്റവും സമുന്നത ബഹുമതിയായ സെന്റ് ഇഗ്നേഷ്യസ് മെഡലും ആർച്ച് കോർഎപ്പിസ്കോപ്പ സ്ഥാനവും പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ നൽകി. ആർച്ച് കോർഎപ്പിസ്കോപ്പ സ്ഥാനം ലഭിക്കുന്ന ആകമാനസുറിയാനി സഭയിലെ ആദ്യത്തെ വൈദികനാണ് കുര്യൻ കോർഎപ്പിസ്കോപ്പ.

സ്ഥാനചിഹ്നമായ വടി, സ്ലീബാ, സ്ലീബ ആലേഖനം ചെയ്ത മുടിതൊപ്പി, കുരിശും മാലയും എന്നിവ ശ്രേഷ്ഠ ബാവ നൽകി. കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പയ്ക്കു മാത്രമെ ഇതിനുമുമ്പ് മലങ്കരയിൽ പ്രത്യേക വടിയും മുടിതൊപ്പിയും നൽകിയിട്ടുള്ളൂ. സെന്റ് ഇഗ്നേഷ്യസ് മെഡൽ നേടുന്ന ആദ്യ കോർഎപ്പിസ്കോപ്പയാണ് വന്ദ്യ കണിയാമ്പറമ്പിലച്ചൻ. മലങ്കരയിൽ നിന്ന് ഡോ. ഡി. ബാബു പോൾ ഈ ബഹുമതി ലഭിച്ച ഏക അത്മായക്കാരനാണ്.

## വിദ്യാർത്ഥികൾക്കായി വെള്ളിയാഴ്ചകളിൽ മദ്ധ്യാഹ്ന ധ്യാനം

സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ പുതിയ അദ്ധ്യയനവർഷം മുതൽ എല്ലാ വെള്ളിയാഴ്ചകളിലും കത്തീഡ്രലിൽ വിദ്യാർത്ഥികൾക്കായി മദ്ധ്യഹ്ന പ്രാർത്ഥനനടത്തപ്പെടുന്നു. സമയം 12.45 മുതൽ 1.15 വരെയാണ്.

## തീർത്ഥാടനകേന്ദ്രമായ മലേകുരിശ് പള്ളിയിൽ പ്രാർത്ഥനാ ധ്യാനം

എല്ലാ ശനിയാഴ്ചകളിലും മലേക്കുരിശ് പള്ളിയിൽ വി. കുർബ്ബാനാനന്തരം പ്രാർത്ഥനാ യോഗം നടത്തപ്പെടുന്നു. വിശ്വാസികൾ എഴുതി നൽകുന്ന വിവിധ പ്രാർത്ഥനാ വിഷയങ്ങൾ വൈദീകരുടെ നേതൃത്വത്തിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

## തീർത്ഥാടനകേന്ദ്രമായ മലേക്കുരിശ് പള്ളിയിൽ ധ്യാനയോഗം

എല്ലാ രണ്ടാം ശനിയാഴ്ചകളിലും മലേക്കുരിശ് പള്ളിയിൽ ധ്യാനയോഗവും വിവിധ പ്രാർത്ഥനാ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക പ്രാർത്ഥനയും നടത്തിവരുന്നു.

**പങ്കുചേരുക.... അനുഗ്രഹം പ്രാപിക്കുക....**

## ചൊവ്വാഴ്ചകളിൽ പ്രാർത്ഥനാ കൂട്ടായ്മ

സെന്റ് മേരീസ് പ്രെയർ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും കത്തീഡ്രലിൽ സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം പ്രാർത്ഥനാ കൂട്ടായ്മ നടത്തപ്പെടുന്നു. ചൊവ്വാഴ്ച വൈകുന്നേരവും ബുധനാഴ്ച വി. കുർബ്ബാനാനന്തരവും പ്രാർത്ഥനാ വിഷയങ്ങളും, കുടുംബ പ്രശ്നങ്ങളും വൈദീകരുമായി ആശയ വിനിമയം നടത്താവുന്നതാണ്.

## സിൽവർ ജൂബിലി ലൈബ്രറി

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ പള്ളിയിൽ പ്രവർത്തിച്ചുവരുന്ന ലൈബ്രറിയിൽ അംഗങ്ങൾ ആകുവാൻ ആഗ്രഹിക്കുന്നവർക്ക് ഇപ്പോൾ അവസരമുണ്ടായിരിക്കും. ഒരു വർഷത്തേയ്ക്ക് താൽക്കാലിക അംഗത്വ ഫീസ് 10 രൂപയും ആയുഷ്ക്കാല അംഗത്വ ഫീസ് 100 രൂപയുമാണ്. ബൈബിൾ സംബന്ധമായതും മറ്റ് സാംസ്ക്കാരികപരമായതുമായ വിലപ്പെട്ട പുസ്തകങ്ങളുടെ ശേഖരം നമ്മുടെ ലൈബ്രറിയിലുണ്ട്.

# വാർത്തകൾ വിശേഷങ്ങൾ

## പള്ളിക്കര സെന്റ് മേരീസ് കത്തീഡ്രലിൽ പ. ദൈവമാതാവിന്റെ പെരുന്നാൾ



**പ.** ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ പള്ളിക്കര സെന്റ് മേരീസ് കത്തീഡ്രലിൽ എല്ലാ ബുധനാഴ്ചകളിലും പ. ദൈവമാതാവിന്റെ പെരുന്നാൾ ദിനമായി കൊണ്ടാടുന്നു. അന്നേദിവസം നടക്കുന്ന വി. കുർബ്ബാനയിൽ രോഗികൾക്കും മറ്റ് പ്രത്യേക വിഷയങ്ങൾ സമർപ്പിക്കുന്നവർക്കും വേണ്ടി പ്രാർത്ഥനകൾ നടത്തുന്നു. രാവിലെ 6.30 ന് പ്രഭാത നമസ്ക്കാരത്തെ തുടർന്ന് 7.15 ന് വി. കുർബ്ബാനആരംഭിക്കുന്നു. 8.30 ന് നേർച്ചയോടുകൂടി പെരുന്നാൾ ചടങ്ങുകൾ സമാപിക്കുന്നു. ബുധനാഴ്ചകളിൽ നേർച്ച വഴിപാടായി കഴിക്കുന്നവർ മുൻകൂട്ടി ഓഫീസിൽ പേര് നൽകേണ്ടതാണ്. നിരവധി ആളുകൾ എല്ലാ ബുധനാഴ്ചകളിലും കത്തീഡ്രലിൽ വി. കുർബ്ബാനയിൽ സംബന്ധിച്ച് വി.മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് അനുഗ്രഹം പ്രാപിച്ചു വരുന്നു.

## J.S.V.B.S സമാപിച്ചു




ഈ വർഷത്തെ J.S.V.B.S 09/04/2012 രാവിലെ 9.30 ന് ബഹു: വികാരി റവ.ഫാ. ബാബു വർഗീസ് ഉദ്ഘാടനം ചെയ്തു. M.J.S.S.A.പെരുമ്പാവൂർ മേഖലാ സെക്രട്ടറി എൽബി വർഗീസ് ക്ലാസ്സെടുത്തു. റവ. ഫാ. സി. പി. വർഗീസ്, റവ. ഫാ. എൽദോസ് തേലപ്പിള്ളിൽ എന്നിവർ പങ്കെടുത്തു. സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർ കെ. വി. ജേക്കബ്, V.B.S.ഡയറക്ടർ റ്റി. വി. കുര്യാക്കോസ്, സണ്ണി പോൾ, ബീനജോസഫ്, ഷീല ഡെന്നി, ബേബി വർഗീസ്, ഷീല ജോയി, പുഷ്പ സണ്ണി എന്നിവർ നേതൃത്വം നൽകി.

ഈ വർഷത്തെ V.B.S.ൽ 378 കുട്ടികളും 20 അദ്ധ്യാപകരും പങ്കെടുത്തു. ബൈബിൾ ക്ലാസ്സുകളും, സംഗീതക്ലാസ്സുകളും കൂടാതെ കൊച്ചി വിമാനത്താവളം, ചാലക്കുടി സെന്റ് മേരീസ് ഫൊറോനചർച്ച് മ്യൂസിയം എന്നീ സ്ഥലങ്ങളിലേക്ക് വിനോദയാത്രയും നടത്തപ്പെട്ടു. ഒരാഴ്ചക്കാലം സന്തോഷപ്രദമായ V.B.S.ൽ പങ്കെടുത്ത എല്ലാ കുട്ടികളെയും അവരെ പഠിപ്പിച്ച അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

# വാർത്തകൾ വിശേഷങ്ങൾ

## *100 മേനിയുടെ തിളക്കത്തിൽ*
## സെന്റ് മേരീസ് മോറയ്ക്കാല











ഈ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായി 4-ാം വർഷവും മോറയ്ക്കാല സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ 100% വിജയം കരസ്ഥമാക്കുകയുണ്ടായി. മികച്ച വിജയം കൈവരിച്ച എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ ആശ കുഞ്ഞുമോൻ, ആര്യ രാജൻ, അഖില സാബു, അച്ചു വർഗീസ്, അബ്ദുൾ റസാഖ്, സഫീത നാസ്മിൻ, റിയ ജോയി, നൈമ യൂസഫ്, എമിലി സി. ജോർജ്, എന്നീ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്കും പ്രധാനഅധ്യാപിക, അധ്യാപകർ അനധ്യാപകർ എന്നിവർക്കും സ്നേഹദീപത്തിന്റെ അനുമോദനങ്ങൾ.



പെരിങ്ങാല പാലംകുറ്റമൂല കുരിശിൻതൊട്ടിയുടെ ശിലാസ്ഥാപന കർമ്മം ബഹു. ഫാ. ബാബു വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

ജീവചരിത്രം

# വി. ഗീവറുഗീസ് സഹദ



സഹദാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം രക്തസാക്ഷി എന്നാണ്. ആദിമ നൂറ്റാണ്ടുക ളിൽ സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി പോരാടിയ അനേകർ രക്തസാക്ഷികളായി തീർന്നിട്ടു ണ്ട്. അതിൽ പ്രഥമ ഗണനീയനാണ് വി. ഗീവറുഗീസ് സഹദാ.

എ.ഡി. 4-ാം നൂറ്റാണ്ടിൽ കപ്പദോക്യായിൽ ഒരു ഉന്നത കുടുംബത്തിൽ ജനിച്ചു. ദൈവാശ്രയ ത്തിൽ വളർന്നു. യൗവനാരംഭത്തിൽ ഒരു റോമൻ പട്ടാളക്കാരനായി. 20 കൊല്ലം ധീരതയോടും ശുഷ്കാ ന്തിയോടുംകൂടി തന്റെ പ്രവർത്തി ചെയ്തശേഷം സ്വന്തം നാട്ടിലേക്ക് മടങ്ങുമ്പോൾ ഒരു സംഭവം ഉണ്ടാ യി. ഒരു ഗ്രാമത്തിലെ എല്ലാവരും വെള്ളം കുടിച്ചു കൊണ്ടിരുന്നത് ഒരു മലയുടെ ഉള്ളിൽനിന്നും ഒഴുകി വരുന്ന അരുവിയിൽനിന്നുള്ള വെള്ളമായിരുന്നു. ഒരു ദുഷ്ട ജന്തു വന്ന് അരുവി അടഞ്ഞുകിടന്നു. ഗ്രാമവാ സികളെല്ലാം വെള്ളം കിട്ടാതെ വിഷമത്തിലായി. അപ്പോൾ അവിടുത്തെ രാജാവും പ്രജകളും കൂടി ഒരു തീരുമാനത്തിലെത്തി. ആഴ്ചയിലൊരുദിവസം പത്ത് പറ ഗോതമ്പും പത്ത് ആട്ടിൻകുട്ടിയെയും വേവിച്ച് വിവാഹ പ്രായമായ ഒരു കന്യകയേയും ഈ ദുഷ്ട ജന്തുവിന് കൊടുക്കും. ഇവയെ കാണുമ്പോൾ ഈ ദുഷ്ട ജന്തു ഇറങ്ങിവന്ന് കന്യകയെ നശിപ്പിച്ച് ഭക്ഷണം കഴിച്ചശേഷം വീണ്ടും അരുവി അടഞ്ഞിരി ക്കും. ഇറങ്ങിവരുന്ന അത്രയും സമയംകൊണ്ട് ഒരാ ഴ്ചത്തേക്കുള്ള വെള്ളം ഗ്രാമവാസികൾ ശേഖരിക്കും. അവസാനം രാജാവിന്റെ മകളുടെ ഊഴമെത്തി. രാജാവ് വളരെ ദുഃഖത്തോടെ തന്റെ കിരീടം ഏക മക ളുടെ ശിരസിൽവച്ച് ചുംബിച്ച് കണ്ണുനീരോടെ, മുറവി ളിയോടെ യാത്രയാക്കി. അരുവിയുടെ കരയിൽ മര ണത്തെ മുന്നിൽ കണ്ടുകൊണ്ട് വിങ്ങി വിങ്ങി കര ഞ്ഞുകൊണ്ടിരുന്നപ്പോൾ കുതിരപ്പുറത്ത് ഗീവറു ഗീസ് പട്ടാള വേഷത്തിൽ അവിടെ എത്തുകയും കാര്യങ്ങൾ ചോദിച്ചറിഞ്ഞ് പ്രാർത്ഥനയോടെ ആ ദുഷ്ട ജന്തുവിനെകൊല്ലുവാൻ ചെന്നപ്പോൾ ആ ജന്തു ക്രൂരതയോടെ വാ തുറന്നു. അപ്പോൾ ഗീവറു ഗീസ് കുതിരപ്പുറത്തിരുന്നുകൊണ്ട് കുന്തംകൊണ്ട് ആ ജന്തുവിന്റെ വായിൽ ആഞ്ഞുകുത്തുകയും വാൾകൊണ്ട് അതിനെവെട്ടിക്കൊല്ലുകയും ചെയ്തു. ഇതറിഞ്ഞ് രാജാവും പ്രജകളും ഗീവറുഗീ സിനെവളരെ സന്തോഷത്തോടെ സ്വീകരിക്കുകയും രാജാവ് തന്റെ മകളെ വിവാഹം ചെയ്തുകൊടു ക്കാനും രാജ്യത്തിന്റെ പകുതി നൽകുവാനും തയ്യാറാ യി. എങ്കിലും സഹദാ അതൊന്നും സ്വീകരിച്ചില്ല. ആ ദുഷ്ട ജന്തുവിന്റെ രൂപം ഒരു ചീങ്കണ്ണിയുടെ ദേഹം പോലെയും,ഉ ടുമ്പിന്റെ കൈകാലുകളുംന ഖവും മുതുകും, വാലും വാവലിന്റേതുപോലുള്ള ചിറകു കളും നീണ്ട വായും പല്ലുകളും കോഴിയുടേതുപോ ലുള്ള പൂവും ഉള്ളതായിരുന്നു. ശരിയായ പേര് അറി യാത്തതിനാൽ അതിനെപെരുമ്പാമ്പ് എന്നു പറയു ന്നു. ഗീവറുഗീസ് സ്വന്തം നാട്ടിൽ തിരിച്ചെത്തി. അവി ടുത്തെ രാജാവ് അവർ സേവിച്ചിരുന്ന ദൈവങ്ങളെ ആരാധിക്കുവാൻ ഗീവറുഗീസിനെനിർബന്ധിച്ചു. എന്നാൽ ജീവനുള്ള സത്യദൈവത്തെ മാത്രമെ ആരാധിക്കുകയും വന്ദിക്കുകയും സേവിക്കുകയും ചെയ്കയുള്ളു എന്ന് ഗീവറുഗീസ് ഉറപ്പിച്ച് പറയു കയും രാജാവ് ഗീവറുഗീസിനെചക്രങ്ങൾ കറങ്ങു മ്പോൾ ദേഹം മുറിയുന്ന ഒരു വണ്ടി ഉണ്ടാക്കിച്ച് അതിൽ കിടത്തുകയും ദേഹം 10 കഷണങ്ങളാക്കി മുറിക്കുകയും ആ കഷണങ്ങൾ അഗാധമായ കുഴി യിൽ ഇടുകയും ചെയ്തു. ദൈവം തന്റെ ദൂതനെഅയച്ച് ഗീവറുഗീസ് സഹദായെ ഉയർപ്പിക്കു കയും സഹദാ രാജാവിന്റെ അടുക്കൽചെന്ന് എന്റെ ദൈവം എന്നെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചു എന്ന് പറയുകയും ചെയ്തു. രാജാവ് സഹദായെ ആണി കൾ തറച്ച ചെരുപ്പ് ധരിപ്പിച്ച് കാരാഗൃഹത്തിൽ അട ച്ചു. അതിശയങ്ങൾ കണ്ട് രാജ്ഞി ഗീവറുഗീസിന്റെ ദൈവത്തിൽ വിശ്വസിച്ചു. ക്രൂദ്ധനായ രാജാവ് ഗീവറു ഗീസിനെയും രാജ്ഞിയെയും മരത്തിൽ കെട്ടി ഇരുമ്പ് ചീപ്പുകൊണ്ട് ദേഹം മുഴുവൻ കീറുവാൻ കൽപ്പിച്ചു. വേദനകൊണ്ട് പുളഞ്ഞ രാജ്ഞി എനിക്ക് മരിക്കുംമുമ്പ് സ്നാനം എൽക്കണം എന്നു പറഞ്ഞു. സഹദാ രാജ്ഞിയോട് നീ ഖേദിക്കേണ്ട, നീ നിന്റെ രക്തത്തിൽ കുളിച്ച് സ്നാനം ഏറ്റിരിക്കുന്നു എന്ന് പറഞ്ഞു. അങ്ങനെരാജ്ഞി നിത്യത പ്രാപിച്ചു. സഹ ദായെ മൂന്നു പ്രാവശ്യം കൊല്ലുകയും ദൈവം ഉയർപ്പിക്കുകയും ചെയ്തു. നാലാം പ്രാവശ്യം വാളാൽ സഹദായെ വെട്ടിക്കൊല്ലുകയും ദൈവം നാലാം പ്രാവശ്യം ഗീവറുഗീസ് സഹദായുടെ ആത്മാ വിനെഎടുക്കുകയും ചെയ്തു. പാശ്ചാത്യ രാജ്യങ്ങ ളിൽ വി. ഗീവറുഗീസിനോടുള്ള ആദരവും അദ്ദേഹ ത്തിന്റെ മദ്ധ്യസ്ഥതയിലുള്ള വിശ്വാസവും കൂടുതലാ ണ്. കേരളത്തിൽ പല ദേവാലയങ്ങളും ഈ വിശു ദ്ധന്റെ നാമത്തിലുള്ളതാണ്.

# കഥ






**വർഗീസ് പി. മാണി**
മനയത്ത്

**ഇ**ന്നത്തെ കാലത്ത് സാത്താന്റെ പ്രവർത്തനം മനുഷ്യ മക്കളുടെ ഇടയിൽ വളരെ സജീവമാണ്. ഈ സാത്താന്റെ പ്രവർത്തനത്തിൽ നിന്നും നാം രക്ഷ നേടണമെങ്കിൽ യേശു ആരാണെന്നും എന്തിനാണ് ലോകത്തിലേക്ക് വന്നതെന്നും നാം അറിഞ്ഞിരിക്കണം. അതിനായി ഞാൻ ഇതു സമർപ്പിക്കുന്നു.

ഒരിക്കൽ ജോസഫ് അപ്പച്ചന്റെയും, അന്നാമ്മ അമ്മച്ചിയുടെയും ഏക മകനായി ജോമോൻ എന്ന കുട്ടി ജീവിച്ചിരുന്നു. അവൻ ചെറുപ്പം മുതലേ എല്ലാ കാര്യങ്ങൾക്കും സമർത്ഥനായിരുന്നു. അപ്പച്ചനും അമ്മച്ചിയും ദൈവവിശ്വാസികളായതിനാൽ ജോമോൻ നല്ല ഒരു ദൈവവിശ്വാസിയായ കുട്ടിയായിരുന്നു. ഓരോ കാര്യങ്ങളിലും അവനുണ്ടായിരുന്ന സംശയങ്ങൾ അതിരറ്റതായിരുന്നു. അതിനാൽ ഒരു ദിവസം അവന്റെ മനസ്സിൽ ഒരു ചോദ്യം കയറിക്കൂടി. ആരാണ് 'സാത്താൻ' അതു കണ്ടു പിടിക്കാനുള്ള യാത്രയിൽ ജോമോൻ പല കുഴപ്പത്തിലും ചെന്നു ചാടി. അവന്റെ അപ്പച്ചൻ പറഞ്ഞു കൊടുത്ത കാര്യങ്ങൾ അനുസരിച്ച് അവനറിയാമായിരുന്നു സാത്താൻ ദൈവത്തിന് എതിരായ ശക്തിയാണെന്നും, അത് മനുഷ്യന്റെ അന്തരാത്മാവിനെനശിപ്പിച്ച് ദൈവത്തിൽ നിന്നും അകറ്റുമെന്നും. പക്ഷെ, അവന്റെ യൗവനനാളുകളിൽ ഉള്ള കൂട്ടുകെട്ടുകൾ അവനെദൈവത്തിൻ നിന്നും അകറ്റി. അവന്റെ (best friend) പ്രധാനകൂട്ടുകാരനിൽ ഒരുവനായ മനു അവന് സാത്താന്റെ മേന്മകൾ മനസ്സിലാക്കി കൊടുത്തു. മനു അവനോട് പറഞ്ഞു ദൈവം നമ്മുടെ പ്രാർത്ഥനകേട്ട് നമുക്ക് പെട്ടെന്ന് ഉത്തരം നൽകുകയില്ല. എന്നാൽ സാത്താൻ നമ്മൾ ചോദിക്കുന്നതെന്തും പെട്ടെന്ന് നൽകും. ജോമോന്റെ മനസ്സിൽ ഇതൊന്ന് പരീക്ഷിക്കാമെന്ന തോന്നലുണ്ടായി. അതിനായി അവൻ മനുവിന്റെ കൂടെ സാത്താന്റെ ആരാധനസംഘത്തിലേക്ക് പേയി. അവരുടെ ആരാധനകണ്ട് ആദ്യമൊന്നും ജോമോന് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. കാരണം അത് ദൈവാരാധനയിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. എന്നാലും മനുവിന്റെ വാക്കുകൾ ഒരു ശരം പോലെ ജോമോന്റെ മനസ്സിലേക്ക് തറച്ചു കയറി. വീണ്ടും വീണ്ടും ജോമോൻ സാത്താൻ ആരാധനയിൽ പങ്കു ചേർന്നു. ഇതുമൂലം ജോമോന്റെ ദൈവീക ജീവൻ നഷ്ടമായി.

വീട്ടിൽ അപ്പച്ചനെയും, അമ്മച്ചിയേയും അനുസരിച്ച് വളർന്നവനായ ജോമോന്റെ സ്വഭാവം തികച്ചും വ്യത്യസ്തമായി. അവർ ഇതിനെപ്പറ്റി ചോദിച്ചപ്പോൾ അവൻ വീട്ടിൽ കലഹമുണ്ടാക്കുകയും വീട്ടിൽ നിന്ന് ഇറങ്ങി പോകുകയും ചെയ്തു.

മാസങ്ങൾക്കു ശേഷം ജോമോനൊരു സാത്താൻ ആരാധനക്ക് പോകുന്ന വഴിയിൽ ഒരു യോഗസ്ഥലത്തിനു മുൻപിൽ വച്ച് വാഹനതടസ്സമുണ്ടായി. ജോമോൻ എന്തോ ശബ്ദം കേട്ട് ആ ഭാഗത്തേയ്ക്ക് കാതോർത്തു. അതൊരു പ്രസംഗമായിരുന്നു. അതിൽ നിന്നും കേട്ട "സാത്താന്റെ കരങ്ങളിൽ നിന്നും നമ്മളെ രക്ഷിക്കാൻ സ്വന്തം രക്തം ഗോഗുൽത്തായിൽ ചിന്തിയവനായ ക്രിസ്തു ദൂർത്തപുത്രന്റെ ഉപമയിൽ തന്റെ പുത്രന്റെ തിരിച്ചു വരവിനായി നോക്കി നിൽക്കുന്ന പിതാവിനെപോലെ നിന്നെ നോക്കി വേദനയോടെ നിൽക്കുന്നു". ഈ വാക്കുകൾ അവന്റെ ഹൃദയത്തിൽ തൊട്ടു. ജോമോന്റെ മനസ്സിൽ പശ്ചാത്താപത്തിൻ വിത്തുകൾ തളിർത്തു. ജോമോന്റെ അടിത്തറ ക്രിസ്തുവിൽ നിന്നുള്ളതായതിനാൽ അവൻ തന്നെക്കുറിച്ചോർത്ത് വേദനിച്ചു. അന്നത്തെ സാത്താൻ ആരാധനയ്ക്ക് പോകാതെ അവൻ ആ പ്രസംഗ വേദിയിലേക്ക് ചെന്നു. എന്നിട്ട് വേദനയോടെ ആ പ്രാസംഗികനെഅന്വോഷിച്ചു.

അത്ഭുതം എന്നു പറയട്ടെ അത് ജോമോന്റെ ഇടവക വികാരിയായ ഫാ: തോമസ് അലക്സാണ്ടറായിരുന്നു. ജോമോൻ അലക്സാണ്ടറച്ചന്റെ മുൻപിൽ മുട്ടുകുത്തി വിങ്ങി വിങ്ങി കരഞ്ഞു. അവന്റെ സങ്കടകാര്യങ്ങൾ അച്ചൻ ചോദിച്ചു. അപ്പോൾ ജോമോൻ കരഞ്ഞു കൊണ്ട് നടന്ന കാര്യങ്ങൾ എല്ലാം അച്ചനോട് പറഞ്ഞു. ഇതിനു മറുപടിയായി അച്ചൻ ജോമോനോട് പറഞ്ഞത് ഭൂമിയിൽ കാണപ്പെട്ട ദൈവമാണ് നമ്മുടെ മാതാപിതാക്കൾ. നീ തിരിച്ചു പോയി നിന്റെ അപ്പനോടും അമ്മയോടും മാപ്പു ചോദിച്ചു ക്രിസ്തുവിൽ ജീവിക്കുക. സാത്താൻ കള്ളത്തരത്തിന്റെ രാജാവാണ് അവനെത്യജിച്ച് ക്രിസ്തുവിനെനാഥനാക്കുക. അതിനായി ജീവിതത്തിൽ ഇടവിടാതെ പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുവിൻ.

അലക്സാണ്ടറച്ചന്റെ വാക്കുകൾ അനുസരിച്ച് ജോമോൻ പുതിയൊരു ജീവിതത്തിന് തുടക്കമിട്ടു.

Poem



**Mariah Mathew**
**Eloor**

## MY BEST FRIEND

Oh my dear Jesus
My dear Heavenly Father
The blessings You have showered on me
Had made miracles in my life.

I started every day of my life
With Your blessings
And that gave me a powerfull energy
To fight against all the critical situations.

Whenever I cried for a help
Whenever my heart sunk in pain
You were always beside me
To give me a helping hand.

Whenever I was thoughtless
On how to proceed the crucial circumstances
You enriched my heart
With your rejuvenating thoughts.

You helped me to face
My difficulties manfully
Bear my disappointments cheerfully
You doubled my joy and halved my sorrow.

You transformed my trials to triumphs
All my failures to great successes
Immemorable situations to memorable ones
All deadly losses to lovely gains.

You are the only one
Who patiently listens to me
The only one who can be trusted
The only one who is deeep in my heart.

കവിത



## യാചന

**മേരി കുര്യാക്കോസ്**
**ചെട്ടിയാരിക്കൽ**

മാതാവേ നീ എന്നെ ഓർക്കുകില്ലേ ?
മാറോടു ചേർത്തെന്നെ പുണരുകില്ലേ
അമ്മേ നീ എന്നെ ഒരുക്കുകില്ലേ
നിൻ കരവലയത്തിലൊതുക്കുകില്ലേ
(മാതാവേ....)

നിൻ നാമം കീർത്തിച്ചു പാടിടുവാൻ
എൻ നാവിന്നു ശക്തി നീ തന്നീടണേ
ഈണവും താളവും നൽകി
നീയെൻ നാവിന്നു മേന്മ നൽകീടണേ
(മാതാവേ....)

മാതാവേ നിന്നെ ഞാൻ തൊട്ടറിയാൻ
എന്നുള്ളിൽ വാസം ചെയ്തീടണേ
കണ്ണിനാൽ നിന്നെ കണ്ടറിയാൻ
എന്നുള്ളിൽ ജ്ഞാനം പകർന്നീടണേ.
(മാതാവേ....)

ശത്രുവിൻ കരങ്ങൾ അകന്നു പോകാൻ
എന്നും നീ തുണയായ് നിന്നീടണേ
എന്നമ്മേ നീ എന്നെ കരുതീടണേ
മാറോടു ചേർത്തെന്നെ കാത്തീടണേ
(മാതാവേ....)

കവിത

## സ്തുതി



**നിത ജോസഫ്**
ബംഗ്ലാവുപറമ്പിൽ

പ്രാർത്ഥനാ പൂക്കൾ അർപ്പിച്ചിടാം
സർവ്വേശ്വരനാം ഈശോയ്ക്കായ്....,
പുതുജീവൻ നല്കും സ്നേഹതാതാ
വന്ദനം ചൊല്ലുവാൻ യോഗ്യയോ ഞാൻ.....
ഏറ്റവും മലിനമാം കെടുതിയിൽ നിന്നെല്ലാം
ഞങ്ങളെ കാത്തൊരീ നല്ലിടയൻ,
നോമ്പ് നോറ്റ് ജീവന്റെയപ്പത്തെ
ഹൃദയത്തിൽ കൈക്കൊണ്ട നിൻ മക്കൾ-
ഞങ്ങൾ, സ്വന്തം.... അപ്പനെന്നറിഞ്ഞിട്ടും
എന്തിനോ വേണ്ടി കിടമത്സരങ്ങൾ....!
മാനവരാശിയ്ക്കായ് ജീവൻ ത്യജിച്ചൊരീ
മാതാവിൻ പുത്രനെസ്തോത്രം ചെയ്യാൻ
നല്ല ഹൃദയവും......പിഴയ്ക്കാത്ത നാവുകളും
സത്യത്തിൻ കണ്ണുകളും നന്മതൻ കരങ്ങളും
നല്കണമെ പൊന്നു തമ്പുരാനേ.......
ഇനിയുമീ വേളയിൽ നിന്നെ സ്തുതിക്കുവാൻ
അറിവിന്റെ നിറകുടം ചൊരിയേണമെ........

കഥ

# പാപത്തിന് ശിക്ഷ സുനിശ്ചിതം



**അവിൻ എൽദോ**
ഓളങ്ങാട്ട്

**ഈ** കഥയും കഥാപാത്രവും തികച്ചും സാങ്കൽപികം മാത്രം.

സാക്ഷരതയ്ക്ക് പേരു കേട്ട കേരളത്തിലെ ഒരു ഗ്രാമം. അവിടെ വർഗ്ഗീസ് എന്നു പേരുള്ള ഒരു മധ്യവയസ്കൻ. അയാൾ കല്യാണം കഴിച്ചിട്ടില്ല. എന്നാൽ ആ പ്രായത്തിൽ ചെയ്യാവുന്ന പാപങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്. അയാൾക്ക് സ്വന്തമായി ഒരു കടയുണ്ട്. ഇയാളിലേക്കാണ് എന്റെ കഥ നീങ്ങുന്നത്. അയാളുടെ സ്വഭാവം എന്താണെന്ന് അടുത്ത മൂന്ന് നാല് ഉദാഹരണങ്ങളിലൂടെ മനസ്സിലാകും.

ആ ഗ്രാമത്തിൽ യു.കെ.ജി. യിൽ പഠിക്കുന്ന രണ്ട് ഇരട്ടക്കുട്ടികൾ മരിച്ചു. ആ ഗ്രാമത്തെ മുഴുവൻ സങ്കടക്കടലിലാഴ്ത്തിയ ഒരു സംഭവമായിരുന്നു അത്. എന്നാൽ വർഗ്ഗീസിനെഅത് ഹൃദയത്തിൽ ഒന്നു സ്പർശിച്ചതു പോലുമില്ല. അയാളുടെ അപ്പോഴത്തെ പ്രകടനങ്ങളിൽ നിന്നു അത് ജനങ്ങൾക്ക് മനസ്സിലായി. ആ കുട്ടികൾ മരിച്ചതിനും അതിനു ശേഷമുള്ള ഒരാഴ്ച ആ ഗ്രാമത്തിൽ ശരിക്കും ഹർത്താൽ പോലെയായിരുന്നു. അവിടെയെല്ലാം ഒരു ശ്മശാനമൂകതയുണ്ടായിരുന്നു. എന്നാൽ വർഗ്ഗീസ് ഈ ദിവസങ്ങളിൽ തന്റെ കട തുറന്നിരുന്നു. ഇത് കണ്ട ജനങ്ങൾ അദ്ദേഹത്തിനോട് ചോദിച്ചപ്പോൾ ''മരിക്കുന്നവർ മരിക്കും എനിക്ക് അത് കണ്ട് കൊണ്ട് വെറുതെ ഇങ്ങനെഇരിക്കാൻ ഒന്നും പറ്റില്ല. ജനിച്ചാൽ ഒരു ദിവസം മരിക്കണം'' എന്നായിരുന്നു അയാളുടെ മറുപടി. വേറൊരു ഉദാഹരണം, ഒരു ദിവസം ഭിക്ഷയെടുക്കുന്ന ഒരു കുട്ടി പൊരിവെയിലത്ത് ക്ഷീണിച്ച് വർഗ്ഗീസിന്റെ കടയിൽ വെള്ളം ചോദിച്ചപ്പോൾ കാശ് ഉണ്ടെങ്കിൽ മാത്രം വെള്ളം തരാം എന്നായിരുന്നു വർഗ്ഗീസിന്റെ മറുപടി. ആ കുട്ടിയുടെ കൈയ്യിൽ കാശില്ല എന്നു പറഞ്ഞു. ആ കുട്ടിയുടെ വിഷമാവസ്ഥ കണ്ട് ജനങ്ങൾ ആ കുട്ടിയ്ക്ക് കുടിക്കാൻ വെള്ളം കൊടുത്തു. വർഗ്ഗീസിന്റെ കടയിൽ വരുന്ന ആർക്കും സാധനങ്ങൾ കടം കൊടുക്കില്ല. പട്ടിണിയാണെന്നു പറഞ്ഞാൽ പോലും അയാൾ കടം കൊടുക്കില്ല. പിന്നെയും കുറേ തെറ്റുകൾ അയാൾ ചെയ്തു. ഈ സംഭവങ്ങളെല്ലാം കഴിഞ്ഞപ്പോൾ ജനങ്ങൾ അയാളെ വെറുത്തു.

ലഹരി പദാർത്ഥങ്ങൾ നിരോധിച്ചിരുന്ന ആ ഗ്രാമത്തിൽ അയാൾ അതും വിറ്റു തുടങ്ങി. ജനങ്ങൾ അതു സമ്മതിച്ചില്ല. അവർ പോലീസിനെവിവരം അറിയിച്ചു. പോലീസ് വർഗ്ഗീസിനെഅറസ്റ്റു ചെയ്ത് തല്ലി ചതച്ചു. അയാളുടെ പ്രായത്തെ മാനിച്ച് മാത്രം പോലീസ് അയാളെ വിട്ടയച്ചു. ആ രാത്രി അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ഇനി ജനങ്ങളുടെ മുമ്പിൽ താൻ എങ്ങനെതല ഉയർത്തി നടക്കും ? അയാൾ അങ്ങനെആത്മഹത്യയുടെ വക്കിൽ എത്തി. ഒടുവിൽ അയാൾ ആത്മഹത്യ ചെയ്തു. അദ്ദേഹത്തിന്റെ മൃതദേഹം 4 ദിവസം കഴിഞ്ഞാണ് ജനങ്ങൾ കണ്ടെടുത്തത്. അപ്പോൾ അയാളെ പുഴു അരിച്ച് തീരാറായിരുന്നു. ജനങ്ങൾ വർഗ്ഗീസിനെനേരത്തെ തിരക്കാതിരുന്നത്, അയാൾ അപമാനം ഭയന്ന് എങ്ങോട്ടെങ്കിലും പോയി കാണും എന്നു കരുതിയിരുന്നു.

അങ്ങനെ വർഗ്ഗീസ് സ്വർഗ്ഗത്തിലും നരകത്തിലുമുള്ള കവാടത്തിൽ എത്തി. അയാളുടെ കൂടെ കുറേ മനുഷ്യരും ജന്തുക്കളും ഉണ്ടായിരുന്നു. ജനങ്ങളെ വേർതിരിച്ച് സ്വർഗ്ഗത്തിലേക്കും, നരകത്തിലേക്കും അയക്കാൻ പൗലോസ് ശ്ലീഹാ എത്തി. പൗലോസ് ശ്ലീഹായോട് മറ്റു മനുഷ്യരും ജന്തുക്കളും തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു; കേണപേക്ഷിച്ചു. എന്നാൽ വർഗ്ഗീസ് മാത്രം ഞാൻ ഈ ഭൂമിയിലെ ജീവിതം അവസാനിപ്പിച്ച് എത്തിയതാണ്, എനിക്ക് ഭൂമിയിൽ വേണ്ടതെല്ലാം കിട്ടിയില്ല, എന്നെ സ്വർഗ്ഗത്തിലേക്ക് അയക്കണമെന്ന് പൗലോസ് ശ്ലീഹായോട് അപേക്ഷിച്ചു. അപ്പോൾ പൗലോസ് ശ്ലീഹാ, ''ഹേ പിശാചിന്റെ സന്തതി! നീ കർമ്മം വഴിയും മരണം വഴിയും തെറ്റ് ചെയ്തിരിക്കുന്നു. നീ നിന്റെ ജീവിതത്തിൽ ചെയ്തു കൂട്ടിയത് കൊടും പാപങ്ങളല്ലേ? ഇപ്പോൾ മരണത്തിലും നീ തെറ്റു ചെയ്തിരിക്കുന്നു. ദൈവത്തിന് മാത്രമാണ് ജീവൻ തിരിച്ചെടുക്കുവാനുള്ള അധികാരം ഉള്ളത്. അതു നീ തെറ്റിച്ചു. അതുകൊണ്ട് നീ ദഹിപ്പിക്കുന്ന തീച്ചൂളയിലേക്ക് പോകൂ'' എന്നു പറഞ്ഞു.

ഈ കഥ ഇവിടെ അവസാനിക്കുന്നു. ഇതിലെ ഗുണപാഠം പാപം ചെയ്താൽ അതിനുള്ള ശിക്ഷയും ലഭിക്കും എന്നാണ്. അതുകൊണ്ട് നമ്മൾ പാപം ചെയ്യാതെ നന്മ ചെയ്യണം. എന്നാലേ നമുക്ക് ദൈവത്തിന്റെ കുഞ്ഞുങ്ങളാകാൻ സാധിക്കൂ.

Muhammed Ibrahim

Mob : 0091 9744557802
Ph : 0091 4842686001

# CAR CARE

## IMPORTED CAR ACCESSORIES
## WHOLESALE & RETAILS

എല്ലാവിധ
കാർ ആക്സസറീസ് വർക്കുകളും
ഉത്തരവാദിത്വത്തോടെ
ചെയ്തുകൊടുക്കുന്നു.



Audio System Video System, All Security System, Tufloan Coating, Interior Cleaning, Body Graphics, Cooling Film & Sticker Work, All type Numberplate, Seat Covers & All upholstery works
Body Polishing, PVC Mat, Spoiler, Show Antinas, Perfumes, Wheel Cup, Under Coating

---

Thampi A.K.
(Proprietor)

*With Best compliments from...*

Mob : 9947947565
Res : 9995790946

# MARIA ENGINEERING INDUSTRIES

Pattimattom P.O., Ernakulam Dist.







**Gate, Grill, Roof Work, Fabrication, Cast Iron Works**
**Hand Rails, Pipe & Sheet Metal & All kinds of Welding Jobs**



കവിത

ബിന്റു പി. സണ്ണി
പാങ്കോടൻ

# എൻ സ്നേഹനാഥൻ

ദർശനമേകുന്ന മ്ശിഹായേ നിൻ
അടിയങ്ങൾ തിരുമുമ്പിൽ അർപ്പിച്ചീടുമാ
സ്നേഹമാം നിൻ ദിവ്യബലികൾ
എന്നെന്നുമീ കുമ്പിൾ മിഴിനീരിനാൽ
ഇന്നിതാ യേശുവേ സ്നേഹനാഥാ.....
(ദർശന)

സർവ്വം പൊറുക്കുന്നസ്നേഹതാതാ
എന്നെന്നും എൻകൂടെ വസിച്ചീടുകിൽ (2)
നിൻ കാൽവരിയിൽ നോക്കിടും വേളയിൽ
കണ്ടു ഞാൻ നിൻ പുറം ഉഴവുചാലുപോൽ (2)
ഇന്നിതാ യേശുവേ സ്നേഹനാഥാ.....
(ദർശന)

രോഗികൾക്കെന്നെന്നും ആശ്വാസമായി
അലിവോടെ നീയെന്നും കാത്തീടുകിൽ (2)
അഖിലരൂപിയാം നിത്യ സ്വരൂപനേഞ്ഞാൻ
വാഴ്ത്തുന്നു നിൻ സ്തുത്യഗാനങ്ങളാൽ (2)
ഇന്നിതാ യേശുവേ സ്നേഹനാഥാ.....
(ദർശന) ●





കവിത

കുഞ്ഞമ്മ പൗലോസ്
പാറക്കായം

# ആത്മരാഗം

കാണായ ലോകത്തെ കാക്കുന്ന നാഥാ-
കരുണാമയനാകും കാവൽ പിതാവെ,
നിൻ പാദ പീഠത്തിൽ കാണിയ്ക്ക വയ്ക്കുന്നു
ദാനമായ് തന്നൊരെൻ ജീവിതത്തെ
സർവ്വവും നന്മയ്ക്കായ് തീരുവാനായിട്ട്
ജീവനെതന്നു നീ കാത്തിടണേ.......
ശബ്ദവും ബുദ്ധിയും നൽകി നീ ഞങ്ങൾക്ക്
ശക്തി പകർന്നതും തുണയായല്ലോ.
ദൈവഹിതങ്ങളെ പാലിച്ചിടുവാനായ്
ആത്മീയ രാഗങ്ങൾ ആലപിക്കാം
യാന്ത്രിക ജീവിത തോണി തുഴയുമ്പോൾ
ഇടറാതെ പതറാതെ മുന്നേറണം
സത്യത്തെ കാക്കുവാൻ, ധർമ്മത്തെ പാലിക്കാൻ
മൂല്യത്തിൻ മണിദീപം ഉള്ളിൽ കൊളുത്തണം
നേരിന്റെ പാതയിൽ ഞങ്ങൾ ചലിക്കുമ്പോൾ
കഷ്ട നഷ്ടങ്ങൾ എത്തിപ്പിടിച്ചിടാം
നീതിമാനായിട്ടു ജീവിക്കാൻ നോക്കുമ്പോൾ
ഏറെ പരീക്ഷകൾ വന്നു ചേരാം
വൃക്ഷങ്ങൾ കാറ്റിൽ ആടി ഉലയുമ്പോൾ
വേരുകൾ ആഴത്തിൽ ഊർന്നിറങ്ങും
ശിഖരത്തിൽ അള്ളിപ്പിടിക്കുന്ന പക്ഷികൾ
കാറ്റിനെകൂസാതെ വിജയം വരിക്കുന്നു
ഭൂമിയെ കാക്കാത്ത മാനവ ജാതികൾ
മാതാപിതാക്കളെ കൈവിടുന്നൂ....!
എവിടെയോ പറ്റിയ തെറ്റിന്റെ ഫലമായി
ഭൂമി കുലുങ്ങുന്നു - നാടു നശിക്കുന്നു
കൂട്ട മരണങ്ങൾ - കൂട്ട ദുരന്തങ്ങൾ
മാനവ ഹൃദയത്തെ കല്ലാക്കി മാറ്റി
ചൂഷണം, മോഷണം കൈവേലയാക്കിയോർ
ഉന്നതസ്ഥാനമലങ്കരിക്കും
മുകളിലിരുന്നൊരാൾ നോക്കുന്നിതൊക്കെയും
കണക്കുകൾ കൃത്യമായി ഏല്പിക്കേണം
കടലോളം സ്നേഹത്തെ കൈമുതലാക്കിയ
കാവൽ പിതാവിനെകൈവിടല്ലേ.....! ●

# നന്ദി.......

# സ്നേഹദീപം
# 11-ാം വയസ്സിലേക്ക്



**അ**നുഗ്രഹങ്ങളുടെ കലവറയും തീർത്ഥാടനകേന്ദ്രവുമായ മലേക്കുരിശ് പള്ളിയിൽ പരിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി ആഘോഷിക്കപ്പെടുകയാണ്. ഈ അവസരത്തിൽ മഹാപരിശുദ്ധന്മാരായ വി. പിതാക്കന്മാരുടെ മദ്ധ്യസ്ഥതയാൽ ദൈവത്തിൽ നിന്ന് നമുക്ക് അനുഗ്രഹങ്ങൾ പ്രാപിക്കാം. മലേക്കുരിശ് പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്നേഹദീപത്തിന്റെ ഈ താളുകൾ അവസാനിക്കുമ്പോൾ ഇതിൽ പ്രവർത്തിച്ചവരേയും സഹായിച്ചവരെയും ഓർക്കാതെ വയ്യ.

നമ്മുടെ ഇടവകയുടെ നാവായ സ്നേഹദീപം മാസിക 11–ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ 10 വർഷങ്ങളിലും യൂത്ത് അസ്സോസിയേഷന്റെ ഈ പ്രസിദ്ധീകരണത്തിന് നിങ്ങൾ നൽകിയ സഹകരണത്തിന് നന്ദി. സഭാവിശ്വാസികൾ അറിഞ്ഞിരിക്കേണ്ട വിശ്വാസ സത്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ഇടവക മക്കളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്നേഹദീപത്തിന്റെ താളുകളിൽ ഞങ്ങൾ പരിശ്രമം നടത്തിയിട്ടുണ്ട്. സ്നേഹദീപത്തിന്റെ തുടർന്നുള്ള നടത്തിപ്പിന് വേണ്ടി ഏറെ പ്രാർത്ഥനയും സഹായസഹകരണവും പ്രതീക്ഷിക്കുന്നതോടൊപ്പം എല്ലാ ഇടവകക്കാരും ഇതിന്റെ വായനക്കാരായിത്തീരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. മലേക്കുരിശ് പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഈ സ്നേഹദീപം മാസികയുടെ പ്രസിദ്ധീകരണത്തിന് വേണ്ടി ഉപദേശങ്ങൾ നൽകിയ വികാരിമാരോടും, മാനേജിംഗ് കമ്മറ്റിയോടും,സഹപ്രവർത്തകരായ യൂത്ത് അസ്സോസ്സിയേഷൻ അംഗങ്ങളോടും,ഭക്തസംഘടനാ പ്രവർത്തകരോടും, ലേഖനങ്ങൾ തന്ന് സഹായിച്ചവരോടും, കവർ ഡിസൈൻ ചെയ്തു തന്ന ഷാജി വർഗീസിനോടും, ഡി.റ്റി.പി. വർക്ക് ചെയ്ത് തന്ന പള്ളിക്കര സൺ കമ്മ്യൂണിക്കേഷനോടും, ഫൈവ് സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സിനോടും, ചെറുതും വലുതുമായ കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് കഴിഞ്ഞ 10 വർഷക്കാലമായി ഈ പ്രസിദ്ധീകരണത്തെ സഹായിച്ചുകൊണ്ടിരിക്കുന്ന ഏവരോടുമുള്ള സ്നേഹദീപത്തിന്റെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ഈ പെരുന്നാൾ ഏവർക്കും സമൃദ്ധിയും, ഐശ്വര്യവും പ്രദാനം ചെയ്യുന്നതായിരിക്കട്ടെ.

ഏവർക്കും സ്നേഹദീപത്തിന്റെ പെരുന്നാൾ ആശംസകൾ

പ്രസിദ്ധീകരണ സമിതിക്ക് വേണ്ടി

**അഖിൽ ഷാജു, ഓളങ്ങാട്ട്**
(എഡിറ്റർ)